# ജീവിത വിമർശനം

ശ്രീനാരായണ ഗുരുവിൻെറ
തത്വചിന്താസൂക്തകങ്ങളുടെ വെളിച്ചത്തിൽ.

V. K. KESAVAN,
VILAYATHU,
KANJAVELY. P. O.
PERINAD, QUILON.



VIVEKANANDA LIBRARY (P)
Founded By
VILAYATHU KRISHNAN ASAN IN 1898
VILAYATHU,
KANJAVELI (P.O.) QUILON:
KERALA INDIA.

ഗ്രന്ഥകർത്താവ്:

**കോട്ടൂക്കോയിക്കൽ വേലായുധൻ.**

VIVEKANANDA LIBRARY (P)
Founded By
VILAYATHU KRISHNAN ASAN IN 1898
VILAYATHU,
KANJAVELI (P.O.) QUILON;
KERALA INDIA.

# 'ജീവിത വിമർശനം'

V. K. KESAVAN,
VILAYATHU,
KANJAVELY, P. O,
PERINAD, QUILON.

(Malayalam)

"JEEVITHA VIMARSANAM"

Sreenarayanaguruvinte
Thathvachinthasookthakangalude Velichathil.

By: KOTOOKOYIKKAL VELAYUDHAN

First Impression — December 1975.
Copies: 1000.

Copyright:
C. V. Thrivikraman, Thazhava.

Publisher:
KOTOOKOYIKKAL VELAYUDHAN.

**Price: Rs. 3.**

Printed at:
Viswodayam, Oachira.

# ജീവിതവിമർശനം

ശ്രീനാരായണഗുരുവിൻെറ

തത്വചിന്താസൂക്തകങ്ങളുടെ വെളിച്ചത്തിൽ.

VIVEKANANDA LIBRARY (P)
Founded By
VILAYATHU KRISHNAN ASAN IN 1898
VILAYATHU,
KANJAVELI (P.O.) QUILON;
KERALA INDIA.

ഗ്രന്ഥകർത്താവ്:

കോട്ടുക്കോയിക്കൽ വേലായുധൻ.

V. K. KESAVAN,
VILAYATHU,
KANJAVELY, P. O.
PERINAD, QUILON.

പകർപ്പവകാശം:

സി. വി. ത്രിവിക്രമൻ, തഴവാ.

ഒന്നാം പതിപ്പ്. കോപ്പി: 1000.

1975.

വില 3 രൂപാ.

---

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതം.

## ഗ്രന്ഥകർത്താവിൻെറ ഇതര പ്രസിദ്ധീകരണങ്ങൾ

1. ശ്രീനാരായണഗുരുവും ശിഷ്യന്മാരും

—വിവരണഗ്രന്ഥം

2. ഗുരുദേവകൃതിയായ

കുണ്ഡലിനിപ്പാട്ടിൻെറ വ്യാഖ്യാനം

—സ്വാമി ബ്രഹ്മാനന്ദ.

3. ടി അദ്വൈതദീപിക വ്യാഖ്യാനം

—പണ്ഡിററ് കെ. കെ. പണിക്കർ.

4. ശ്രീനാരായണഗുരു—ജീവചരിത്രം

(ബൃഹത് ഗ്രന്ഥം)

5. ശ്രീനാരായണ ചരിതം—ഗാഥ

അച്ചടിയിൽ:

6. മഹാഭാരതംകഥ—ലളിത ഗദ്യത്തിൽ

കുട്ടികൾക്കായുള്ളതു്.

# ആമുഖം

1975 ജൂലൈ മാസത്തിൽ ഞാൻ കുറേ ദിവസം തിരുവനന്തപുരത്തു താമസിച്ചു ഉദര സംബന്ധമായി ചെറിയ ഒരസുഖം ഉണ്ടായി. ശരിയാണു് ഭക്ഷണ ദോഷംകൊണ്ടു അതു സംഭവിച്ചു. താമസകാലത്തു് എന്റെ മക്കളും മരുമക്കളും കൊച്ചുമക്കളും എനിക്കു ആനന്ദവർഷം നല്കി. ഞാൻ അവക്കു ആനന്ദാനുഭവ മായിരുന്നു എന്നവർ പിന്നീടെഴുതി അയച്ചു. എങ്കിലും എന്റെ അനുഭവമേ എനിക്കു പറയുവാൻ സാധിക്കു നുള്ളു.

അന്നു അവിടെവച്ചു 1973ലെ 2-ാം ലക്കം ദിവ്യ കോകിലം മാസിക കണ്ടു. ആശാൻ ജന്മശതാബ്ദി സ്മാരകമായി പ്രസിദ്ധം ചെയ്തിരുന്ന ആ മാസികയിൽ സർദാർ കെ. എം പണിക്കർ എഴുതിയ കുമാരനാശാ ന്റെ കവിതയിലെ "ജീവിത വിമർശനം" എന്ന ലേഖനം വായിക്കുവാൻ ഇടയായി. സർദാർ പണിക്കർ ആ ലേഖനം 1096 വൃശ്ചികത്തിൽ ഭാഷാപോഷിണി മാസികയിൽ പ്രസിദ്ധം ചെയ്തിരുന്നതാണു് 55 കൊല്ലം മുൻപ്—ആശാന്റെ ചരമത്തിനു മൂന്നു കൊല്ലം മുൻപു എഴുതിയതു്. ആ ലേഖനത്തിന്റെ ഒട്ടു പ്രാരംഭ ഭാഗത്തു മനുഷ്യ ജീവിതത്തെപ്പററി പ്രകാശിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളും പ്രശ്നങ്ങളും ആണു ഇങ്ങനെ "ജീവിത വിമർശനം"എന്ന ഒരു ഗ്രന്ഥം എഴുതുന്നതിനു എനിക്കു

പ്രേരണ നല്കിയതു്. പ്രസ്തുത ഭാഗം അതേവിധം അടിയിൽ ചേർക്കുന്നു. "ആശാൻെറ കവിതയുടെ പ്രത്യേക മാഹാത്മ്യം അവയിലെ തത്വ ചിന്തകളാകയാൽ അവയെ ആകമാനം ഒന്നു വിമർശനം ചെയ്യുന്നതു് ഉപയുക്തമാകുമെന്നു തോന്നുന്നു. തത്വജ്ഞാനത്തിൽ ഏററവും പ്രധാനമായ ഭാഗം ജീവിത വിമർശനമാണു്. മനുഷ്യർ എവിടെനിന്നുണ്ടായി? ഈ ലോകത്തിൽ മനുഷ്യ ജീവിതത്തെ നയിക്കുന്ന യന്ത്രം എന്താണു്? ജീവിതത്തിൻെറ പരമോദ്ദേശങ്ങൾ ഏവ? അവ എങ്ങനെയാണു സാധിക്കാവുന്നതു്? ഉത്തമ ജീവിതമാർഗ്ഗമേതു്? സുഖമായ ജീവിതമാർഗ്ഗമേതു്? സുഖമായ ജീവിതത്തിനു് അടിസ്ഥാനമെന്തു്? മരണം ജീവിതത്തിൻെറ അവസാനമോ? മരണശേഷമുള്ള അനുഭവമെന്തു്? ഇവയാണല്ലോ ലോകസൃഷ്ടിതൊട്ടു് മനുഷ്യബുദ്ധിയെ വിഷമിപ്പിച്ചിട്ടുള്ള ചോദ്യങ്ങൾ. എല്ലാവിധത്തിലുമുള്ള ജ്ഞാനവും അവസാനത്തിൽ ഈ ചോദ്യങ്ങളിൽതന്നെ വന്നെത്തുന്നു. മനുഷ്യചിന്തയുടെ നാന്ദിയും ഭരതവാക്യവും ഇവതന്നെ. ഗണിതവും പ്രകൃതിശാസ്ത്രവും രസതന്ത്രവും വ്യാകരണവും സംഗീതവും സാഹിത്യവും എല്ലാം ഈ ചോദ്യങ്ങൾക്കാണു് ഉത്തരം കണ്ടുപിടിപ്പാൻ ശ്രമിക്കുന്നതു്. വേദസംഹിതയിലെ സ്തോത്രങ്ങൾക്കും ബോസിൻെറയും ഐൻസ്റ്റെയിന്റെയും അന്വേഷണങ്ങൾക്കും പ്രമേയം ഒന്നുതന്നെ" ആശാൻെറ ഗ്രന്ഥങ്ങൾ വായിച്ചിട്ടു് സർദാറിന്റെ പ്രശ്നങ്ങൾക്കു് ഒരു ശരിയായ സമാധാനം കണ്ടെത്താൻ കഴിഞ്ഞില്ല എന്നു് അദ്ദേഹം നിരാശപ്പെടുന്നുണ്ടു്. മരണം, മരണാനന്തര

ജീവിതം ഈ സംഗതികളെക്കുറിച്ചുള്ള അഭിപ്രായം ശ്രീ. കെ.എം പണിക്കർ ഇങ്ങനെ രേഖപ്പെടുത്തുന്നു. മരണശേഷമുള്ള അവസ്ഥയെക്കുറിച്ച് അദ്ദേഹത്തിനു തീർച്ചയില്ലെന്നുള്ളതിലേക്ക് പല തെളിവുകളും കാണുന്നുണ്ട്. ഈ അവസരങ്ങളിൽ ആശാൻ സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാതെ മററു വിശ്വാസങ്ങളെ സൂചിപ്പിക്കുക മാത്രം ചെയ്യുന്നു. "ഊഹവും നിഗമവും ലാക്കാക്കി" പല തത്വങ്ങളും ആശാൻ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും അവയിൽ ഒന്നിനേയും സ്വീകരിച്ചുകാണുന്നില്ല".

എന്നാൽ അങ്ങിനെ ഒരു തത്വശാസ്ത്ര നിരൂപണത്തിന് ആശാൻ സന്ദർഭം എടുത്തോ എന്നു സംശയമാണ്. "കാവ്യം സുഗേയം" എന്ന പ്രധാന ചിന്തയോടുകൂടിയുള്ള കവിതാനിർമ്മാണ വ്യഗ്രതയിൽ ആശാൻ ഈ പ്രശ്നങ്ങൾ ഊന്നി, അഭിപ്രായവും അഭിപ്രായ വ്യത്യാസവും വരുത്തുവാൻ ഇടയുള്ള സംഗതികളിലേക്ക് തുനിഞ്ഞില്ല എന്നല്ലാതെ, ശ്രീനാരായണഗുരുവിൻെറ തത്വശാസ്ത്രം നല്ലതുപോലെ ഗ്രഹിച്ചിട്ടുള്ള ആ പണ്ഡിതനു് ആ വക തത്വചിന്തകളെ പ്രതിഫലിപ്പിക്കുവാൻ കഴിയുമായിരുന്നു എന്നാണു എനിക്കു പറയുവാനുള്ളതു്.

ഈ സംഗതി എന്നിൽ വളരെ ചലനമുണ്ടാക്കി. ഞാൻ പഠിച്ചിടത്തോളം ശ്രീനാരായണഗുരു ഈ തത്വചിന്താമാർഗ്ഗത്തിൽ വളരെ ആഴത്തിൽ നമുക്ക് ജ്ഞാനം നല്കുന്നുണ്ടെന്നു അനുഭവപ്പെടുന്ന പലതും എന്റെ ഓർമ്മയിൽ ഓടിയെത്തി. അവയെ സംഗ്രഹിച്ച് ഒരു ഗ്രന്ഥ

മാക്കി എഴുതണം എന്നുതോന്നുകയും ഇങ്ങനെ ഒരുദ്യമത്തിൽ ഏർപ്പെടുകയും ചെയ്തു. ഉത്തരം പറയേണ്ട പ്രശ്നങ്ങൾ ഒരു നോട്ടുബുക്കിൽ ആക്കി മൂന്നുനാലു പേജ് എഴുതി. അതാ അവിടെയും മുൻപു പലപ്പോഴും സംഭവിച്ചിട്ടുള്ളതുപോലെ ശ്രീ പുതുപ്പള്ളി രാഘവൻ ഒരു സുനിമിത്തം പോലെ ആഗമിക്കുന്നു. ശ്രീ. ടി. കെ. മാധവൻെറ കുറെ എഴുത്തുകൾ എൻെറ കൈവശം ഉള്ളതു് വാങ്ങുവാനായി മുൻകൂട്ടിയുള്ള അറിയിപ്പു് അനുസരിച്ചു് ശ്രീ. പുതുപ്പള്ളി രാഘവൻ എൻെറ വസതിയിൽ വന്നതാണു്. ടി. കെ. മാധവൻ അവർകൾ എനിക്കു അയച്ചിരുന്ന കത്തുകൾ, പ്രത്യേകിച്ചു വൈക്കം സത്യാഗ്രഹത്തിൻെറ കാര്യങ്ങൾ അടങ്ങുന്നവ; വൈക്കം സത്യാഗ്രഹത്തെപ്പററി തയ്യാറാക്കുന്ന ഗ്രന്ഥത്തിൽ ചേൎക്കുന്നതിനുള്ള ശ്രമം. കത്തുകൾ തിരഞ്ഞെടുത്ത കൂട്ടത്തിൽ ജീവിത വിമർശനം എഴുതിത്തുടങ്ങിയ എൻെറ നോട്ടുബുക്കു് ശ്രീ. പുതുപ്പള്ളി യാദൃശ്ചികമായി കാണുവാൻ ഇടയായി. "അല്ലാ, ഇതു ഒരു പുതിയതരം വീക്ഷണം ആണല്ലോ വളരെപ്രോത്സാഹനം അർഹിക്കുന്നു. ഇതു എഴുതി മുഴുപ്പിക്കണം" എന്നു അദ്ദേഹം ആശംസിച്ചു. പിന്നെ തുടരെ കത്തുകൾ അയച്ചു ഉത്സാഹിപ്പിച്ചുകൊണ്ടേയിരുന്നു. മിക്കവാറും ദിവസങ്ങളിൽ വെളുപ്പിനു മൂന്നുമണിക്കുശേഷം എന്തെങ്കിലും എഴുതുകയും വായിക്കുകയും ചെയ്യാറുള്ള ആ പരിശ്രമം കുറെ കാലത്തേക്കു് ഈ ഉൽകൃഷ്ട സംഗതിക്കു വിനിയോഗിച്ചു.

ആത്മോപദേശ ശതകത്തിൻെറ മൂന്നുനാലുതരം വ്യാഖ്യാനം, ദർശനമാലാ വ്യാഖ്യാനങ്ങൾ, മഹാകവി

കമാരനാശാൻെറ ഗ്രന്ഥങ്ങൾ, മററു പല തത്വശാസ്ത്ര ഗ്രന്ഥങ്ങൾ ഇങ്ങനെ പലതും എനിക്കു കൂടുതൽ അറിവു ലഭിക്കുവാൻ ഞാൻ കൈകാര്യം ചെയ്യുകയുണ്ടായി. തത്വശാസ്ത്ര വിവരണങ്ങളിൽ പ്രഫസർ ശ്രീ. ബാലകൃഷ്ണൻനായരുടെ ശതകവ്യാഖ്യാനം എനിക്കു വളരെ സഹായകമായി എന്നു തുറന്നു പറയുവാൻ സന്തോഷമുണ്ട്. പ്രഫസറോടുള്ള അഗാധമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. പണ്ഡിത മഹോപാദ്ധ്യായ പ്രഫസർ കെ. ബാലരാമപ്പണിക്കരിൽനിന്നും പലപ്പോഴായി കിട്ടിയിട്ടുള്ള അറിവുകൾ ഇതിൽ ഒക്കെയും മുഖ്യമാണെന്നുള്ളതും ഇവിടെ വിശ്വാസപൂർവ്വം രേഖപ്പെടുത്തുന്നു.

ഗുരുദേവൻെറ ദിവ്യ സ്തോത്രങ്ങൾ. തത്വജ്ഞാന ഗ്രന്ഥങ്ങൾ, ഇവ പ്രചരിപ്പിക്കുന്നതിന് ഞാൻ വളരെക്കാലമായി അതീവ ശ്രദ്ധയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. ശിവഗിരിമഠം കേന്ദ്രമാക്കി ശാരദാ സുവർണ്ണജൂബിലിസ്മാരകമായി 1963-ൽ സ്ഥാപിച്ച് എത്രയും പ്രശസ്തമായി നടത്തിവരുന്ന ശ്രീനാരായണ ധർമ്മ മീമാംസാ പരിഷത്തിൻെറ ഒരു സ്ഥിരം പ്രവർത്തകൻ എന്ന നിലയിലാണ് ഈ കൃത്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളതെന്ന് അനുസ്മരിക്കുന്നു. ഗുരുദേവൻെറ ജീവിത ചരിത്രം ആദ്യം ഗാനരൂപത്തിലും പിന്നീട് ഗദ്യഗ്രന്ഥമായും എഴുതി. മാത്രവുമല്ല, ഗുരുദേവശിഷ്യ പരമ്പരകളുടെ ഒരു സംക്ഷിപ്ത വിവരണം ഗുരുദേവ ചരിത്രത്തിനോടു ചേർത്ത് 'ഗുരുവും ശിഷ്യന്മാരും' എന്ന പേരിലും ഒരു ഗ്രന്ഥവുമെഴുതി. ആ പരിശ്രമങ്ങളെ പത്രങ്ങൾവഴിയായും കത്തുകൾ മുഖേനയും അഭിനന്ദിച്ചിരുന്ന ബഹുമാന്യ

വായനക്കാരോടുള്ള നന്ദി പ്രകാശിപ്പിക്കുന്നു. എന്നാൽ ഈ വിധ ഗ്രന്ഥങ്ങളിൽ ഗുരുദേവന്റെ തത്വജ്ഞാന മാർഗ്ഗങ്ങൾ വിശദീകരിക്കുവാനോ പ്രസ്താവിക്കുവാൻ തന്നെയോ എനിക്കു സാധിച്ചിരുന്നില്ല. ആ വക തത്വജ്ഞാനങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങൾക്ക് പല പണ്ഡിതന്മാരും വ്യാഖ്യാനം എഴുതിയിട്ടുണ്ട്. ഒരു വ്യാഖ്യാന മാർഗ്ഗത്തിൽ അർഹതയില്ലെന്ന് എനിക്കു നല്ലതുപോലെ അറിയാം. പിന്നെ എന്റെ അഭിലാഷം നിറവേറുന്നതിനുള്ള മാർഗ്ഗം ആരാഞ്ഞുകൊണ്ടിരിക്കുന്നതിനിടയ്ക്ക് ഈ ഭാഗ്യസന്ദർഭം വന്നുകൂടി. ഏററവും വലിയ കൃതകൃത്യതയോടുകൂടി ഈ മഹൽകർമ്മം നിർവ്വഹിക്കുന്നു.

വേഗംതന്നെ ഇതെഴുതി തീർത്തു. വിവരണങ്ങൾ അങ്ങു നീണ്ടുപോയി അതൊരു മുഷിപ്പൻ ആകരുതെന്ന് എനിക്കു നിർബന്ധമുണ്ടായിരുന്നു. പ്രശ്നങ്ങൾക്കെല്ലാം ശരിയായ സമാധാനം ആയോ എന്തോ. ശരിക്കുള്ള സമാധാനം ആയിട്ടില്ലായെങ്കിൽ അതു് എന്റെ പ്രാപ്തിക്കുറവുതന്നെ. ആ ഋഷീശ്വരന്റെ മൊഴികളിൽ ശരിക്കും ഉത്തരം അടങ്ങുന്നുണ്ടെന്നുള്ളതു് സംശയാതീതമായ കാര്യമാണ്. ആത്മോപദേശം ആത്മനിരൂപണമാണല്ലോ. അവ ജാഗ്രതയായി ഭക്തിപൂർവ്വം പഠിച്ച് സംശയങ്ങൾ പരിഹരിക്കാമല്ലോ. ഗുരുദേവന്റെ മഹത്‌വാക്യങ്ങൾ വിവരിച്ചതിൽ എനിക്ക് തെററുകൾ വന്നിരിക്കും. ഏതുകൊണ്ടും കൂടുതൽ പരിചിന്തനത്തിന് ഇതും ഒരു സന്ദർഭം. എന്റെ സംരംഭങ്ങളിൽ വന്നുപോയ തെററുകൾക്ക് ഞാൻ മാപ്പപേക്ഷി

ക്കുന്നു. ഗുരുദേവസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിൽ അവിടുത്തെ അനുഗ്രഹാശിസ്സുകളാണ് എനിക്ക് ശക്തി നല്കിയിട്ടുള്ളതു്. ആ അനുഗ്രഹാശിസുകളെ ശരണം പ്രാപിച്ചുകൊള്ളുന്നു.

ശ്രീ നാരായണധർമ്മസംഘം പ്രസിദ്ധം ചെയ്തു വരുന്ന 'ഗുരുദേവകൃതി' എന്ന ഗ്രന്ഥത്തിന്റെ ഇപ്പോഴത്തെ 9-ാം പതിപ്പിൽ പതിനാലെണ്ണം കൃതികൾ പുത്തനായി ചേർത്തിരിക്കുന്നു. അഞ്ച് ഗദ്യപ്രബന്ധം കൂടി ഉൾപ്പെടുന്നതും ഏറെ അനുഗ്രഹപരങ്ങളുമായ ആ കൃതികൾ നമുക്ക് ലഭിച്ചല്ലോ എന്നോക്കുമ്പോൾ ആനന്ദം കരകവിയുന്നു. വിശേഷിച്ചും ആ ഗദ്യപ്രബന്ധങ്ങൾ എത്രയോ ഏറെ ഔന്നത്യമേറുന്നവ. ഉദാഹരണത്തിനും പ്രത്യേകിച്ച് ജ്ഞാനവിതരണത്തിനുമായി ആ ഗദ്യപ്രബന്ധങ്ങൾ ഈ ഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. ശ്രീനാരായണ ധർമ്മസംഘത്തോടുള്ള ഭക്ത്യാദരപൂർവ്വമായ കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഈ ഗ്രന്ഥത്തിൽ രണ്ടു മഹാശയന്മാർ അവരുടെ ആശംസകൾ അർപ്പിച്ചുള്ള രേഖകൾ തന്ന് സഹായിച്ചിട്ടുള്ള സംഗതി അതിരററ സന്തോഷത്തോടുകൂടി രേഖപ്പെടുത്തുന്നു. ശ്രീനാരായണധർമ്മസംഘം പ്രസിഡൻറ് ബ്രഹ്മശ്രീ ബ്രഹ്മാനന്ദ സ്വാമികൾ ഗ്രന്ഥത്തിന് അവതാരിക എഴുതുക എന്ന മുഖ്യ കൃത്യമാണ് നിർവ്വഹിച്ചതു്. ചെറുതെങ്കിലും ബൃഹത്തായ ഉള്ളടക്കമുള്ള ഈ ഗ്രന്ഥത്തിന് മഹത്തരമായ ഒരു ഉപഹാര

മാണ് സ്വാമികൾ സമർപ്പിച്ചിരിക്കുന്നതു്. ഗുരുദേവ സിദ്ധാന്തങ്ങളിൽ, പ്രത്യേകിച്ച് ജ്ഞാനമാർഗ്ഗത്തിൽ സ്വാമിജി വളരെ വലിയ ഒരു നിധികുംഭമാണ്. ചിര പരിചയം കൊണ്ടു് ഞാനതു് ഉറപ്പിച്ചുതന്നെ പ്രസ്താവിക്കുകയാകുന്നു. ഗുരുദേവ കൃതികൾ പലതും വ്യാഖ്യാനം നല്കി സഹായിച്ചിട്ടുള്ള സംഗതി സ്മരിക്കുന്നു. സ്വാമിജിയുടെ ആശംസ വലിയ ഒരു സ്വത്തായി ഞാൻ മുതൽ കൂട്ടുന്നു. വിശേഷിച്ചു് ശ്രീനാരായണ ധർമ്മ സംഘം പ്രസിഡൻറിൻെറ ആശിസ്സ്.

ആശിസ്സുരൂപത്തിൽ അഭിനന്ദനം നല്കിയ മറെറാരു മഹാശയൻ വേദാന്ത പ്രൊഫസർ ശ്രീ. ജി. ബാലകൃഷ്ണൻ നായർ അവർകളാകുന്നു. അദ്വൈത വേദാന്തത്തിൽ, വിശേഷിച്ചും ഋഷിപ്രോക്തങ്ങളായ ഉപനിഷത് ഗ്രന്ഥങ്ങളിൽ പ്രൊഫസർക്കുള്ള അവഗാഢമായ അറിവു് ഇന്നു് സർവ്വ വിദിതമാണല്ലോ. എന്നാൽ ശ്രീനാരായണഗുരുവിൻെറ തത്വചിന്തകളുടെയും പ്രത്യേകിച്ച് അവിടത്തെ ഗ്രന്ഥതല്ലജങ്ങളുടെയും കാര്യത്തിൽ ശ്രീ. ബാലകൃഷ്ണൻ നായർക്കുള്ള മമതാതിരേകവും ആഗാധജ്ഞാനവും നാം അറിയേണ്ടിയിരിക്കുന്നു. ഞാൻ ആ മാർഗത്തിൽ ഒരു നല്ല ഗവേഷണം നടത്തുകയുണ്ടായി. 1962 നു് മുൻപുമുതല്ക്കേ പ്രൊഫസർ ഈ മാർഗത്തിൽ ഉന്മുഖനായതായി വിവരം കിട്ടി. പാലക്കാട്ടു് വിക്ടോറിയാ കോളേജിൽ ജോലിയായി അവിടെ താമസിച്ച കാലംമുതൽ അദ്ദേഹവുമായി സുഹൃത്ബന്ധമുള്ള മാന്യന്മാർ അക്കഥ വിസ്തരിച്ചുതന്നെ പറഞ്ഞു. അവിടെയുള്ള സുരേശ്വരാനന്ദ

സ്വാമികളുടെ വക വിജ്ഞാനരമണീയ ആശ്രമത്തിൽ നടത്താറുള്ള വേദാന്തക്ലാസ്സുകളിൽ പ്രൊഫസർ പങ്കെടുത്തുതുടങ്ങി. തൻെറ ആവഴിക്കുള്ള അതിരററ പാടവം കൊണ്ടു് തുടരെ നല്ല ക്ലാസ്സുകൾ അദ്ദേഹത്തിനു ലഭിച്ചു. ആ ക്ലാസ്സുകളിൽ ശ്രീനാരായണ ഗ്രന്ഥങ്ങളുടെ അമിത മൂല്യം വിവരിച്ചുകൊടുക്കുകയും ആ വഴിക്ക് ശ്രീനാരായണഗ്രന്ഥങ്ങളുടെ ചച്ച് മുഖ്യകൃത്യമായി പരിവർത്തനം ചെയ്യുകയും ചെയ്തു. പാലക്കാട്ടു് മററു പ്രദേശങ്ങളിൽ ഇതിനുവേണ്ടി സംഘടിപ്പിച്ച ക്ലാസ്സുകൾ പരാജയപ്പെട്ടിട്ടും അദ്ദേഹം പിൻവാങ്ങിയില്ല. ഉത്സവ വേളകളിൽ ജനബാഹുല്യം കൊണ്ടു് പ്രസംഗം പലക്കും പ്രയാസമാകാറുണ്ടു്. എന്നാൽ ശ്രീനാരായണഗ്രന്ഥങ്ങളുടെ വിശദീകരണകാര്യത്തിൽ പ്രൊഫസർ അവിടെ വിജയിക്കുകയാണു് ചെയ്തതു്. പിന്നീടു് അദ്ദേഹം വിജയത്തിൽനിന്നു് വിജയത്തിലേയ്ക്കു് മുന്നേറി. ഇക്കാലത്താണു് 1965-ൽ ആത്മോപദേശ ശതകത്തിനു് സുസമ്മതമായ ഒരു വ്യാഖ്യാനം പ്രസിദ്ധം ചെയ്തതു്. പ്രസാധകനായി മറെറാരു മാന്യൻ ചുമതല ഏററു. പക്ഷേ പണം പ്രൊഫസർ തന്നെ ചിലവിടുകയായിരുന്നു. 65-ൽ പ്രസിദ്ധംചെയ്ത ആ വ്യാഖ്യാനം വളരെ നേരത്തേ അദ്ദേഹം തയാറാക്കി വെച്ചിരുന്നതായിരുന്നെന്നും അറിയുന്നു. നോക്കണം, എത്രയോ നേരത്തേ അദ്ദേഹം സജ്ജമായിരുന്നു. 1971-ൽ ആത്മോപദേശ വ്യാഖ്യാനത്തിൻെറ രണ്ടാം പതിപ്പു് പുറപ്പെടുവിച്ചു. തുടന്നു് 'ജനനീനവരത്നമഞ്ജരി', 'ദർശനമാല', 'അദ്വൈതദീപിക' 'ദൈവദശകം' 'കുണ്ഡലിനിപ്പാട്ടു്'

'ചിജ്ജഡചിന്തനം' 'ബ്രഹ്മവിദ്യാപഞ്ചകം' 'മുനിചര്യാപഞ്ചകം' ഇങ്ങനെ ഒൻപതു കൃതികൾക്ക് ആ വേദപണ്ഡിതൻ വ്യാഖ്യാനം തയ്യാറാക്കി പ്രസിദ്ധംചെയ്തു. 'കുണ്ഡലിനിപ്പാട്ട്' വ്യാഖ്യാനത്തിൻെറ അവതാരികയിൽ വിദ്യാനന്ദതീർത്ഥപാദസ്വാമികൾ പറയുന്നു:— "ഈ ത്യാഗി ഈ വ്യാഖ്യാനങ്ങളെല്ലാം ഓരോരുത്തർക്ക് സൗജന്യമായി എഴുതിക്കൊടുക്കുകയായിരുന്നു" എന്ന്. ആ അറിവ് അദ്ദേഹത്തിന് ചെമ്പഴന്തി ഗുരുകുലപ്രവർത്തകരിൽനിന്ന് ലഭിച്ചതാണത്രെ. മഹാനായ മറെറാരു സാക്ഷിയെക്കൂടി അവതരിപ്പിച്ചു എന്നേ ഉള്ളൂ എന്റെ പ്രസ്താവനയുടെ ശുദ്ധതയ്ക്കുവേണ്ടി. ആ ധീമാൻെറ ആശംസയും നിധിപോലെ തന്നെ കരുതുന്നു. രണ്ടു മഹാശയന്മാർക്കും നമോവാകം.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണകാര്യത്തിൽ പ്രോത്സാഹനം നല്കിയിട്ടുള്ള എല്ലാ മാന്യസുഹൃത്തുക്കളോടും കൃതജ്ഞത പ്രകാശിപ്പിക്കുന്നു. അതോടെ ബഹുമാന്യ വായനക്കാരുടെ അനുഗ്രഹാശിസ്സുകൾക്ക് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഈ ഗ്രന്ഥത്തിൻെറ പുന:പ്രസിദ്ധീകരണത്തിനുള്ള അവകാശം എൻെറ ഏകപുത്രൻ സി. വി. ത്രിവിക്രമന് സന്തോഷപൂർവ്വം നല്കുന്നു.

ഗ്രന്ഥത്തിൻെറ മുദ്രണം വളരെ തിടുക്കമായി നിർവ്വഹിക്കേണ്ട സ്ഥിതിയിൽ എത്രയും ശ്രദ്ധയോടും മേന്മയോടും നിർവ്വഹിച്ച വിശോദയം പ്രസ്സ് പ്രവർത്തകരോടും നന്ദി രേഖപ്പെടുത്തുന്നു.

തഴവാ, ഗ്രന്ഥകർത്താവ്,
1-12-'75. കോട്ടുക്കോയിക്കൽ വേലായുധൻ.

# അവതാരിക

1962-ൽ ശ്രീനാരായണ ധർമ്മസംഘം ശ്രീശാരദാ സുവർണ്ണജൂബിലി സമംഗളം ആഘോഷിച്ചു. സുവർണ്ണജൂബിലിയുടെ മധുരസ്മരണകൾ നല്കിയ പ്രചോദനത്തിന്റെ ഫലമായി ധർമ്മസംഘം 1963-ൽ ചിത്രാപൗർണ്ണമിയോടനുബന്ധിച്ച് ശ്രീനാരായണധർമ്മമീമാംസാപരിഷത്ത് സമുദ്ഘാടനം ചെയ്തു. അന്നുമുതൽ ആ സുദിനത്തിൽ പരിഷത്ത് ശിവഗിരിമഠത്തിൽവച്ച് നടത്തിവരുന്നു. മററു സ്ഥലങ്ങളിൽവച്ചും ചിലപ്പോൾ പരിഷത്ത് നടത്താറുണ്ട്. "വാദിക്കാനും ജയിക്കാനുമല്ല; അറിയാനും അറിയിക്കാനുമാണ്" എന്ന സുപ്രസിദ്ധ ഗുരുദേവഭാഷിതത്തെ ആദരിച്ചുകൊണ്ട് സമാരംഭിക്കപ്പെട്ട പരിഷത്തിന്റെ ലക്ഷ്യം ജിജ്ഞാസുക്കളെ ഗുരുദേവകൃതികൾ വ്യാഖ്യാനിച്ചു കേൾപ്പിക്കുക എന്നുള്ളതാണ്. കൂടാതെ, "എല്ലാ ഹൃദയങ്ങളിലും ഈശ്വരഭക്തി എത്തിച്ചുകൊടുക്കണം" എന്ന ഗുരുദേവകല്പനയനുസരിച്ച് പരിഷത്ഗംഗയുടെ പോഷക നദികൾ പോലെ നാടുതോറും പ്രാർത്ഥനാസഭകൾ സംഘടിപ്പിച്ചു വീടുതോറും പ്രാർത്ഥനായോഗങ്ങൾ നടത്തിവരുകയും ചെയ്യുന്നു. ഈ പ്രസ്ഥാനങ്ങൾ വഴി ഗുരുദേവകൃതികളെക്കുറിച്ച് പൊതുജനമദ്ധ്യേ ഒരു നവ്യചലനംതന്നെ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് പറയാം. ഈ

പ്രസ്ഥാനങ്ങൾ രണ്ടിന്റേയും 'ഓർഗനൈസർ' എന്ന നിലയിൽ പ്രാരംഭം മുതൽ ഇന്നുവരെ വിജയകരമായി പ്രവർത്തിച്ചുവരുന്നതു് ശ്രീ. കോട്ടുക്കോയിക്കൽ വേലായുധൻ അവർകളാണു്. ഒരു ന്യാഴവട്ടത്തിൽപ്പരം ദൈർഘ്യമുള്ള ഈ കാലഘട്ടത്തിനുള്ളിൽ അദ്ദേഹം ഗുരുവിനെപ്പററി ചില ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. അവയിൽ "ശ്രീനാരായണഗുരുവിന്റെ ജീവിതചരിത്രം" എന്ന ബൃഹത്തായ ഗ്രന്ഥം നിരൂപകന്മാരാൽ സവിശേഷം ശ്ലാഘിക്കപ്പെട്ടുവരുന്നു. മററുള്ളവയും ഗുരുഭക്തന്മാരുടെ സമാദരവു് നേടിക്കൊണ്ടിരിക്കുന്നു.

ഇവിടെ അവതരിപ്പിക്കപ്പെടുന്ന ജീവിതവിമർശനം എന്ന ഗ്രന്ഥം ശ്രീ. വേലായുധൻ അവർകളുടെ ഗ്രന്ഥരചന ഒരു പുതിയ മണ്ഡലത്തെ ആശ്ലേഷിച്ചു തുടങ്ങിയതിൻെറ ഫലമാണെന്നുവേണം പറയുവാൻ. പ്രാത്ഥനാസഭയാകുന്ന പോഷകനദിയിലൂടെ പരിഷത്തെന്ന മഹാനദിയിൽ പ്രവേശിച്ചു് സ്വച്ഛന്ദഗമനം ചെയ്യുന്ന അദ്ദേഹത്തിൻെറ ഗുരുഭക്തിനൗക ഇപ്പോൾ "നദീമുഖേനേവ സമുദ്രമാവിശത്" എന്നു് കാളിദാസൻ പറയുംപോലെ ശ്രീനാരായണസിദ്ധാന്തമാകുന്ന മഹാസമുദ്രത്തിലേയ്ക്കു് പ്രവേശിക്കുകയാണു്. ഈ സന്ദർഭത്തിൽ പ്രസ്താവയോഗ്യമായ ഒരു സംഗതിയാണു് ഗുരുദേവൻെറ ജീവിതമാകുന്ന മഹത്ഗ്രന്ഥം വിശിഷ്യാ അതിൻെറ അവസാന അദ്ധ്യായങ്ങൾ സനിഷ്കർഷം പഠിച്ചു് ഹൃദിസ്ഥമാക്കുവാൻ സാധിച്ച ഒരു ഗുരുഭക്തനാണു് ശ്രീ. വേലായുധൻ എന്നുള്ള വസ്തുത. ഗുരുദേവന്റെ അന്തേവാസിത്വമാണു് ഈ ഗ്രന്ഥനിർമ്മാണ

യജ്ഞത്തിന്നാവശ്യമായ സമിത്തുകൾ ഗ്രന്ഥകാരന്ന് പ്രദാനംചെയ്തതെന്ന് ഊഹിക്കുന്നതും അപ്രസക്തമല്ല.

'ജീവിതവിമർശനം' എന്ന ഈ ഗ്രന്ഥത്തിൽ ഒരു പുതിയ മാർഗ്ഗം അവലംബിച്ചുകൊണ്ടു് ഗ്രന്ഥകാരൻ നടത്തിയിരിക്കുന്ന ആശയാവിഷ്കരണരീതി ഹൃദയാഹ്ളാദകമായിത്തോന്നുന്നു. ഒരു നല്ല അദ്ധ്യാപകൻ കഥപറഞ്ഞു് കുട്ടികളുടെ ശ്രദ്ധ പിടിച്ചുപററിയതിനു ശേഷം അവരുടെ മനസ്സിൽനിന്നും മായാത്തവണ്ണം ഗുണപാഠങ്ങളെന്ന പേരിൽ വിലയേറിയ തത്വങ്ങൾ അനായാസമായി ഉപദേശിച്ചു കൊടുക്കുന്നതു പോലെയിരിക്കുന്നു ഈ ഗ്രന്ഥത്തിൽ സങ്കീർണ്ണങ്ങളായ ജീവിതപ്രശ്നങ്ങളെ അപഗ്രഥനംചെയ്തതിനുശേഷം ഗുരുദേവസൂക്തങ്ങളെ കൊണ്ടു ചെന്ന് ഘടിപ്പിച്ചിരിക്കുന്ന സമ്പ്രദായം.

ജീവൻ, ജഗത്തു്, ജഡം, ചൈതന്യം എന്നീവകപദങ്ങളുടെ വിവരണം നല്കുന്ന സന്ദർഭങ്ങളിലുംമററും ഗ്രന്ഥകാരൻ ശ്രീനാരായണസിദ്ധാന്തങ്ങളുടെ പ്രാഭവസ്ഥാനമായ അദ്വൈതചിന്തയിൽനിന്നും കുറച്ചൊക്കെ വിട്ടുനില്ക്കുന്നില്ലയോ എന്നു് തോന്നിപ്പോകുന്നു. പക്ഷെ ഇത്തരമൊരു ഗ്രന്ഥരചനയിൽ ഏർപ്പെടുന്നവൎക്ക് ഉണ്ടായിരിക്കേണ്ട സാഹിത്യപരമോ തത്വശാസ്ത്രപരമോ ആയ അഭ്യാസവിശേഷങ്ങളൊന്നും തനിക്കില്ലെന്നു് ഗ്രന്ഥകാരൻ സവിനയം സമ്മതിക്കുന്ന സ്ഥിതിക്ക് ഇതിൽ വല്ല ന്യൂനതകളുമുണ്ടെങ്കിൽ ക്ഷന്തവ്യങ്ങളായി കരുതാനേയുള്ളു.

ആമുഖത്തിൽ മഹാകവി കുമാരനാശനെപ്പററിയുള്ള സർദാർ കെ. എം. പണിക്കരുടെ ഒരു വാചകം ഉദ്ധരിച്ചിരിക്കുന്നു. വാചകം ഇതാണ്– "മരണശേഷമുള്ള അവസ്ഥയെക്കുറിച്ച് അദ്ദേഹത്തിന് (ആശാന്) തീർച്ചയില്ലെന്നുള്ളതിലേക്ക് പല തെളിവുകളും കാണുന്നുണ്ട്." ഈ അഭിപ്രായം ശരിയല്ല. ഈ വിഷയത്തിൽ അദ്വൈതമതാവലംബികൾക്കുണ്ടായിരിക്കേണ്ട സംശയച്ഛേദികളായ തീർപ്പുകൾ ആശാൻ കൃതികളിൽ സുലഭമാണ്. ചിലതു് ഉദ്ധരിക്കുന്നു. നളിനിയിലെ അവസാനപദ്യം പരിശോധിക്കാം.

"അവനുപുനരമോഘംപോയി നൂററാണ്ടുപിന്നോ–
ത്തവസിതിവിധിയൂഴികെത്തുമോ നിത്യഭാഗ്യം
അവിദിതതനുതാപം വിസ്മയം യോഗമാജ്ഞി–
ച്ചവിരതസുഖമാന്നാനാമഹാൻ ബ്രഹ്മഭ്രൂയം"

തപഃസ്വാദ്ധ്യായനിരതമായ ജീവിതം നയിക്കുന്ന മഹാത്മാക്കൾ സർവ്വദുഃഖവിമുക്തമായ നിത്യാനന്ദത്തിൽ നിമഗ്നരാകുന്നുവെന്നു് ഇവിടെ സ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നു. വീണപൂവിൻെറ അവസാനഭാഗത്തു്,

"ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരുതാരമാരാൽ
ഉല്പന്നശോഭമുദയാദ്രിയിലെത്തിടുമ്പോൾ
സൽപുഷ്പമേയിവിടെമാഞ്ഞു സുമേരുവിന്മേൽ
കല്പദ്രുമത്തിനുടെകൊമ്പിൽ വിടന്നിടാംനീ"

എന്നുള്ളപദ്യം ധാർമ്മികവ്യവസ്ഥകൾക്കുവിധേയരായി ജീവിതം നയിക്കുന്ന ധന്യാത്മാക്കൾ ഉന്നതസ്ഥാനങ്ങ

ളിൽ വീണ്ടുംജനിക്കമെന്ന് സൂചിപ്പിക്കുന്നു. ലീലാകാവ്യത്തിന്റെ ഒടുവിൽ, "ആരും തോഴീയുലകിൽ മറയുന്നില്ല" എന്നുതുടങ്ങുന്ന പദ്യവും ഈ ആശയംതന്നെ പ്രകടിപ്പിക്കുന്നു.

"സസ്യമിവമർത്ത്യ: പച്യതേസസ്യമിവാജായതേ പുന:" എന്ന കഠോപനിഷദ്വാക്യമാണ് പുനർജന്മത്തെക്കുറിച്ച് വേദാന്തശാസ്ത്രം നൽകുന്ന ആദ്യപാഠം. ഇതനുസരിച്ചുതന്നെയാണ് ആശാൻ കാവ്യരചന നടത്തിയത്. മരണശേഷമുള്ള അവസ്ഥയെക്കുറിച്ചുമാത്രമല്ല പ്രപഞ്ചമൊന്നായി ഒടുങ്ങിയതിനുശേഷമുള്ള അവസ്ഥാവിശേഷത്തെക്കുറിച്ചുപോലും ആശാന് സുവ്യക്തമായ ബോധമുണ്ടായിരുന്നു.

"ആകാശങ്ങളെയണ്ഡരാശി-
കളൊട്ടും ഭക്ഷിക്കമാകാശമായ്"

എന്നു തുടങ്ങുന്ന പ്രരോദനകാവ്യത്തിലെ അവസാന പദ്യം നോക്കുക.

ആശാൻെറ ആദ്യകാല കൃതികളിലൊന്നായ കളകണ്ഠഗീതത്തിലെ

കാണുന്നവതത്വവിവേചനയിൽ
കാണാതണുവായണുവായഴിയും
ഏണാങ്കധരൻ കഴൽനില്ക്കുമെടോ
വാണീജിതവൈണികമാം കുയിലേ

എന്ന പദ്യത്തിലൂടെ പ്രപഞ്ചമെന്ന പ്രതിഭാസ

ത്തെ അപഗ്രഥനം ചെയ്തതിനുശേഷം കവി പറയുകയാണു്

ഈ തത്വമറിഞ്ഞിഹപാട്ടുകിൽനിൻ
ഗീതത്തിനുമാധുരി കൂട്ടുമെടോ

എന്നു്. അതേ, ആകയിൽ ഈതത്വം അറിഞ്ഞുതന്നെ പാടി, ആപാട്ടിനു് മാധുരി കൂട്ടുകയുംചെയ്തു. ഇപ്രകാരം ഒരു ദാർശനികന്റെ വീക്ഷണപാടവത്തോടുകൂടി ജീവിതത്തെ സമഗ്രമായി പഠിച്ച ആശാൻ മരണശേഷമുള്ള അവസ്ഥയെക്കുറിച്ചു് തികച്ചും ബോധവാനായിരുന്നു എന്നു് നിസ്സംശയം പറയാൻ കഴിയും. പതിനെട്ടാമത്തെ വയസ്സുമുതൽ ശ്രീനാരായണഗുരുദേവനാൽ സുശിക്ഷിതനായി വളൎന്നുവന്ന മഹാകവിയാണു് കുമാരൻ ആശാൻ എന്നുള്ള വസ്തുത പ്രത്യേകം സ്മരണീയമാണു്.

ശ്രീനാരായണഗുരുവിന്റെ തത്വചിന്തകളുടെ വെളിച്ചത്തിൽ ജീവിതത്തെ വിമർശിക്കുന്ന ഈ ഗ്രന്ഥത്തിനും ഗ്രന്ഥകർത്താവിനും ഗുരുദേവാനുഗ്രഹം സിദ്ധിക്കട്ടെ.

ശിവഗിരിമഠം–വക്കല, ബ്രഹ്മാനന്ദസ്വാമി.
1–12–1975.

VIVEKANANDA LIBRARY (P)
Founded By
VILAYATHU KRISHNAN ASAN IN 1898
VILAYATHU,
KANJAVELI (P.O.) QUILON;
KERALA INDIA.

V. K. KESAVAN,
VILAYATHU,
KANJAVELY, P.O.
PERINAD, QUILON.

# ആശംസ

ഭാരതത്തിലെ ഋഷിപാരമ്പര്യത്തെ പിൻതുടൻ്ന് ആത്മസാക്ഷാത്കാരത്തിലൂടെ നിലനില്പിൻെറ പരമ രഹസ്യം അനുഭവിച്ചറിഞ്ഞമഹാനാണ് ശ്രീനാരായണ ഗുരുദേവൻ. മാത്രമല്ല ഈവിധമുള്ള സത്യാന്വേഷണം മുൻനിർത്തിക്കൊണ്ടുതന്നെ ജനതയുടെ സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ എല്ലാ അവശതകൾക്കും പരിഹാരം കണ്ടെത്താൻ കഴിയുമെന്നും അദ്ദേഹം സ്വജീവിതംകൊണ്ട് വെളിപ്പെടുത്തി. സത്യാന്വേഷണം കൈവെടിഞ്ഞുകൊണ്ടുള്ള ജീവിതപുരോഗതി മനുഷ്യമനസ്സിനു് ആശ്വാസംനൽകുകയില്ലെന്നും തെളിയിച്ചു. തുടൻ്ന് ജീവിതമെന്ന ആശ്ചര്യത്തെ വലയം ചെയ്തിരിക്കുന്ന എല്ലാ മറകളെയും പൊളിച്ചു മാററി സത്യം സൂര്യതുല്യം കാട്ടിത്തരുന്ന പല കൃതികളും അദ്ദേഹം രചിച്ചു. ഈ കൃതികളെ ഒരു പുതിയ രീതിയിൽ സമീപിക്കുവാനുള്ളപരിശ്രമമാണ് 'ജീവിതവിമശ്നം' എന്ന ഗ്രന്ഥത്തിൽക്കൂടി ശ്രീ. കോട്ടുക്കോയിക്കൽ വേലായുധൻ നടത്തിയിരിക്കുന്നതു്. ജീവിതത്തിലെ ഉത്തരം കാണാപ്രശ്നങ്ങൾക്ക് ഗുരുദേവകൃതികൾ എന്തു് സമാധാനം പറയുന്നു എന്നു് കാട്ടിത്തരികയാണീ കൃതിയുടെ ലക്ഷ്യം.

ഗ്രന്ഥകാരൻെറ ഈ നൂതന ശ്രമം അത്യന്തം ശ്ലാഘനീയമാണെന്നു് എടുത്തുപറയേണ്ട കാര്യമില്ലല്ലോ.

ഗുരുദേവനുമായി ചിരകാലം അടുത്തു കഴിഞ്ഞുകൂടാൻ ഭാഗ്യംലഭിച്ചിട്ടുള്ള വ്യക്തിയെന്നനിലയിൽ ശ്രീ. വേലായുധൻ ഗുരുഭക്തന്മാർക്ക് സുപരിചിതനും ആദരണീയനുമായിത്തീർന്നിട്ടുള്ള വ്യക്തിയാണ്. അടുത്തകാലത്ത് ഗുരുവിൻെറ ബൃഹത്തായ ഒരുജീവചരിത്രം പ്രസിദ്ധീകരിച്ച് ധന്യനായിത്തീരാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. തത്വചിന്താപ്രധാനങ്ങളും അനുഭവൈകവേദ്യങ്ങളുമായ ഗുരുദേവകൃതികളിലെ കാതലായ ഭാഗങ്ങൾ തെരഞ്ഞെടുത്ത് ജീവിതത്തിലെ രഹസ്യമയങ്ങളായ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം കണ്ടുപിടിക്കാനുള്ള സാഹസിക ശ്രമമാണദ്ദേഹം പ്രസ്തുത ഗ്രന്ഥത്തിൽ നടത്തിയിരിക്കുന്നത്. മരണവും മരണാനന്തരജീവിതവും എന്ന ഭാഗം ഇതിനുത്തമ ദൃഷ്ടാന്തമാണ്. സാമാന്യജനങ്ങൾക്കും മനസ്സിലാകത്തക്കരീതിയിലാണ് പ്രതിപാദനം. ഗുരുദേവകൃതികളെ ആസ്പദമാക്കിയുള്ള ഈ നവീനപ്രസ്ഥാനത്തിന് ഞാൻ എല്ലാ ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

പാൽക്കുളങ്ങര, ജി. ബാലകൃഷ്ണൻനായർ.

16-11-'75.

VIVEKANANDA LIBRARY (P)
Founded By
VILAYATHU KRISHNAN ASAN IN 1898
VILAYATHU,
KANJAVELI (P.O.) QUILON;
KERALA INDIA.

V. K. KESAVAN,
VILAYATHU,
KANJAVELY, P. O.
PERINAD, QUILON.

## ഞാൻ ആരു്? അല്ലെങ്കിൽ ജീവിതം എന്തു്?

### ശ്രീനാരായണഗുരുവിൻെറ
### തത്വചിന്താസൂക്തകങ്ങളുടെ വെളിച്ചത്തിൽ

1) ഞാൻ ആരു് ജീവിതം എന്തു്,
2) ജീവജാലങ്ങൾ എവിടുന്നുണ്ടായി.
3) ജീവജാലങ്ങൾക്കു് അവസ്ഥാഭേദങ്ങളുണ്ടോ, ഉണ്ടെങ്കിൽ എങ്ങനെയെല്ലാം.
4) ജീവിതലക്ഷ്യം എന്തു് അതെങ്ങനെ സാധിക്കാം
5) സുഖകരമായ ജീവിതത്തിനുള്ള മാർഗ്ഗം ഏതു്
6) മരണവും, മരണാനന്തര ജീവിതവും
7) മരണം ജീവിതത്തിൻെറ അവസാനമാണോ
8) മായ എന്തു്, എങ്ങനെയെല്ലാം—
9) ഈ ലോകം എന്തു് എവിടെ നില്ക്കുന്നു
10) ജഗത്തിനു് ആദ്യവസാനം ഉണ്ടോ.

മൗലികങ്ങളായ ഈ വിഷമപ്രശ്നങ്ങൾക്കു് ശരിയായ ഉത്തരം പറവാൻ പ്രയാസമുണ്ടെന്നാണു് സാധാരണ ഗതിയിൽ തോന്നുക. എന്നാൽ ഈ വിധ ചോദ്യങ്ങൾക്കു് ഉത്തരം കണ്ടെത്താൻ മനുഷ്യരാശി തുനിയുകയും യാഥാർത്ഥ്യത്തിലേയ്ക്കു് നമ്മൾ നീങ്ങിക്കൊണ്ടിരിക്കുകയും ആണെന്നുള്ള പരമാർത്ഥം നിഷേധിക്കാവുന്ന ഒന്നല്ല. വാസ്തവം കണ്ടറിഞ്ഞ മഹാത്മാക്കൾ നല്കുന്ന

V. K. KESAVAN,
VILAYATHU,
KARIAVALY, P.O.



വിവരങ്ങളാണ് ദർശനങ്ങൾ. പൂർവ്വ ഋഷീശ്വരന്മാർ സത്യം അറിഞ്ഞുകൊണ്ടുതന്നെ ജീവിച്ച മഹാത്മാക്കളായിരുന്നു. തലമുറ തലമുറയായി പകർന്ന് ആ ജ്ഞാനസമ്പത്ത് നിലനില്ക്കുന്നുമുണ്ട്. പരിപൂർണ്ണജ്ഞാനികൾ എന്നും ഉണ്ടായിരിക്കും. അവർ ആ വെളിച്ചം പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. ഈ മാർഗ്ഗത്തിൽ ശ്രീനാരായണഗുരു നമുക്കു നല്കുന്ന വെളിച്ചം കണ്ടറിയുവാൻ നമുക്ക് ഇവിടെ ശ്രമിക്കാം.

## 1 ഞാൻ ആര്? ജീവിതമെന്ത്?

ശ്രീനാരായണഗുരുവിന്റെ ആത്മോപദേശ ശതകത്തിലെ 100–ാം (നൂറാം) പദ്യം ശ്രദ്ധിക്കുക.

അതുമിതുമല്ല സദർത്ഥമല്ലഹം സ--
ച്ചിദമൃതമെന്നു തെളിഞ്ഞു ധീരനായി
സദസദിതി പ്രതിപത്തിയററു സത്തോ–
മിതി മൃദുവായ് മൃദുവായമർന്നിടേണം.

ഗുരുവിന്റെ ഉപദേശങ്ങളെപ്പററി പഠിക്കുകയും, ചിന്തിക്കുകയും ചെയ്യുമ്പോൾ ഒരു സംഗതി പ്രത്യേകം ഓർക്കണം. പൂർണ്ണമായും അദ്വൈതവേദാന്തിയുടെ ഉപദേശമാണ് അവകൾ എന്നും അദ്വൈതത്വത്തെ ജനതയിൽ വികസിപ്പിക്കുന്ന ലക്ഷ്യത്തോടുകൂടി നല്കുന്ന ഉപദേശങ്ങളായതുകൊണ്ട് അവയെ ഏകാഗ്രതയോടും, അതീവ ഭക്തിയോടുംകൂടി—അതേ വീണുവണങ്ങി നാം പഠിക്കേണ്ടതാണെന്നും അറിഞ്ഞിരിക്കണം.

അഹം, അതേ ഞാൻ എന്ന സംജ്ഞകൊണ്ടു് വിവക്ഷിക്കുന്ന — ഞാൻ ജഡമല്ല — പഞ്ചഭൂതമല്ല — ശരീരംപോലെ പഞ്ചഭൂതങ്ങളുടെ സംഘാതവുമല്ല. പിന്നെയോ സച്ചിത്അമൃതം, സച്ചിദാനന്ദമാകുന്നു. ഏതൊന്നിന്റെയും ജീവിതത്തിനു് ആധാരമായി നിൽക്കുന്നതു് ജഡവസ്തുക്കളല്ല. അതേ പഞ്ചഭൂതങ്ങളല്ല; പഞ്ചഭൂതങ്ങളുടെ കലപ്പും അല്ല. സച്ചിദാനന്ദമായ അമൃതാകുന്നു. ആനന്ദമയംഅല്ല ആനന്ദംതന്നെ. അമൃതം നിത്യസൂഖംതരുന്ന വിശിഷ്ടവസ്തു. അപ്പോൾ നമ്മൾ സത്യമാണു്, അറിവാണു്, ആനന്ദമാണു്. ജീവിതമോ. ആനന്ദമയം. ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളുടെ വെളിച്ചത്തിൽ ജീവജാലങ്ങൾ അനുഭവംകൊണ്ടു് ആനന്ദമാകുന്നുഎന്നു് സിദ്ധിക്കുന്നു. അഹം മാത്രമല്ല, എല്ലാ അഹവും ആനന്ദമാകുന്നുഎന്നു് തെളിഞ്ഞുമനസ്സിലാക്കി പ്രണവം (ഓം) സ്വരൂപമാണു് സത്താണു് നിത്യവസ്തു എന്നുഗ്രഹിച്ചു് ധീരനായി—മനസ്സുറപ്പോടുകൂടി—എന്നാൽ ശാന്തനായി ശാന്തനായി വർത്തിക്കണം. അതാണു് ഗുരു ഉപദേശിക്കുന്നതു്.

## ആനന്ദം എന്തു് ?

ആനന്ദത്തിനു് ഒരു വിശദീകരണം എങ്ങനെ സാദ്ധ്യമാകും. എന്നാൽ ഒരു മാർഗ്ഗമുണ്ടു്. മധുരത്തിനു് വിശദീകരണം ആവശ്യമില്ലല്ലോ. അതു് അനുഭവിച്ചുതന്നെ അറിയുന്നു. ആനന്ദവും അനുഭവിച്ചുതന്നെ അറിയുന്നുണ്ടു്.

ഗുരുദേവൻെറ വിശേഷോത്തര വേദാന്തകൃതിയായ ദൈവദശകത്തിൽ ഇങ്ങനെ നിർദ്ദേശിക്കുന്നു.

നീ സത്യം ജ്ഞാനമാനന്ദം
നീതന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ.

ഗുരുവാക്യം നമ്മേ ഒന്നുകൂടി മുമ്പോട്ടുകൊണ്ടുപോകുന്നു, നീ—സത്യം—അതേ നിത്യവസ്തു സത്യവും ജ്ഞാനവും ആനന്ദവും ആകുന്നു നീ. നീ സത്യമായ വസ്തു തന്നെ ജ്ഞാനം, അതായത് അറിവാണ് നിൻെറ സ്വരൂപം, ആനന്ദമാണ് അനുഭവം. വർത്തമാനകാലവും, ഭൂതകാലവും, ഭാവികാലവും നീതന്നെ. ഇവയൊക്കെ വിവരിക്കുന്ന ആ മൊഴിയും നീതന്നെ ആകുന്നു. ഭൂത ഭാവി വർത്തമാനകാലങ്ങൾ എന്ന ഭേദമേയില്ല. ഇതാ ആത്മോപദേശശതകത്തിൽതന്നെ ഗുരു ഇങ്ങനെ അനുശാസിക്കുന്നു.

പദ്യം 58.

നവനവമിന്നലെയിന്നുനാളെ മറേറ-
ട്ടിവസമിതിങ്ങനെ ചിന്തചെയ്തിടാതെ
അവിരതമെണ്ണിയളന്നിടുന്നതെല്ലാം
ഭ്രമ,മൊരു ഭേദവുമില്ല നിറഞ്ഞിടേണം.

ദിനങ്ങൾ പോകുന്നു പുതിയതുവരുന്നുഎന്ന് നാം എണ്ണിയെണ്ണിക്കഴിയുന്നു. വന്നതും നിന്നതും പോയെന്നു തോന്നിയതും എല്ലാം ഒരുവകഭ്രമം—സങ്കല്പം മാത്രമാ

കുന്നു. ഒന്നിനും ഒരുമാററവുമില്ല. ഭൂതകാലവും ഭാവി കാലവും വത്തമാനകാലവും വേറെ വേറെയായി നാം അളക്കുന്നു. എന്നാൽ അതുകൾ വ്യത്യസ്തസ്വഭാവമുള്ള വയല്ല. അതെ സത്യമായ നീതന്നെയാകുന്നു. സത്യ മായ ഒന്നിനു് മാററമുണ്ടോ? ഇല്ല. ഇതു് സുവ്യക്ത മായസംഗതിയാണു്. അനുഭവത്തിൽ മാറിമാറി എന്നു നമുക്കു തോന്നുന്നു. മാററമുണ്ടെങ്കിൽ എത്രകാലം അങ്ങിനെ മാറും? എവിടേയ്ക്കു മാറും? അതുകൊണ്ടു് മാററം എന്നൊന്നില്ല എന്നുള്ളതു് യുക്തിക്കു യോജിക്കു ന്നതുതന്നെയാകുന്നു.

അടുത്തതു് അഹം എന്ന സംജ്ഞ കൊണ്ടു് വിവ ക്ഷിക്കുന്നതു് എന്തെന്നു വിവരിക്കുന്നു. അഹം–ഞാൻ (അല്ലെങ്കിൽ നീ.)

ഗുരുവാക്യം ആത്മോപദേശശതകം– 11–ാം പദ്യം.

'അഹമഹ'മെന്നരുളുന്നതൊക്കെയാരാ–
യുകിലകമേപലതല്ലതേകമാകും;
.........................................
.........................................

ഞാൻ ഞാൻ എന്നു് പ്രത്യേകംഅറിയുന്നതു് ഏകമായ ഒന്നാണു്. പലതായി തോന്നുന്ന എന്നേയുള്ളു. അതു് ആദിമമായ ശക്തിസ്വരൂപമാകുന്നു. ആദികാലത്തേ ഉള്ളതും ജ്വലിച്ചുപ്രകാശിച്ചുകൊണ്ടിരിക്കുന്നതും ആയ ശക്തി തന്നെ ആത്മാവു്. അതിൻെറ ലക്ഷണമോ പ്രകാശം, പ്രസരിപ്പു്. അതു് ചിദാകാശത്തിൽ (ചിത് =ജ്ഞാനം, അറിവു്) ദൃക്കായി വിലസുന്നു. അറിവാ

കുന്ന ആകാശത്തു് പ്രശോഭിക്കുന്ന ശക്തി തന്നെ ജീവ ജാലങ്ങളിൽ കുടികൊള്ളുന്ന ശക്തിയും. ഈ നിർവ്വചനം മറെറാരു രൂപത്തിൽ ഗുരുദേവൻ പ്രകാശിപ്പിക്കുന്നുണ്ടു്

ആത്മോപദേശശതകം— 2–ാം പദ്യം.

കരണവു,മിന്ദ്രിയവും കളേബരം തൊ–
ട്ടറിയുമനേകജഗത്തുമോർക്കിലെല്ലാം
പരവെളിതന്നിലുയന്ന ഭാനുമാൻതൻ–
തിരുവുരുവാണു;തിരിഞ്ഞു തേറിടേണം.

പരവെളി–ചിദാകാശം. ചിത്–ജ്ഞാനം അല്ലെങ്കിൽ അറിവു്. അന്ത:കരണവും പഞ്ചേന്ദ്രിയങ്ങളും ശരീരവും തൊട്ടു് ഇക്കാണായ ജഗത്തു് എല്ലാവും അറിവാകുന്ന ആകാശത്തു് പ്രകാശിക്കുന്ന സൂര്യനാണു്. അറിവാകുന്ന ആകാശത്തു പ്രകാശമാനമായി ഈ ജഗത്തു് ഭാസിക്കുന്നു. അപ്പോൾ നാം അറിവാകുന്നു; സത്യവസ്തു ഉള്ളതു്, ആനന്ദാനുഭവത്തോടുകൂടിയതു് എന്നു് വ്യക്തമാകുന്നു. ഗുരു ദേവൻ ജനനീനവരത്നമഞ്ജരിയിൽ ഈ ആശയം പ്രകാ ശിപ്പിച്ചിട്ടുള്ളതു് താഴെ ഉദ്ധരിക്കുന്നു.

പദ്യം—

ഇല്ലാതമായയിട്ടുമല്ലാസമൊന്നുമറി–
വല്ലാതെയില്ലനിലനും
കല്ലാഴിയും കനലുമല്ലാതെ ശൂന്യമതു–
മെല്ലാമൊരാദിയറിവാം
തല്ലാഘവം പറകിലില്ലാരണം ക്രിയകൾ
മല്ലാടുകില്ല മതിയീ
സല്ലാഭമൊന്നുമതിയെല്ലാവരും തിരയു–
മല്ലാഘബോധജനനീ!

ഇതിൻെറ സാരം ചുരുക്കത്തിൽ:—

യാതൊന്നു് ഇല്ലാത്തതോ അതു് മായയാകുന്നു. ഇല്ലാത്ത മായ ചെയ്യുന്ന ഉല്ലാസം അതായതു് ലീലാ നാട്യം എല്ലാംതന്നെ അറിവല്ലാതെ മറെറാന്നല്ല. എന്തെന്നാൽ വായുവും, ഭൂമിയും, സമുദ്രവും, അഗ്നിയും ഇതുകൂടാതെ ശൂന്യവും അതായതു് ആകാശവും എന്നല്ല സകലത്തിനും ആദിയായിരിക്കുന്നതു് അറിവു് മാത്രമാകുന്നു. വേറെ യാതൊന്നും തന്നെയില്ല. അതിനാൽ അന്വേഷിക്കപ്പെടുന്ന ജനനീ! ആത്മജ്ഞാനം നല്കുന്ന അമ്മേ എനിക്കു് മേല്പറഞ്ഞ സത്ലാഭമൊന്നുമാത്രം മതി വേറെ ഒന്നും ആവശ്യമില്ല. മായാമോഹം നീങ്ങി എനിക്കു് ആത്മജ്ഞാനം ലഭിക്കണം. ഈ ആശയം തന്നെ ഗുരുദേവവിരചിതമായ ദശ്നമാലയിൽ ഉള്ളതു് ഇവിടെ ചേക്കുന്നു.

അപവാദദർശനം പദ്യം- 1.

ചൈതന്യാദാഗതം സ്ഥൂല-
സൂക്ഷ്മാത്മകമിദം ജഗത്
അസ്തി ചേത്സദ്ഘനം സർവ്വം
നാസ്തി ചേദസ്തി ചിദ്ഘനം.

സ്ഥൂലസൂക്ഷ്മസ്വഭാവത്തിൽ കാണപ്പെടുന്ന ഈപ്രപഞ്ചം മുഴുവനും ഈശ്വരൻതന്നെയാകുന്നു. പ്രപഞ്ചവും ഈശ്വരനും രണ്ടും രണ്ടല്ല. മറെറാരുവിധത്തിൽ പറഞ്ഞാൽ ജഗത്തു് വാസ്തവത്തിൽ ഇല്ലാത്തതാകുന്നു. ഈശ്വരനിൽ നിന്നും വേറല്ലാത്ത ഈ ജഗത്തു് ഉള്ളതാണെന്നു് പറയുന്നതായാൽ ഈശ്വരൻ തന്നെയാകുന്നു. ഇല്ലാ എന്നു് പറയുന്നതായാൽ അതു് അറിവിന്റെ രൂപത്തിൽ അനു

ഭവപ്പെടുന്നതുകൊണ്ടു് അതു് ചിന്മാത്രമാകുന്നു. സദ്രൂപവും ചിദ്രൂപവും ആയതുകൊണ്ടു് അതു് ഈശ്വരനിൽനിന്നന്യമല്ല. അതിനാൽ ജഗത്തു് ഉണ്ടെന്നുപറഞ്ഞാലും ഇല്ലെന്നു പറഞ്ഞാലും അതു് ഈശ്വരനിൽ നിന്നു് ഭിന്നമല്ലെന്നു് സിദ്ധിക്കുന്നു. അതേ ജഗത്തു് സച്ചിദാനന്ദസ്വരൂപമായ ഈശ്വരനിൽ ആരോപിതമായതുകൊണ്ടു് വാസ്തവത്തിൽ ഇല്ലാത്തതാണെന്നും ഉള്ളതു് അധിഷ്ഠാനമായ ഈശ്വരൻ മാത്രമാണെന്നും അർത്ഥമാകുന്നു. "അസ്ത്യസ്തി എന്നു സകലോപരി നില്പതൊന്നേ സത്യം സമസ്തവും അനിത്യം അസത്യമാകും." എന്നു് ഗുരുദേവൻ അദ്വൈതദീപികയിൽ 7-ാം പദ്യത്തിൽ ചൂണ്ടിക്കാണിക്കുന്നു. അതായതു് എല്ലാററിനും മേലേ എന്നുമുള്ളതായിരിക്കുന്നതു് സത്യം. അപ്രകാരമല്ലാത്തതെല്ലാം അസത്യം. സത്യം ഉള്ളതും അസത്യം ഇല്ലാത്തതുമാകുന്നു. ജ്ഞാനം അല്ലെങ്കിൽ അറിവു് സകലജഗത്കാരണമായി എല്ലാററിനും ഉപരിയായി എന്നുമുള്ളതായിരിക്കുന്നതുകൊണ്ടു് അതു് സത്താണു്. അതേ അതു് ഉള്ളതാണു്. പ്രപഞ്ചം എന്നും ഏകരൂപമായി ഇരിക്കാത്തതുകൊണ്ടു്, അതേ മാററത്തിനധീനമായിരിക്കുന്നതുകൊണ്ടു് അസത്തു്, ഇല്ലാത്തതുമാകുന്നു എന്നു് സിദ്ധിക്കുന്നു. ഈ അഭിപ്രായംതന്നെ മറെറാരു വിധത്തിൽ അവതരിപ്പിക്കുന്നു.

അപവാദദർശനം പദ്യം- 10.

സർവ്വം ഹി സച്ചിദാനന്ദം
നേഹ നാനാ/സ്തി കിഞ്ചന

യഃപശ്യതീഹ നാനേവ
മൃത്യോർമൃത്യും സ ഗച്ഛതി

ഇതിന്റെ സാരാംശവും ചുരുക്കമായി അടിയിൽ ചേർക്കുന്നു

എല്ലാം സച്ചിദാനന്ദം തന്നെ. സച്ചിദാനന്ദ ബ്രഹ്മത്തിൽ അണുമാത്രപോലും കലർപ്പില്ല. ബ്രഹ്മത്തിൽ അനേകത്വത്തെ ദർശിക്കയും അതു് വിശ്വസിക്കുകയും ചെയ്യുന്നവൻ അജ്ഞാനത്തിൽ നിന്നും അജ്ഞാനത്തിലേയ്ക്കു് വഴുതിപ്പോകുന്നു. നാനാരൂപമായി കാണപ്പെട്ടുന്ന പ്രപഞ്ചം സച്ചിദാനന്ദസ്വരൂപമായ ചൈതന്യം മാത്രമാകുന്നു. ഏകരൂപമായ ബ്രഹ്മത്തിൽ വിവിധത്വം ആരോപിക്കുന്നതു് അജ്ഞാനം കൊണ്ടാണു്. ആ തെററായബോധം ഇരിക്കുന്നിടത്തോളംകാലം ജ്ഞാനം ഉദിക്കുന്നതല്ല. അജ്ഞാനം നീങ്ങി എല്ലാം സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മംതന്നെ എന്നുള്ള ഏകത്വബോധം ഉണ്ടാകുമ്പോൾ മാത്രമാണു് സർവ്വദുഃഖനിവൃത്തിയും പരമാനന്ദപ്രാപ്തിയുമാകുന്ന കൈവല്യം സിദ്ധിക്കുന്നതു്. കൈവല്യം അല്ലെങ്കിൽ മോക്ഷം എന്നു പറയുന്നതു് യഥാർത്ഥമായബോധമാകുന്നു. അതു മറെറങ്ങുംപോയി സമ്പാദിക്കാവുന്നതല്ല. നമ്മിൽത്തന്നെ സംഭവിക്കേണ്ട ഒരു പരിവർത്തനമാകുന്നു. സകല ജീവകോടികളും ഒരേ ഒരു ശക്തിയുടെ സ്ഫുരണം തന്നെ. നമ്മിൽ അടങ്ങിയിരിക്കുന്നതും ആ ചൈതന്യം തന്നെ എന്നുള്ള യഥാർത്ഥബോധം എപ്പോൾ ഉറയ്ക്കുന്നു, അതുതന്നെ കൈവല്യം. അതെ, കേവലത, പ്രത്യേകിച്ചു് ഒന്നിനോടും മമതയില്ല, ഒന്നിനോടും വെറുപ്പും

ഇല്ല, സർവ്വത്തിലും സമബുദ്ധി. "തന്നിൽനിന്നന്യമില്ലാതെ എന്നുകാണുന്ന സർവ്വവും........................
സർവ്വഭൂതവുമാത്മാവിൽ ആത്മാവിനെയുമങ്ങിനെ
സർവ്വഭൂതത്തിലും കാണുന്നവനെന്നുള്ള നിത്യമായ്"
ഈ സ്ഥിതി സാദ്ധ്യമാകണം. നിരന്തരധ്യാനം കൊണ്ട് ഈനിലകൈവരുത്തണം. അതാണ് കൈവല്യപ്രാപ്തി.

1) ഞാൻ ആരാണ്? ചിത്സ്വരൂപം. അതെ അറിവാകുന്ന സത്യവസ്തു. ആനന്ദം എൻെറ അനുഭവം, കൈവല്യം പരമലക്ഷ്യം. ഈ വസ്തുത മേൽഉദ്ധരിച്ച പ്രമാണങ്ങൾകൊണ്ട് സുവ്യക്തമാണല്ലോ.

2) ജീവജാലങ്ങൾ എവിടുന്നുണ്ടായി? ജീവജാലങ്ങൾ ഉണ്ടായവയല്ല; ഉള്ളവയാണ്. ഉണ്ടായവയാണെങ്കിലല്ലേ ഉത്ഭവസ്ഥാനം അന്വേഷിക്കേണ്ടതു്. ഉള്ളതു് എന്നുപറഞ്ഞാൽ സത്യവസ്തു, നിത്യവസ്തു, സ്ഥിരമായി ഉള്ളതു്, മാററമില്ലാത്തതു്. ഇതു് മനസ്സിലാക്കാൻ പ്രയാസമുള്ളതല്ലല്ലോ. ആദിയിലേ ഉള്ളതു് എന്നുപറയുന്നതിനും നർവ്വാംഗമില്ല. ആദി എവിടെ, അന്തമെവിടെ? ആദിയും അന്തവുമില്ലാതെ, നിത്യമായി സത്യമായി ഉള്ളവയാണ് ജീവജാലങ്ങൾ. ജീവജാലങ്ങൾ വിവിധങ്ങളായി നമുക്ക് തോന്നുന്നു. അവയ്ക്കു് വിവിധത്വം, സ്ഥൂലമായ വ്യത്യസ്ത അവസ്ഥ, സ്ഥൂലദൃഷ്ടിയിൽ തോന്നുന്നു. സൂക്ഷ്മമായ അറിവിൽ അവ ഒരേഒരു ഘടന. ജീവജാലങ്ങളിൽ കുടികൊള്ളുന്ന ആനന്ദാനുഭവത്തിന് വാകഭേദമുണ്ടോ. അതു് മനസിലാക്കുമ്പോൾ അവ

ഒരേ ഒരു ഘടനയിൽ ഉൾപ്പെടുന്നു എന്ന് സിദ്ധിക്കുന്ന തായി ആക്ഷം മനസ്സിലാകും. അതാണ് ഗുരു—"ഒരു പീഡയെറുമ്പിനും വരുത്തരുതെന്നുള്ള അനുകമ്പ" ഉണ്ടായിരിക്കണം കരുണാകര ദയാനിധേ, നീതന്നെയാണ് അതേ ഞാൻതന്നെയാണ് ഇവയെല്ലാവും എന്നുള്ള ചിന്ത എന്നിൽനിന്നും അകന്നുപോകരുത് എന്ന് ഉല്ക്കണ്ഠയോടുകൂടി പ്രാത്ഥിക്കുന്നത്. ജീവജാലങ്ങളുടെ ജഡത്തെപ്പററി ചിന്തിച്ചാലോ, പഞ്ചഭൂതങ്ങളുടെ കലപ്പ്, അവ പഞ്ചഭൂതങ്ങളിൽ അടിഞ്ഞ് സ്ഥിരമായി നിൽക്കുന്നു. മാഞ്ഞുപോകുന്നില്ല. പഞ്ചഭൂതങ്ങളുടെ സംഘടന തെററുമ്പോൾ ശരീരം ഉടയുന്നു എന്നേയുള്ളു.

മേൽവിവരിച്ച സംഗതിക്കു് ആകെക്കൂടി മഹാചിന്തകനായ കുമാരനാശാൻ നല്കുന്ന ഒരു വിവരണം നമുക്കു് അടിസ്ഥാനരേഖയായി സ്വീകരിക്കാം. ആശാൻെറ ആ പ്രസ്താവന ഗുരുദേവസിദ്ധാന്തങ്ങളുടെ ഒരു വിശദീകരണം തന്നെയാണ്. ആത്മോപദേശശതകത്തിന് ഒരു വ്യാഖ്യാനം തയ്യാറാക്കുകയായിരുന്നു ആശാൻ. വ്യാഖ്യാനത്തിൻെറ ആമുഖപ്രസ്താവനയായ ആ വിവരണം പ്രകൃതത്തിൽ നമുക്കു് പരിചിന്തനത്തിനു് സ്വീകരിക്കാവുന്നതാണ്. ആ പുണ്യാത്മാവിൻെറ വാങ്മയം അതുപോലെ ഇവിടെ പകത്തിക്കാണിക്കാം.

അറിയുന്നവൻ, അറിയപ്പെടുന്നതു്, അറിവ് എന്നു് പദാത്ഥങ്ങൾ മൂന്നാകുന്നു. സംസ്കൃതത്തിൽ ഇവയ്ക്കു് ജ്ഞാതാവ്, ജ്ഞാനം, ജ്ഞേയം ഇങ്ങനെ പറയും. ഇവയല്ലാതെ നാലാമതായിട്ടൊരു പദാത്ഥം

ഉണ്ടായിരിപ്പാൻ പാടില്ല. ഈ മൂന്നിനെയും തന്നെ അറിയുന്നതു് അറിയപ്പെട്ടുന്നതു് (അല്ലെങ്കിൽ) ദൃക്ക്, ദൃശ്യം എന്നു് രണ്ടുപദാർത്ഥമായിട്ടും ചിലർ വിഭജിക്കുന്നു. തന്നെ (അറിയുന്നവനെ) ഒഴിച്ചു മറ്റെല്ലാവും അറിയപ്പെട്ടുന്നതാകുന്നു. അറിവ് അറിയുന്ന ദൃക്കിനേക്കാൾ അന്യമല്ല. അറിയപ്പെട്ടുന്നതും അറിവിനേക്കാൾ അന്യമല്ല. അപ്പോൾ എല്ലാം അറിവാകുന്ന ഒന്നുമാത്രമാകുന്നു. അദ്വൈതവേദാന്തികളുടെ സിദ്ധാന്തവും ഉപനിഷത്തുകളുടെ പ്രതിപാദ്യ വിഷയവും ഇതാകുന്നു. ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി ഇവയും ഇവയാൽ അറിയപ്പെട്ടുന്ന ധർമ്മധർമ്മികളായി സംഖ്യയില്ലാത്ത വിഷയങ്ങളും ആകുന്ന ഈ ലോകം മുഴുവൻ വെറും തോന്നൽമാത്രമാണെന്നും അതിനെ അറിയുന്ന അറിവ് ഒന്നുതന്നെ സത്യമെന്നും അതുതന്നെയാണ് 'സച്ചിദാനന്ദബ്രഹ്മം' എന്നുമുള്ള പരമാർത്ഥത്തെ പല പ്രകാരേണ തെളിയിക്കുന്നതാണ് അദ്വൈതഗ്രന്ഥങ്ങളുടെ ഉദ്ദേശം. ശാസ്ത്രവിചാരം, തത്വചിന്തനം, സ്വാനുഭവം ഇവയെക്കൊണ്ടു് മഹാത്മാക്കൾ ആ പരമാർത്ഥത്തെ അറിഞ്ഞു് ജീവിക്കുന്നുണ്ടു്. അജ്ഞന്മാർക്ക് ആ പരമാർത്ഥത്തെ ബോദ്ധ്യപ്പെട്ടുത്തുന്നതിനായി അനേകം സ്ഥൂലസിദ്ധാന്തങ്ങൾ ഉണ്ടു്.

വസ്തുക്കളുടെ സ്വരൂപം നാം അറിയുന്നതുപോലെയല്ല. പരമാർത്ഥമായ സ്വരൂപത്തെ നാം അറിയുവാൻ ശ്രമം ചെയ്യുന്നതുമില്ല. ഒരു കർപ്പൂരഖണ്ഡം എടുക്കുക. അതു് വെളുപ്പും സൗരഭ്യവും മററുമുള്ള ഒരു വസ്തുവായിക്കാണുന്നു. അതിനെ കത്തിക്കുക ധൂമവും ജ്വാലയു

മായി അതു് വായുവിൽ മറഞ്ഞുപോകുന്നു. ഒരു വസ്തു എന്തായി മറയുന്നുവോ അതാണു് അതിൻെറ പരമാൎത്ഥം. ഇതു് സാൎവ്വത്രീകമായ ന്യായമാണു്. ആകയാൽ കൎപ്പൂരം സ്ഥൂലദൃഷ്ടിയിൽതന്നെ വായുവാകുന്നു. ഇതുപോലെ കരിമരുന്നു മുതലായവയും. ഒരു മരത്തുകട്ടിയെ എടുക്കുക അതു് സ്ഫടികംപോലെ ധവളമായും കഠിനമായും ഇരിക്കുന്നു. ചൂടുതട്ടുമ്പോൾ അതു് വെള്ളമാകുന്നു. അധികം ചൂടുപിടിച്ചാൽ ആവിയായും ആവി വായുവായും അവസാനിക്കുന്നതുകൊണ്ടു് അതും വായുതന്നെ. മറെറല്ലാപദാൎത്ഥങ്ങളും ഇപ്രകാരം അണുക്കളായി പോകുന്നവയും, പോകാവുന്നവയുമാണു്. രസതന്ത്രപ്രകാരം കരിക്കട്ടയും വൈരക്കല്ലും ഒന്നാകുന്നു. ഇവയുകൾതമ്മിലുള്ള അത്ഭുതകരമായ ഭേദം സ്ഥിതിഭേദം മാത്രമാണു്. വൈരം പാകത്തിൽ കരിക്കട്ടയായും അതു് അതിന്റെ കാരണമായ വായുവിശേഷമായും വായുവിൽതന്നെ അലിഞ്ഞുപോകയും ചെയ്യുന്നു. ഇങ്ങനെ പൎയ്യാലോചിച്ചാൽ ഈ പ്രപഞ്ചം മുഴുവൻ വിചാരാഗ്നിയിൽപ്പെട്ടു് കൎപ്പൂരമലപോലെയെരിഞ്ഞു് വായുമാത്രമായി ശേഷിച്ചുനില്ക്കുന്നതു് കാണാം. ഈ വായു അണുക്കളാകുന്നു. സ്ഥൂലദൃഷ്ടിയിൽ അദൃശ്യങ്ങളായ പരമാണുക്കൾ സൂക്ഷ്മബുദ്ധിയിൽ പൎവ്വതങ്ങൾപോലെ മഹത്തുക്കളായിരിക്കും. അവ അദൃശ്യങ്ങളായിരിക്കും. അവ അദൃശ്യങ്ങളാകുന്നതുവരെ ബുദ്ധി പരിശോധിക്കുകയുംചെയ്യും. ഒടുവിൽ ബുദ്ധിയിൽ അവയുടെ അഭാവം കാണപ്പെടും. അഭാവം അധികരണത്തെവിട്ടു് അന്യമല്ല. അതുകൊണ്ടു് ബുദ്ധിയിൽ കാണപ്പെടുന്ന സകലപദാൎത്ഥങ്ങളുടെയും അഭാവം

ബുദ്ധിതന്നെയാകുന്നു. ഇങ്ങനെ സകല പദാൎത്ഥങ്ങളും ബുദ്ധിയിൽനിന്ന് വിഷയരൂപമായുണ്ടായി, തത്വപരിശോധനയിൽ അതിൽത്തന്നെ അന്തർദ്ധാനം ചെയ്തു് നില്ക്കുന്നതുകൊണ്ടു് ഇരിക്കുമ്പോഴും നശിക്കുമ്പോഴും അവ ബുദ്ധി തന്നെയാകുന്നു. ആകാശത്തിലുണ്ടാകുന്ന ഒരുമന്ദമായചലനം ശബ്ദമായും തീവ്രചലനം വൈദ്യുതശക്തിയായും തീരുന്നു എന്നുംമററുമുള്ള പ്രകൃതിശാസ്ത്രസിദ്ധാന്തവും ഒരു പദാർത്ഥംതന്നെ നാനാപദാർത്ഥങ്ങളായിത്തീരുന്നുഎന്നുള്ളതിനെതെളിയിക്കുന്നുണ്ടു്. ബുദ്ധിവിഷയത്തോടുകൂടാതെ ഇരിക്കയില്ല. മേല്പറഞ്ഞ എല്ലാം ബുദ്ധിയായാൽ ഇവിടെ ബുദ്ധിയല്ലാതെ യാതൊന്നും ഇല്ലാത്തതുകൊണ്ടു് ഈ ബുദ്ധിയെ സാധാരണമായി നാം മനസ്സിലാക്കുന്നയൎത്ഥത്തിൽ 'ബുദ്ധി' എന്നു് പറഞ്ഞുകൂടാ — സംസ്കൃതത്തിൽ ഇതിനെ 'സംവിത്' എന്നും കേവലമായ 'ചിത്' എന്നും പറയുന്നു. മലയാളത്തിൽ ഇതിനെ വെറും 'അറിവു്' എന്നുപറയാം. വിചിത്രമായ ഈ ഭുവനം മുഴുവനും പരമാർത്ഥത്തിൽ ആ അറിവാകുന്ന ഒന്നിൽത്തന്നെ നാനാപ്രകാരേണ തോന്നുന്ന തോന്നലാകയാൽ എല്ലാം അറിവു് അല്ലെങ്കിൽ ചിന്മാത്രമാകുന്നു.

ഇനി ന്യായദൃഷ്ട്യാ ഇതിനെ വേറൊരു പ്രകാരത്തിൽ നോക്കാം. നാം ഒരു പദാർത്ഥത്തെ അറിയുന്നു. അതായതു്, അതിന്റെ രൂപം, പരിണാമം മുതലായ ധൎമ്മങ്ങളെ ഇന്ദ്രിയങ്ങൾമുഖേന ദ്രശിക്കുന്നു. ഈ ധൎമ്മങ്ങളെയല്ലാതെവേറെ നാംവല്ലതിനേയും അറിയുന്നുവോ?

ഇല്ല ഇന്ദ്രിയങ്ങൾക്ക് വേറെഒന്നിനേയും അറിയുവാൻ കഴിയുകയില്ല. അപ്പോൾ നാം ഒരു നാരങ്ങയെയല്ല; അതിൻെറ പരിണാമാദികളെയാണ് അറിയുന്നതു്. ഏതു് അറിയപ്പെടുന്നില്ലയോ അതുണ്ടായിരിക്കയുമില്ല. ധർമ്മിയായ നാരങ്ങ അറിയപ്പെടാത്തതുകൊണ്ടു് അതു് ഉണ്ടായിരിപ്പാൻ പാടില്ല. ധർമ്മംകൊണ്ടു് ധർമ്മിയെ അനുമാനിക്കാം. എന്നാൽ എല്ലാധർമ്മികളും ഈ അനു മാനത്തിനു് വിഷയങ്ങളാണു്. അതുകൊണ്ടു് ധർമ്മ ധർമ്മികളുടെ 'നിയതസാഹചര്യം' മറെറാരു ദിക്കിൽ പ്രത്യക്ഷമായിട്ടു് അറിയപ്പെടാത്തതിനാൽ അനുമിതി ഉണ്ടാവാൻ തരമില്ല. ധർമ്മധർമ്മികൾക്കു് സാമാന്യേന സാഹചര്യം അംഗീകരിക്കാമെന്നു പറയുമെങ്കിൽ ഒരിട ത്തും അവയുടെ സാഹചര്യം പ്രത്യക്ഷമല്ലാത്തതിനാൽ അങ്ങനേയും അനുമിതിവരാൻ പാടില്ല. അതുകൊണ്ടു് ധർമ്മിയായ നാരങ്ങ ഇല്ലതന്നെ. എന്നാൽ നിരാശ്രയ മായി അതിൻെറ പരിണാമാദിധർമ്മവും ഉണ്ടായിരി പ്പാൻപാടില്ലെന്നുവരും. അതു് അനുഭവവിരുദ്ധമാണു് എന്നുപറയുമെങ്കിൽ വസ്തുഗത്യാധർമ്മവും ഇല്ലതന്നെ. അനുഭവത്തെ പരിശോധിക്കുമ്പോൾ അനുഭവം തന്നെ വിരുദ്ധമാണെന്നും പറവാൻ തരമില്ല. അതിനു് അതുതന്നെ പ്രമാണം എന്നു് പറഞ്ഞുകൂടുന്നതല്ലല്ലോ. (നിത്യാനുഭവവിഷയമായ ഈ ഇന്ദ്രജാലത്തെ ആരും ഓക്കാറില്ല.) എന്നാൽ എല്ലാം ശൂന്യമോ? അല്ല. ധർമ്മിധർമ്മവ്യവഹാരങ്ങളെല്ലാം കാരണമായ ബുദ്ധി യിൽലയിച്ചു നിർവിഷയമായ ബുദ്ധിപൂർവ്വോക്തരീത്യാ കേവലം ചിന്മാത്രമായി അവിടേയും ശേഷിച്ചുകാണു

ന്നുണ്ടു്. എന്നുതന്നെയല്ല 'ഇതുനാരങ്ങ' എന്നുള്ളതിൽ നാരങ്ങായുടെ അംശം അശേഷം ശൂന്യമായി എങ്കിലും 'ഇതു്' എന്നുള്ളഭാഗം ശേഷിച്ചിരിക്കുന്നുണ്ടു്. അതു് എല്ലാപ്പോഴും എല്ലായിടത്തും ശേഷിച്ചിരിക്കുന്നതുമാണു്. അതു് നാരങ്ങായിൽ എങ്ങനെയോ അങ്ങനെ ലോകത്തുള്ള നാമരൂപാത്മകമായ സമസ്തവസ്തുവിലും നില്ക്കുന്നതും സർവ്വവ്യാപ്തവുമാണു്. 'ഇതുനാരങ്ങ' 'ഇതുമുല്ലപ്പൂവു്' 'ഇതു് ആകാശം' 'ഇതു ശബ്ദം' ഇവയിൽ എല്ലാം കാണുന്ന 'ഇതു്' എന്നതു കേവലം സത്തയെ അല്ലെങ്കിൽ സാമാന്യേന 'ഉണ്ടായിരിക്കുക' എന്നുള്ളതിനെ കുറിക്കുന്നു. ഈ കേവലസത്തയിൽ ലോകം മുഴുവൻ നാമരൂപഭേദേന ബുദ്ധിയിൽ കല്പിതമാണു്. നാമരൂപവ്യവഹാരങ്ങളോടുകൂടി പരമാർത്ഥദർശനത്തിൽ ബുദ്ധിനശിച്ചു് സത്തമാത്രമാകയും ചെയ്യുന്നു. ഈ സത്തയെപ്പോലെതന്നെ സത്തയെ വ്യാപിച്ചറിയുന്നബുദ്ധിയും അഖണ്ഡാകാരവും സൂക്ഷ്മദൃഷ്ടിയിൽ അയോഗോളകത്തെ വ്യാപിച്ച അഗ്നിപോലെ അതിൽനിന്നു് അഭിന്നവും അതോടുകൂടി ഏകവും ആകയാൽ അതും ചിന്മാത്രമാകുന്നു. ഈ അഖണ്ഡചിന്മാത്രവ്യാപ്തിയിൽ അതിന്റെ വാങ്മാനസഗോചരമായ വൈഭവത്താൽ ഈ വിചിത്രമായ നാമരൂപപ്രപഞ്ചം മുഴുവൻ സമുദ്രത്തിൽ തരംഗാദികൾപോലെയും മരുഭൂമിയിലെ സൂര്യപ്രകാശവ്യാപ്തിയിൽ ജലപ്രവാഹം പോലെയും കല്പിതമാകുന്നു. അതുകൊണ്ടു് എല്ലാം ചിന്മാത്രം തന്നെ. ഈ മഹാതത്വത്തെയാകുന്നു ബ്രഹ്മം എന്നും പരമാത്മാവു് എന്നും അദ്വൈതികൾ പറയുന്നതു്.

അവണ്ണനീയമായ ഇതിനെയാണു് ഗ്രന്ഥകാരൻ 'കരു' എന്നപദംകൊണ്ടു പറയുന്നതു്. നമ്മുടെ ആത്മാവു് ഇതുതന്നെയാകുന്നു.

നാം എന്നുള്ളതുകൊണ്ടു് നാം നമ്മുടെ ഭൗതികമായ ശരീരത്തേയോ ഇന്ദ്രിയങ്ങളേയോ പ്രാണവായുവിനേയോ മനസ്സ്, ബുദ്ധി ഇവയേയോ അല്ല അർത്ഥമാക്കുന്നതു്. അവയെല്ലാം നമ്മുടേതല്ലാതെ നാം അവയല്ല.

"മനസസ്തുപരാബുദ്ധിർ്യോ ബുദ്ധേഃ പരതസ്തു സഃ" ബുദ്ധിക്കു് പരമായിരിക്കുന്നതേതോ അതു് ആത്മാവാകുന്നു എന്നു ഗീതപറയുന്നു. അതു് ആചാര്യസ്വാമികളാൽ വണ്ണിക്കപ്പെടുന്ന 'ജാഗ്രത്സ്വപ്നസുഷുപ്തി' കളിൽ സാക്ഷിഭൂതയായി 'സ്ഫുടതര'യായിരിക്കുന്ന ആ 'സംവിത്' അല്ലെങ്കിൽ 'ചിത്' തന്നെയാകുന്നു. അതുകൊണ്ടു നമ്മുടെ ആത്മാവും മേല്പറയപ്പെട്ട പരമാത്മാവും ഘടത്തിലേയും വെളിയിലേയും ആകാശം പോലെ ചിന്മാത്രമാണെന്നും ഉള്ളതു് സ്പഷ്ടമാകുന്നു. ഭേദം ശരീരാദികളായ ഉപാധികളാൽ കല്പിക്കപ്പെട്ടതും ഉപാധികൾ തത്വചിന്തനയിൽ മിഥ്യയും ആകയാൽ നാം നിർവ്വികാരവും പ്രശാന്തവും അതു ഹേതുവായിട്ടു് പരമാനന്ദരൂപവുമായ അദ്വൈതാഖണ്ഡ ചിന്മാത്രബ്രഹ്മവുമാകുന്നു. ഇതാണു് ഉപനിഷത്തുകളുടെരഹസ്യം. ഇതാണു് ലോകത്തിന്റെ തത്വം. ഇതാണു് ആത്മാവിന്റെ പരമാർത്ഥം.

ആത്മാനം ചേദ്വിജാനീയാ—
ദയമസ്മീതിപുരുഷഃ
കിമിഛൻകസ്യകാമായ
ശരീരമനുസംജ്വരേത് ! (ബൃഃ ആഃ ഉപഃ)

ആത്മാവിൻെറ സ്വരൂപം ഇതാണെന്ന് ഏവൻ അറിയുന്നുവോ അവൻ എന്തുദ്ദേശിച്ച് ശരീരധൎമ്മങ്ങളെ അഭിമാനിച്ച ദുഃഖിക്കുന്നു ?

'ആനന്ദം ബ്രഹ്മണോ വിദ്വാൻ
നബിഭേതി കുതശ്ചന' (തൈഃ ഉപഃ)

ബ്രഹ്മാനന്ദത്തെ, അറിയുന്നവൻ യാതൊന്നിൽ നിന്നും ഭയപ്പെടുന്നില്ല. നാം ആനന്ദമയമായ ബ്രഹ്മമാണെന്നും ജന്മജരാമരണാദികൾ കേവലം കല്പിതങ്ങളല്ലാതെ വാസ്തവത്തിൽ അവ നമുക്കില്ലെന്നും അറിയുന്ന യോഗി എന്തുകൊണ്ടു് ഭയപ്പെടും ?

'ഭയമില്ലായ്മയാകുന്ന ഒരു മതമാണു് പഠിക്കേണ്ടതു'' എന്നു് മഹാനുഭാവനായ വിവേകാനന്ദസ്വാമികൾ പറഞ്ഞിട്ടുള്ളതിൻെറയും താല്പൎയ്യം ഇതുതന്നെയാണു്. ഇപ്രകാരമുള്ള തത്വചിന്തനംകൊണ്ടു് നമ്മുടെ ആത്മാവും പരമാത്മാവും ഒന്നാണെന്നും കല്പിതമായ പ്രപഞ്ചം മുഴുവനും പരമാൎത്ഥത്തിൽ ആ പരമധാമം തന്നെയാണെന്നുമുള്ള സ്വഭാവസിദ്ധാന്തമായ നിശ്ചയത്തോടുംകൂടി ജീവിക്കുന്നതിനു് അദ്വൈതികൾ ജീവന്മുക്തിയെന്നും ആ സ്ഥിതിയിൽ ശരീരപാതം സംഭവിക്കുന്നതിനു് വിദേഹമുക്തിയെന്നും പറയുന്നു. അതാണു പരമപുരുഷാൎത്ഥം. ഞാൻ അഖണ്ഡസച്ചിദാനന്ദബ്ര

വമമാണെന്നല്ല യഥാർത്ഥബോധം ദുഃഖരൂപങ്ങളായ ശരീരാദികളിൽ ഉള്ള അഹന്താമമതാദികളെ അസ്തമിപ്പിക്കുകയും മനുഷ്യനെ സകല ബന്ധങ്ങളിൽനിന്നും വിടുർത്തി ക്ഷേമസാമ്രാജ്യത്തെ നൽകുകയും ചെയ്യുന്നു.

ഭിദ്യതേ ഹൃദയഗ്രന്ഥി:–
ഛിദ്യന്തേ സർവ്വസംശയാഃ--
ക്ഷീയന്തേ ചാസ്യകർമ്മാണി
തസ്മിൻ ദൃഷ്ടേ പരാവരേ!

(മുണ്ഡകോപനിഷത്ത്)

ആ പരമധാമത്തെ സ്വാനുഭവത്താൽ അറിയുമ്പോൾ ഹൃദയത്തിലെ അഭിമാനബന്ധം ഭേദിക്കയും സംശയങ്ങൾ അററുപോകയും കർമ്മങ്ങൾ ക്ഷയിക്കയും ചെയ്യുന്നു. നിരഞ്ജനമായ ആധാമത്തിൽ ഇവ കല്പിതങ്ങളാണല്ലോ. ജ്ഞാനികൾ ഏകരസമായിരിക്കുന്നു. എങ്കിലും ഈ പരമാനന്ദത്തെ തത്വചിന്താദശയിൽ യുക്തിവിശേഷങ്ങളെക്കൊണ്ടു് വിവിധാഹ്ളാദഭേദത്തോടുകൂടി അനുഭവിച്ച് തൃപ്തിയേയും കൃതാർത്ഥതയേയും പ്രാപിക്കുന്നു. ആ യുക്തിവിശേഷങ്ങളേയും അനുഭവവിശേഷങ്ങളേയും ആണു് നൂറുപദ്യങ്ങൾകൊണ്ടു് ഇതിൽ വർണ്ണിച്ചിരിക്കുന്നതു്.

ആ വക യുക്തിവിശേഷങ്ങളും അനുഭവ വിശേഷങ്ങളും തന്നെ നമുക്കു് മാർഗ്ഗദർശകം. അതിനെ ആധാരമാക്കി നമ്മുടെ പ്രശ്നങ്ങൾക്കു് സമാധാനം കാണുവാൻ നമുക്കു് തുടന്ന് ശ്രമിക്കാം.

## 4. ജീവിതലക്ഷ്യമെന്തു്? അതെങ്ങനെ സാധിക്കാം?

അഖിലരുമാത്മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങുസദാപി ചെയ്തിടുന്നു;

ആത്മോപദേശ ശതകം 49–ാം പദ്യം.

ജീവിതലക്ഷ്യം ആത്മാവിനുള്ള സുഖാനുഭവമാണ്. ആനന്ദാനുഭവം, ചേതസ്സമാകർഷകമായ ജീവിതം ആനന്ദതുന്ദിലാവസ്ഥ, ലോകോത്തരസുഖം ഇങ്ങനെ വിവിധ രീതിയിൽ അലങ്കാരഭാഷയിൽ സുഖജീവിതത്തിനു് വിവരണങ്ങൾ നല്കാം. പഞ്ചേന്ദ്രിയ വ്യാപാരങ്ങൾ വഴിയാണ് സുഖം അഥവാ ആനന്ദം അനുഭവപ്പെടുന്നതു്. എന്നാലും എങ്ങനെയാണു് ആ മഹിമ നാം അനുഭവിക്കുന്നതു്.

1) ഇതാ അതിവിശിഷ്ടമായ ഒരു ഗാനം കേൾക്കുന്നു. ഹാ! ചേതസ്സമാകർഷകമായ ആ ഗാനം ആസ്വദിക്കുമ്പോൾ നാം സർവ്വവും മറന്നുപോകുന്നു. എവിടെ ഇരിക്കുന്നു, എന്തുചെയ്യുകയായിരുന്നു തുടങ്ങിയ നമ്മുടെ എല്ലാ അവസ്ഥകളും നാം വിസ്മരിച്ചുപോകുന്നു. "സംഗീതമാപാതമധുരം" എന്നത്രേ സർവ്വസമ്മതം. അതിന്റെ ആനന്ദസന്ദായകമായ സുന്ദരധ്വനികൾ ഇളം വായുവിൻെറ അലകളിൽ അലിഞ്ഞലിഞ്ഞു് ഒഴുകി നമ്മുടെ കാതുകളിലെത്തി അതുവഴി ആനന്ദം നല്കുന്നു. അങ്ങനെ ആനന്ദാവസ്ഥ എന്താണെന്നു് നമുക്കു് അറിയുവാൻ കഴിയുന്നു.

2) ഇതാ മതിമോഹനം മധുരഗന്ധം ഒഴുകി ത്തന്നെ വരുന്നു. വായുവിൻെറ കുഞ്ഞലകളിൽകലന്ന് പ്രവഹിച്ച് ഘ്രാണേന്ദ്രിയത്തെ ആകഷിച്ച് അതുവഴി ആനന്ദം നല്കുന്നു. ഇതാ മഹാകവി കുമാരനാശാൻെറ ലോകോത്തരമായ ഒരു കവിത.

"ഇതരസൗരഭവീചിയെ മേന്മയാൽ വിധുരമാക്കി-
യിളംകുളിർവായുവിൽ
എതിരകന്നിവിടെ പ്രസരിപ്പു ഹാ! മധുരഗന്ധമഹോ
മതിമോഹനം."

ഇതാ മതിമോഹനതരമായരണ്ടുസംഗതികൾ ഒരുമിച്ച് ആഗമിക്കുന്നു. ഒന്ന് അതിമോഹനമായ ഒരവസ്ഥാ വിശേഷം. മറെറാന്ന് അതിനെ വർണ്ണിക്കുന്ന കവിത. കവി തിരുവനന്തപുരം കാഴ്ചബംഗ്ലാവിനോടുചേർന്ന ഉദ്യാനത്തിൽ വിലസിനിന്ന മോഹനതരമായ കപോതപുഷ്പത്തെക്കാണുന്നു. അതിൻെറ അതിമോഹനഗന്ധം ആസ്വദിക്കുന്നു. വിവിധതരം തരുലതാദികളാൽ പരിശോഭിതമായ ഉദ്യാനതലം 'സാമ്യമകന്ന' ആ ഉദ്യാനം എങ്ങനെ വർണ്ണിക്കും. അതിൻെറ വിവിധതരം മേന്മ ആസ്വദിക്കുന്ന മഹാകവിക്കുണ്ടായ ആനന്ദം അദ്ദേഹത്തിൻെറ വാങ്മയങ്ങളിൽ നമുക്കു് ആസ്വദിക്കാമല്ലോ. സുഖത്തിൻെറ അതേ ആനന്ദത്തിൻെറ അതിമധുര സ്വഭാവം കവിവാക്കുകളിൽത്തന്നെ പ്രകാശിപ്പിക്കാം.

ഭ്രമരനീലദലാവലികൾക്കുമേൽ
വിമലമായ് മലർമഞ്ജരി ഒന്നിതാ
കമഠമുള്ളിലെഴുന്നകുളത്തിൽ നീർ
കുമിളതൻ നിരപോൽ വിലസുന്നിതേ

ആമകൾ അധിവസിക്കുന്ന ജലാശയങ്ങളിൽ കുമിളകൾ നിരന്നു കാണുന്നതുപോലെ പച്ച ഇലകളുടെ മുകളിൽ മനോഹരമായപുഷ്പങ്ങൾ വിലസുന്നു. നയനമോഹനവും ഹൃദയഹാരിയുമായ സംഗതികൾ !

ഇതാ ഒരു പൂന്തോട്ടം, രാമണീയകം ഒത്തിണങ്ങിയ ഒരു ഭൂഭാഗം, മനോഹരമായ ഒരു രൂപം, നടനരംഗ സംവിധാനങ്ങൾ, മററുകാഴ്ചകൾ ഇവയൊക്കെയും നയനാനന്ദകരമായവയാണല്ലോ. അവയിലൊക്കെയും മനസ്സുവയ്ക്കുന്ന നമുക്കുണ്ടാകുന്ന ആനന്ദം എന്തായിരിക്കും.

3) ഇതാ രുചികരമായ ഭക്ഷണം. ആസ്വാദ്യം അസുലഭമായുള്ളതു്, നാവിനും അതുവഴി മനസ്സിനും ഇഷ്ടപ്പെടുന്ന ആ ഭക്ഷണം എന്തെന്തു സന്തോഷമാണു് പ്രദാനംചെയ്യുന്നതു്.

4) ഇതാ കുളിർമ്മനല്കുന്നതും സ്പർശനസുഖം ഏറെ നൽകുന്നതുമായ ഒരു സംഗതി. ശരീരത്തിനു് അതു് എന്തുമാത്രം ആനന്ദംനല്കുന്നു. ഇങ്ങനെ നമ്മുടെ പഞ്ചേന്ദ്രിയങ്ങളേവയും നമുക്കു് അത്യന്തം ആനന്ദം നല്കുന്നവയത്രേ. വൃക്ഷലതാദികൾ, ആനന്ദനൃത്തം ചെയ്യുന്നതു് നാം കാണുന്നുണ്ടല്ലോ. അവയൊക്കെയും കാലങ്ങളിൽ തളിർക്കുന്നു, പുഷ്പിക്കുന്നു. അവയുടെ സുഖജീവിതം നമ്മെയും ആകർഷിക്കുന്നു. ഇതാ പക്ഷിമൃഗാദികൾ. അവയും ആനന്ദം നല്കുന്നവയും സുഖജീവിതം ജീവിതലക്ഷ്യമായി കരുതുന്നവയുമാകുന്നു.

മനുഷ്യർ തുടങ്ങി ജന്തുവർഗ്ഗങ്ങളുടെ മിഥുനങ്ങൾ വരെ യഥാർത്ഥത്തിൽ പ്രകൃതിയിലെ സുഖജീവിതത്തിന്റെ കരുക്കളായി നമുക്കനുഭവപ്പെടുന്നു. ഇങ്ങനെ വിവിധഘട്ടങ്ങളിൽ വിവിധ സ്വഭാവത്തിൽ ചരാചരങ്ങളായ ഏവയുടേയും മുഖ്യലക്ഷ്യം സുഖകരമായ ജീവിതമെന്ന് നമുക്കനുഭവപ്പെടുന്നുണ്ടല്ലോ.

## 5. സുഖജീവിതം നിലനിർത്താനുള്ള മാർഗ്ഗമെന്ത്?

സൗഖ്യജീവിതം നഷ്ടപ്പെടുമോ, എങ്ങിനെ? ഈവക ചോദ്യങ്ങളാണു നമുക്ക് മുഖ്യമായി ഉത്തരംകാണേണ്ടവ. ഇതാ അവിടെയും നമുക്ക് മഹാകവി കുമാരനാശാന്റെ ചിന്തോദ്ദീപകമായ ഒരു പ്രാർത്ഥന കാണാം.

സാഹസങ്ങൾ തുടർന്നടൻ സുഖഭാണ്ഡമാശു
കവർന്നുപോം
ദേഹമാനസദോഷസന്തതി ദേവദേവ
നശിക്കണേ.

നമ്മുടെ സുഖഭാണ്ഡം നഷ്ടപ്പെടുന്നതു് 'ദേഹമാനസദോഷങ്ങൾ' കൊണ്ടാണെന്നു് വ്യക്തമാണു്. ഇതു് നമുക്കറിയാവുന്നവതന്നെ എന്നാലും നാം ആ പരമാർത്ഥം സമ്മതിക്കാനോ സമ്മതിച്ചാലും അതിനെ സ്വീകരിക്കുവാനോ ആവിധ ദോഷങ്ങളിൽനിന്നും മുക്തനാകുവാനോ തയാറാകുന്നതല്ല. നമ്മുടെ ശരീരത്തെ നാം വിവിധതരത്തിൽ നശിപ്പിക്കുന്നു.

ഭക്ഷണദോഷം, അമിതമായ ശ്രമം, നിയന്ത്രണക്കുറവ്, കാമക്രോധാദി മനോദോഷങ്ങൾ ഇങ്ങനെ

വിവിധതരത്തിൽ ശരീരത്തെക്കൂടി ഉപയോഗപ്പെടുത്തി നമ്മുടെ ശക്തി എങ്ങിനെയെല്ലാം നഷ്ടപ്പെടുത്തുന്നു. ലഹരിസാധനങ്ങളുടെ ഉപയോഗം ശരിരത്തിനുണ്ടാക്കുന്ന കേടുകൾ എന്തുമാത്രമായിരിക്കും. അതു് അറിഞ്ഞുകൊണ്ടായാലും നമുക്കതിൽനിന്നു് വിമുക്തരാകുവാൻ സാധിക്കുന്നില്ല. അത്രവളരെ വിവരിക്കേണ്ട ആവശ്യമില്ലാത്തതും ആൎക്കും വ്യക്തമായി അറിയാവുന്നതുമാണു് നമ്മുടെ ദേഹത്തിനുസംഭവിക്കുന്ന ദോഷങ്ങൾ. അതേവിധംതന്നെ മനോദോഷങ്ങൾ. അമിതമായ ആഗ്രഹങ്ങൾ, ദുര, ദുർവൃത്തിയാനാസക്തി, അഭ്യസൂയ, അഹങ്കാരം, പരദൂഷണവാസന മുതലായ മാനസികദോഷങ്ങളാലുണ്ടാകുന്ന വിവിധ ക്ലേശങ്ങൾ നമ്മുടെ സുഖകരമായ ജീവിതത്തെ നഷ്ടപ്പെടുത്തുന്നു. "മൎത്ത്യരിൽ ദുരീഷ്യാമുക്തർ ആരാകിലും ധന്യന്മാർ അവർ" എന്നു് ശ്രീബുദ്ധദേവൻ പ്രവചിക്കുന്നു. ഇതാ അതു് കവിവാക്യത്തിൽ—

അന്യോല്ക്കൎഷവിരക്തരാത്മസുഖ മ-
　　റൈശ്വര്യമററന്ധരായ്
തന്നെത്താനെരിയുന്ന കത്തിയൊരസൂയാ
　　വഹ്നിതന്നിൽ സദാ
അന്യൂനംപറയാം മനുഷ്യരിൽ ദുരീഷ്യാ
　　മുക്തരാരാകിലും
ധന്യന്മാരവർ; സത്യമോതി ഭഗവാൻ
　　ബുദ്ധൻ വിവൃദ്ധാശയൻ.

ഏതിനും ദുരീർഷ്യയുള്ളവർക്കു് നിദ്ര ഉണ്ടാകുന്നതല്ല. അന്യൻെറ അഭിവൃദ്ധിയിലും ജീവിതത്തിലും ദോഷം

കാണുക, മററുള്ളവർ നശിക്കുന്നതുകാണുന്നതിൽ ഇഷ്ട പ്പെടുക, ആ മനോദോഷം ശരീരത്തെ ബാധിക്കും. അങ്ങിനെയുള്ളവക്ക് സുഖനിദ്രയുണ്ടോ, സുഖസ്ഥിതി യോടുകൂടിയ ഒരുജീവിതമുണ്ടോ? 'നമ്മുടെസുഖഭാണ്ഡം' നഷ്ടപ്പെടുന്നതിന്ന് നാം തന്നെ ഉത്തരവാദികളാകുന്നു. നാം ചെയ്യുന്ന ദുഷ്ടപ്രവൃത്തിയുടെ ഫലം നാം തന്നെ അനുഭവിക്കുന്നു എന്നതാണ് വാസ്തവം. കോപം, കാലുഷ്യം ഇവയാൽ രക്തത്തിനുണ്ടാകുന്ന മാലിന്യം വളരെവലിയ ആപത്തുകൾ ഉണ്ടാക്കാറുണ്ട്. കോപം രക്തത്തിൽ ദോഷാണുക്കളെ സൃഷ്ടിക്കുന്നു എന്നധികം പേരും അറിഞ്ഞിട്ടില്ല. ചിലർ ചില്ലറകാര്യങ്ങളിൽ പോലും കോപിഷ്ഠരാകുന്നുണ്ട്. മനസ്സിലുണ്ടാകുന്ന ചിന്താഭ്രമമായിരിക്കും തല്ക്കാലകാരണം. സ്വല്പം സമാ ധാനപ്പെട്ടിട്ട് വിവേകപൂർവ്വം ആലോചിച്ചാൽ ഉടനെ പരിഹാരംകാണാവുന്ന കാര്യങ്ങളായിരിക്കും നമ്മെ ഭ്രമി പ്പിക്കുന്നത്. സകല മാനസികഭ്രമങ്ങളുടെയും അടി സ്ഥാനമന്വേഷിക്കുമ്പോൾ നമുക്ക് കാണാൻ കഴിയും, നാം അജ്ഞാനികളാണ് എന്നുള്ളത്. ജ്ഞാനിയുടെയും അജ്ഞാനികളുടെയും മാൎഗ്ഗം നിൎണ്ണയിക്കുന്ന ഒരു സംജ്ഞ വേദാന്തികൾ നിൎണ്ണയിച്ചിട്ടുണ്ട്. ഒന്ന് കേവലം ലൗകി കൻെറ മാൎഗ്ഗവും മറെറാന്ന് അലൗകികൻെറ മാൎഗ്ഗവും. പ്രേയസ്സും, ശ്രേയസ്സും. ഭൗതികസുഖസമ്പാദനമാണ് പ്രേയസ്സ്. ആത്മസാക്ഷാല്ക്കാരമാണ് ശ്രേയസ്സ്. ആദ്യ ത്തേത് അവിദ്യാമാർഗ്ഗം. രണ്ടാമത്തേത് വിദ്യാമാൎഗ്ഗം. അവിദ്യാമാർഗ്ഗം അജ്ഞാനിയുടേത്. വിദ്യാമാർഗ്ഗം ജ്ഞാനിയുടേത്. ജ്ഞാനി, ഈ ജഗത്ത് ചിന്മാത്രമാ

ണെന്നറിയുന്നു. അജ്ഞാനി അതറിയുന്നില്ല. ചിന്മാത്ര മെന്നാൽ അറിവുമാത്രം. ഈ അറിവ് അല്ലെങ്കിൽ ചിത്ത് എന്തെന്ന് ഗുരുദേവ സൂക്തകങ്ങൾ വ്യക്തമാക്കുന്നു.

അറിവിനു് ശക്തി അനന്തമുണ്ടെന്നും, വിവേകവൃത്തിജ്ഞാനം ലഭിച്ചാൽ പതിനായിരം സൂര്യന്റെ പ്രകാശത്തേക്കാൾ പ്രകാശം നല്കുമെന്നും നമ്മെ ഉപദേശിച്ചിരിക്കുന്നു.

ആത്മോപദേശ ശതകം 36–ാം പദ്യം,

അറിവിനു ശക്തിയനന്തമുണ്ട്

പദ്യം–35.

ഒരു പതിനായിരമാദിത്യരൊന്നായ്
വരുവതുപോലെ വരും വിവേകവൃത്തി
അറിവിനെ മൂടുമനിത്യമായയാമീ–
യിരുളിനെയീർന്നെഴുമാദിസൂര്യനത്രേ.

എത്രയധികം സൂര്യപ്രകാശം ഉണ്ടായാലും അതീന്ദ്രിയജ്ഞാനം മൂലമുള്ള വെളിവ് ഉണ്ടാകുന്നില്ല. അന്യന്റെ മനസ്സിലെ നിഗൂഢവ്യാപാരംപോലും അതീന്ദ്രിയജ്ഞാനികൾ അറിയുന്നു. അകലെയിരിക്കുന്ന ഒന്നിന്റെ സൂക്ഷ്മസ്വഭാവം, അങ്ങകലെയിരുന്ന് ഒരാൾ വിചാരിക്കുന്ന കാര്യങ്ങളുടെ സൂക്ഷ്മത, ഓരോ സംഗതികളുടെയും കാര്യകാരണസംബന്ധം ഇവയൊക്കെയും അതീന്ദ്രിയജ്ഞാനികൾക്കറിയുവാൻ കഴിയുന്നുണ്ട്. ഈ അതീന്ദ്രിയജ്ഞാനം ലഭിക്കുന്നതിന് ആദിസൂര്യപ്രകാശം ലഭിക്കണം. ആദിസൂര്യപ്രകാശത്തിനെ മറെറാരു സ്വഭാവ

ത്തിൽ വിവരിക്കുന്നതാണ് വിവേകവൃത്തിജ്ഞാനം. ഈ വൃത്തിജ്ഞാനം എന്തുകൊണ്ട് സർവ്വത്ര പ്രകാശിക്കുന്നില്ല എന്നചോദ്യം എവിടെനിന്നും വരാവുന്നതാണ്. അതിന് ആത്മോപദേശശതകത്തിൽ സമാധാനം പറയുന്നുണ്ട്.

പദ്യം—76.

മണലലളവററുചൊരിഞ്ഞ വാപിയിന്മേ-
ലണിയണിയായലവീശിടുന്നവണ്ണം
അനൃതപരമ്പര വീശിയന്തരാത്മാ-
വിനെയകമേ ബഹുരൂപമാക്കിടുന്നു.

വൃത്തിജ്ഞാനത്തിൻെറ ഉറവിടം, ശുദ്ധ ജലാശയം പോലെ സ്വച്ഛവും നിർമ്മലവുമായിരിക്കണം. നിർമ്മലവും സ്വച്ഛവുമായ ജലാശയത്തിൻെറ അന്തർഭാഗം സുവ്യക്തമാണല്ലോ. അങ്ങിനെയുള്ള ജലാശയത്തിൽ തുടരെത്തുടരെ മണൽവിതറിയാൽ കൃത്രിമമായ ഓളങ്ങൾ ഉണ്ടാകുന്നു. ആ ഓളങ്ങളുണ്ടാകുന്നതിനുമുമ്പ് അതിൻ്റെ അന്തർഭാഗം നമുക്ക് പ്രത്യക്ഷദൃശ്യമായിരുന്നു. എന്നാൽ തിരകൾ—ഓളങ്ങൾ—ഉണ്ടാകുമ്പോൾ ആസ്ഥിതി ഭേദപ്പെടുകയും അന്തഃസ്ഥിതി നമുക്കുകാണാൻ കഴിവില്ലാതാകുകയും ചെയ്യുന്നു. അതുപോലെ അനൃതപരമ്പര, ദൃശ്യങ്ങൾ, അനാവശ്യസംഗതികൾ, അസത്യസംഗതികൾ, മലിനമായ കാര്യങ്ങൾ ഇവ തുടരെത്തുടരെ ഇടപ്പെട്ട് സ്വച്ഛമായ അതിൻെറ സ്ഥിതിയെ ഭേദപ്പെടുത്തുകയും പലവിധ രൂപഭേദങ്ങളോടുകൂടി അതിൻെറ യഥാർത്ഥപ്രകാശം മറഞ്ഞുപോകയും ചെയ്യുന്നു. ഇതു് നിത്യ

സംഭവം-സർവ്വത്ര നടക്കുന്നതു്. ഈവക അലങ്കോലങ്ങൾ ഒഴിഞ്ഞു് നമുക്കു് സ്വാസ്ഥത വരാൻ സാധിക്കുന്നുണ്ടോ എന്നാലോചിക്കാവുന്നതാണു്. ഈ സ്ഥിതിയിൽ നമുക്കു് എങ്ങിനെ വിവേകവൃത്തിജ്ഞാനം ലഭിക്കും? നമ്മുടെ ചിത്-അറിവു്--എങ്ങിനെ വിളങ്ങും? ഇതാണു് പ്രശ്നം.

വിശ്രമവേളകളിൽ, സ്വച്ഛന്ദമായ സന്ദർഭങ്ങളിൽ, ചിന്താപ്രധാനമായ അവസരങ്ങളിൽ നമുക്കതുവരെ യഥാർത്ഥമറിയാതിരുന്ന പല പ്രശ്നങ്ങൾക്കും സമാധാനം കണ്ടെത്താൻ കഴിയുന്നതു് നമുക്കുതന്നെ ബോദ്ധ്യമുള്ള കാര്യമാണു്. അത്യത്ഭുതമായ കർമ്മങ്ങൾ മനുഷ്യൻ നിർവ്വഹിക്കുന്നു. കവികൾ ഏകാന്തതയിൽ സുന്ദരങ്ങളായ കവിതകൾ നിർമ്മിക്കുന്നു. കവിയുടെ കഴിവു് അതിനുമുമ്പും ഉണ്ടു്. ഓക്കാൻ പ്രയാസമായിരുന്ന ഒരു സംഗതി, മനസ്സിൻെറ വ്യാപാരങ്ങൾ ഒന്നൊഴിച്ചു് ഏതാനുംനിമിഷം അങ്ങനെകഴിയുമ്പോൾ സമാധാനം കണ്ടെത്തുന്നു. അതുവരെ പ്രകാശിക്കാതെ അനൃതപരമ്പരയാൽ മൂടപ്പെട്ടിരുന്ന അന്തരാത്മാവിൽ സത്യം പ്രകാശിക്കുന്നു സത്യം പ്രകാശിക്കുന്നതിനു് യോഗ്യത ലഭിക്കുവാനുള്ള മാർഗ്ഗം അത്രവളരെ അലോഹ്യമില്ലാത്ത ജീവിതം നേടുകയാണു്. അലോഹ്യങ്ങൾ എത്രമേൽ ഒഴിച്ചുവയ്ക്കാമോ അത്രയ്ക്കത്രയ്ക്കറിവു് പ്രകാശിക്കുകയായി. ഇതുകൊണ്ടൊന്നും നമ്മുടെ വ്യാപാരങ്ങൾ മാററിവയ്ക്കണമെന്നില്ല. അന്തരാത്മാവിനെ ബഹുരൂപമാക്കിത്തീർക്കുന്ന വിവിധതരം പ്രക്രിയകൾ നാം

ഒഴിവാക്കിയാൽ മതിയാകും. ശ്രേഷ്ഠമായ ജീവിതമാഗ്ര ഹിക്കുന്നവർക്കുള്ള ഉത്തമ മാർഗ്ഗങ്ങളാണിവ. ഉത്തമ ജീവിതത്തിനുതകുന്നവ. നാം അജ്ഞാനമല്ല; അറി വുററതുതന്നെ എന്ന ബോധമാണുണ്ടാകേണ്ടതു്. ഗുരു ദേവൻ അതു് സുവ്യക്തമായി പറയുന്നു.

ആത്മോപദേശശതകം 18-ാം പദ്യം.

അഹമിരുളല്ലി,രുളാകിലന്ധരായ് നാ-
മഹമഹമെന്നറിയാതിരുന്നിടേണം;
അറിവതിനാലഹമന്ധകാരമല്ലെ-
ന്നറിവതിനിങ്ങനെയാർക്കുമോതിടേണം.

നാം ഇരുളടഞ്ഞ ഒന്നല്ല. ഇരുളടഞ്ഞ ഒന്നിനു് ഞാൻ ഞാൻ എന്ന ഒരു ബോധം എങ്ങിനെയുണ്ടാകും? ഈ പരമാത്ഥം വ്യക്തമായി ആക്കും അറിവുനല്കേണ്ടതാ ണെന്നു് ഗുരു അനുശാസിക്കുന്നു. ഞാൻ അറിവുതന്നെ യാണു് അറിവുതന്നെയെന്നു് ഞാൻ എന്ന സങ്കല്പം കൊണ്ടു് നമുക്കു് ബോധമുണ്ടു്. പക്ഷേ ഈ ബോധം ബോധരൂപത്തിൽ പ്രത്യക്ഷപ്പെടുത്താതെ നാം നമ്മെ തന്നെ അറിയാതെയും ഇക്കാണായതെല്ലാ നാംതന്നെ യാണെന്നു് അറിയാതെയും ഒരുവക ഇരുളിൽ തപ്പുന്നു. ആ അജ്ഞാനാവസ്ഥയിലും നാം നമ്മെ അറിയുന്നുണ്ടു്. അതിനപ്പുറം അറിയാൻ ശക്തിയെടുക്കുന്നില്ല. മുൻ ഖണ്ഡികയിൽ വിവരിച്ച അനൃതപരമ്പര, അന്യഥാ ചിന്തകൾ, പ്രാണിഹിംസ, പരദ്രോഹം, അഭ്യസൂയ, കാമക്രോധാദി വികാരങ്ങൾ ബുദ്ധിയുടെയും അന്തഃകര ണത്തിൻെറയും നിയന്ത്രണംവിട്ടു് മനസ്സിനെ സ്വച്ഛന്ദം

സഞ്ചരിക്കുവാൻ അനുവദിക്കുക ഈ വിധത്തിൽ ശക്തിക്ഷയം വരുന്നു. ഇതുകൊണ്ടെല്ലാം നമ്മുടെ ശക്തി പ്രകാശിക്കുവാൻ അവസരം കൊടുക്കാതെ അന്ധകൂപത്തിൽ കഴിയുന്നു. ഈ വക അന്ധകാരമയമായ ജീവിതത്തിൽനിന്നും മോചനത്തിനു് ഗുരുക്കന്മാർ വിവിധ മാർഗ്ഗങ്ങളിൽ ഉപദേശിക്കുന്നു.

ആത്മോപദേശശതകം പദ്യം 49.

അഖിലരുമാത്മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങു സദാപി ചെയ്തിടുന്നു;
.... .... .... .... .... .... .... .... .... ....
.... .... .... .... .... .... .... .... .... ....

നമ്മുടെ ആത്മാവിനുണ്ടാകുന്ന സൗഖ്യമാണു് സൗഖ്യം. അതിനാണു് ശ്രമിക്കുന്നതും ശ്രമിക്കേണ്ടതും. കുറെ കൂടി വിശാലമായി ഗുരുദേവൻ നമ്മെ ഉപദേശിക്കുന്നു.

പദ്യം 24.

അവനിവനെന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം:
അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം.

അവൻ ഇവൻ അതു് ഇതു് എന്നുള്ളവിധം നാം അറിയുന്ന സകലതും ആത്മസ്വരൂപം തന്നെയാണു്. നാം മാത്രമല്ല നമ്മെപ്പോലെ അവ എല്ലാവും ആത്മസ്വരൂപം തന്നെയാകുന്നു. ഈ സംഗതി നാം വളരെ വിവേകപൂർവ്വം ചിന്തിച്ചു് അനുഭവത്തിൽ വരുത്തുവാൻ ഗുരുദേവൻ ഉപദേശിക്കുന്നു.

പദ്യം ൨൨. പ്രിയമപരന്റെയതെൻപ്രിയം; സ്വകീയ-
പ്രിയമപരപ്രിയ;മിപ്രകാരമാകും
നയ;മതിനാലെ നരന്നു നന്മ നല്കും-
ക്രിയയപരപ്രിയ ഹേതുവായ്വരേണം.

അതു് അന്യന്നു് പ്രിയമുള്ള കാര്യമാണു്, എനിക്കതിൽ കാര്യമില്ല. കഴിവതും അതു് തടുക്കണം, ഇതെന്റെ പ്രിയതരമായ കാര്യമാണു്, അതു് നടക്കണം ഇങ്ങനെ അന്യന്റെ പ്രിയമെന്നും സ്വന്തം പ്രിയമെന്നും വേറു വേറായി കാണുന്ന നയമാണു് കണ്ടുവരുന്നതു്. അതു് ശരിയല്ല. മററുള്ളവൎക്കു് നന്മനല്കുന്നവിധമുള്ള പ്രവൃത്തിയാണു് യഥാൎത്ഥമായുള്ള പ്രവൃത്തി. അതാണു് ധൎമ്മം. നാം ചെയ്യുന്ന ഏതുകൎമ്മവും 'അപരപ്രിയഹേതുവായ്‌വരേണം' അതേ അന്യന്നു് പ്രിയമുള്ളവയായിരിക്കണം. അപ്രിയമുള്ളതു് ചെയ്യുകയേ അരുതു്. ജീവിതസുഖം കണ്ടെത്തേണ്ടതു് അന്യനുംകൂടി പ്രിയതരമായ പ്രവൃത്തി ചെയ്തിട്ടായിരിക്കണം. വാസ്തത്തിൽ സുഖം ആ വഴിക്കേ ലഭിക്കയുള്ളു. അന്യനെ സഹായിക്കാതെ, അന്യനെ ദുഃഖിപ്പിക്കുക കൂടി ചെയ്താൽ ആ ദുഃഖം നാംതന്നെ അനുഭവിക്കും; അനുഭവിക്കണം. അതാണു് യഥാൎത്ഥമായുള്ള ആത്മബന്ധം. അതു് വെളിവായി ധരിച്ചിരിക്കണം. ഗുരു വീണ്ടും പറയുന്നു.

പദ്യം ൨൩. അപരനുവേണ്ടിയഹന്നിശം പ്രയത്നം
കൃപണതവിട്ടു കൃപാലു ചെയ്തിടുന്നു;
കൃപണനധോമുഖനായ്കിടന്നുചെയ്യു-
ന്നപജയകൎമ്മമവന്നുവേണ്ടി മാത്രം.

ദയാശീലരായവർ രാവും പകലും അന്യൻെറ ഗുണം പ്ര ധാനമാക്കി പ്രവൎത്തിക്കുന്നു. കൃപണന്മാരോ, അതെ സ്വാൎത്ഥബുദ്ധികൾ തൻെറ കാൎയ്യം മാത്രം പ്രധാനം എ ന്നുകരുതി പ്രവൎത്തിക്കുന്നു. അവർ ചുററും നോക്കിക്കാ ണാതെ എന്നുമാത്രമല്ല ഉൽകൃഷ്ടവിചാരമില്ലാതെ സ്വ ന്തം ക്ഷേമം മാത്രം നോക്കി പ്രവൎത്തിക്കുന്നു. പക്ഷെ അതൊരു വിജയകരമായ കാൎയ്യമല്ല. നാം നമ്മുടെ പ്ര ത്യേക സുഖത്തിനോ പ്രത്യേക ജീവിതസൗകൎയ്യത്തിനോ അല്ല പ്രവൎത്തിക്കേണ്ടതു്. അതു് അധൎമ്മമായ പ്രവൃ ത്തിയാകുന്നു. അങ്ങനെയുള്ള പ്രവൃത്തികളത്രെ ഒടുവിൽ പരാജയത്തിൽ കലാശിക്കുന്നതു്. അതു് നാം നിത്യം കണ്ടുവരുന്ന കാൎയ്യമാണല്ലോ. ഒക്കെ ശ്രേയസ്സ് എന്നു് ആദ്യം തോന്നും. ഒട്ടുനാൾ കഴിയുമ്പോൾ എല്ലാം നശി ച്ചുവെണ്ണീറാവും. ധൎമ്മപരമായി കെട്ടിപ്പടുത്തുയൎത്തുന്ന വസ്തുക്കൾ സ്ഥിരതയുണ്ടായിരിക്കും. ഇതാണു് ഗുരു ഉപ ദേശിക്കുന്നതു്.

എങ്ങിനെ സമാധാനം കൈവരും. ക്ഷേമസാ മ്രാജ്യം എങ്ങിനെ സമ്പാദിക്കാം. പ്രേയസ്സിൻെറ മാർ ഗാന്വേഷികൾ ലോകത്തു് എന്തെല്ലാ കുഴപ്പങ്ങളും അട്ടി മറികളും നടത്തുന്നുണ്ടു്. പ്രകൃതിവിഭവങ്ങൾ മുഴുവൻ സ്വന്തമാക്കാൻ പ്രേയസ്സിൻെറ പ്രേരണയാൽ മനു ഷ്യൻ ശീഘ്രഗമനം ചെയ്യുന്നു. അതിനു് "ജീവിത മത്സരം" എന്നു് പേരു് നൽകുന്നുമുണ്ടു്. എന്താണു് ഇങ്ങനെസുഖഭോഗസമ്പാദനത്തിൽ മത്സരം. മററുള്ള വരെ താഴെയാക്കുന്നതിനും കഷ്ടപ്പെടുത്തുന്നതിനുമുള്ള

വ്യഗ്രത എന്നെല്ലാതെ അതിനു് ബഹുമതിനാമം അർഹിക്കുന്നില്ല.

## ഉയർച്ചയുടെ മാനദണ്ഡം.

ന്യായമായ ഉയർച്ച, ആകർഷകമായ ഉയർച്ച, അഭിനന്ദനകരമായ ഉയർച്ച, മാന്യമായ ഉയർച്ച. ഇങ്ങനെ ന്യായം, ആകർഷകം, അഭിനന്ദനാർഹം, മാന്യതയുള്ളതു് ഈ വിധത്തിലുള്ള ഉയർച്ചകൾകൊണ്ടു് നാം തൃപ്തിപ്പെടേണ്ടതും തൃപ്തിപ്പെടാവുന്നതും ആകുന്നു. എന്നാൽ ഇന്നു കണ്ടുവരുന്നതു് അങ്ങിനെയാണോ? അന്യായമായ മാർഗ്ഗങ്ങളിൽ ധനം കുന്നുകൂട്ടി ഏതെല്ലാം വിധത്തിൽ ചൂഷണം നിർവ്വഹിക്കാമോ അങ്ങിനെയെല്ലാം കൈകടത്തി അന്യായമായ ഉയർച്ച കൈവരുത്തുവാനുള്ള "മാരത്താൺ" ഓട്ടമാണു് ജനങ്ങളിൽ കണ്ടുവരുന്നതു്. ആ വക അക്രമങ്ങളാൽ കെട്ടിപ്പടുക്കുന്ന ഉന്നതി എങ്ങനെ ആകർഷകമാകും. ആരു് അതിനെ അഭിനന്ദിക്കും. അതിനു് മാന്യതയുണ്ടോ? നോക്കണം അംബരചുംബികളായ മഹാമന്ദിരങ്ങൾ എന്താണു്? അവകൊണ്ടുള്ള ഉപയോഗം എത്രയോ സാധുമന്ദിരങ്ങൾ നിർമ്മിക്കുവാനുള്ള വിഭവമാണു് അവിടെ കുന്നുകൂടി കിടക്കുന്നതു്. എങ്ങിനെ ലോകത്തു് സമസ്വഭാവം കൈവരും. നമുക്കു് വിഭവത്തിൻെറ കുറവുകൊണ്ടല്ല ദരിദ്രത വരുന്നതു്. കൃത്രിമമായ മാർഗങ്ങളിൽ മനുഷ്യൻ സ്വാർത്ഥതയുടെ പാരമ്യത്തിൽ വിഭവങ്ങളെ കടന്നുകൈവശപ്പെടുത്തുന്നതുകൊണ്ടു് വിഭവങ്ങൾ ദുർല്ലഭമാകുന്നു; യത്നങ്ങൾ നിഷ്ഫലമാവുന്നു.; പ്രയത്നഫലം വഞ്ചിക്കപ്പെടുന്നു;

യാതൊരു വിധമായ തത്വദീക്ഷയുമില്ല; എങ്ങിനെ ആത്മസുഖം ലഭിക്കും? വഞ്ചകർക്കു് തൃപ്തിയുണ്ടോ? അടങ്ങാത്ത ദാഹം; ആ ദാഹമോഹികൾ മാരത്തോൺ ഓട്ടത്തിൽ ആൎക്കു് ജയം എന്നുള്ള മനോവാശിയിൽ പായുകയായിരിക്കും. വഞ്ചിതരോ, നിത്യനിരാശരായി പ്രയത്നം എത്രകഴിച്ചിട്ടും കുക്ഷിക്കുപോലും വേണ്ടതു് തികയാതെ നിരാലംബരായി ദുഃഖിച്ചു് കഴിയുന്നു. ഇവിടെയാണു് നാം ലോകരഹസ്യം ദശിക്കുന്നതു്. ഈ രഹസ്യം ആരും പുറത്തുവിടുകയില്ല. മററു കാര്യങ്ങളിലേയ്ക്കു് ജനങ്ങളുടെ ശ്രദ്ധയെ തിരിച്ചുവിടുന്നതിലായിരിക്കും നമ്മുടെ നോട്ടം. ഇതൊന്നും ജീവിതമത്സരമല്ല. ദുരാഗ്രഹത്തിനുവേണ്ടിയുള്ള മത്സരം എന്നാണിതിൻെറ ശരിയായപേരു്. രാജ്യങ്ങൾ, മഹാരാജ്യങ്ങൾ, വ്യക്തികൾ, മഹാവ്യക്തികൾ എന്നിങ്ങനെ മത്സരുടെ പട്ടിക വളരെ വിപുലമാണു്. എവിടെ ആരുണ്ടു് അപരനു വേണ്ടി അഹർന്നിശം പ്രവൎത്തിക്കുന്ന കൃപാലുക്കൾ? വളരെ ചുരുക്കം. കൃപണന്മാരുടെ സംഖ്യ പെരുകിപ്പെരുകിവരുന്നു, കൃപണന്മാൎക്കു് സുഖജീവിതമുണ്ടോ? എങ്ങും മനസ്സമാധാനമില്ല. ആശിച്ചതെല്ലാം തികഞ്ഞില്ല; ഒടുവിൽ നിരാശരായി ഒടുങ്ങുന്നു. നിദ്രവരാത്ത ദിവസങ്ങളായിരുന്നു ആ സാധുക്കൾക്കു് കഴിഞ്ഞുപോയ ദിവസങ്ങൾ. ഇവയ്ക്കെല്ലാം പരിഹാരം കണ്ടു് മഹാത്മാക്കൾ നിർദ്ദേശിക്കുന്ന മാർഗ്ഗം സ്വീകരിക്കുകയാണു് വേണ്ടതു്. ഇതാ മാൎഗ്ഗദശകമായ ഒരു പ്രാർത്ഥന.

പാരിൽസൂര്യപരത്തിടായ്കകിരണം നിഷ്പക്ഷ-
പാതം ഭവാൻ

പോരുംചന്ദ്രപൊഴിച്ചതാകുമൊരുപോൽ
നീപൂനിലാവെന്നുമേ
നേരായ്നിങ്ങൾനമ്മത്ത്യധർമ്മമുപദേശിച്ചാ–
ലുമിച്ഛാശയൻ
പാരംപണ്ഡിതമാനിയാണുനരനീപാഠങ്ങ–
ളോരില്ലവൻ.

സൂര്യചന്ദ്രന്മാർ, നക്ഷത്രസമൂഹം, മേഘങ്ങൾ, വായു ഇങ്ങനെയുള്ള മഹാശക്തികളുടെ നിഷ്പക്ഷസഹായത്തിന്റെസ്വഭാവം നമുക്കറിയുവാൻകഴിയുന്നുണ്ടു്. പക്ഷെ ആ പാഠം തെല്ലുപോലും നാം സ്വീകരിക്കുന്നില്ല. പരോപകാരമായി ചെയ്യാൻ കഴിവുള്ള ശക്തിയെ പരദ്രോഹത്തിനും, വഞ്ചനയ്ക്കും, സാധുദ്രോഹത്തിനും, സഹോദരങ്ങൾക്കുകഷ്ടപ്പാടിനും കാരണമാക്കുന്ന വിക്രിയതിങ്ങിയ ലോകം എങ്ങിനെ സുഖമുള്ളതാകും? അപരനെ നിന്ദിച്ചുകററി സ്വാത്ഥത നിലനിത്തുവാനുള്ള ഏതെല്ലാം കുമാർഗ്ഗങ്ങൾ മനുഷ്യൻ നിർമ്മിച്ചിട്ടുണ്ടു്? എന്നിട്ടു് സുഖം വേണം, സുഖം വേണം, സുഖജീവിതം നിലനില്ക്കുവാനെന്തുമാർഗ്ഗം എന്നു് പരക്കംപായുകയാണു്. സാഹസങ്ങൾകൊണ്ടു് നിറഞ്ഞ ലോകത്തു് എങ്ങിനെ സുഖഭാണ്ഡം സിദ്ധിക്കും? സിദ്ധിക്കുകയില്ല. എത്ര അദ്ധ്യായങ്ങളിൽ വേണമെങ്കിലും മനുഷ്യന്റെ സാഹസങ്ങളുടെ പട്ടിക നിരത്താം. അതിലെത്രയോ ഇരട്ടി അദ്ധ്യായങ്ങളിൽ നമുക്കുണ്ടാകുന്ന ദുഃഖകരമായ അവസ്ഥാവിശേഷങ്ങൾ വർണ്ണിക്കുവാൻ കഴിയും. അന്തമില്ലാത്ത ആഴത്തിലേക്കുള്ളതാഴ്ചയായി ലോകം അധഃപതിച്ചുകൊണ്ടേയിരിക്കുന്നു. ആക്കു് നിവൃത്തന്മാരാകുവാൻ സാധിക്കുമോ

അവക്ക് സുഖജീവിതംകൈവരും. ഗുരുവിന്റെതാക്കീതു് ഒരിക്കൽക്കൂടി ആവർത്തിക്കുന്നു.

അപരനുവേണ്ടിയഹർനിശംപ്രയത്നം
കൃപണതവിട്ടുകൃപാലുചെയ്തിടുന്നു.
കൃപണനധോമുഖനായ്ക്കിടന്നുചെയ്യു-
ന്നപജയകർമ്മമവന്നുവേണ്ടിമാത്രം.

## 6. മരണവും മരണാനന്തരജീവിതവും

മരണം എന്നു് നാം ധരിക്കുന്ന ദേഹമുക്തി അതെ ദേഹനാശം കൊണ്ടർത്ഥമാക്കുന്ന അവസ്ഥയെയാണോ മരണം എന്ന സംജ്ഞ കൊണ്ടു് മനസ്സിലാക്കുന്നതു് ? അല്ല; ജീവൻ വിട്ടുപോകുന്നതിനെയാണല്ലോ നാം ഗണിക്കുന്നതു്. ജീവൻവിട്ടുപിരിഞ്ഞാലും ജഡം നമുക്കു ദർശിക്കാമല്ലോ. സഹജമായ അവസ്ഥാഭേദങ്ങളാലതു് ജീർണ്ണിക്കുവാനിടവരുമ്പോൾ ഉടനെ നാം അതെടുത്തു് മറവുചെയ്യുന്നു. ചിലർ ജഡം കൈവിട്ടുപോകുന്നതിൽ ദുഃഖിക്കുന്നുണ്ടു്. ജഡം അങ്ങനെ സുഗമമായി കൺമുമ്പിലിരുന്നാൽമതിയെന്നാഗ്രഹിക്കുന്നവർ കണ്ടേക്കാം. ഉണ്ടു്. ആ ജഡംകൊണ്ടു് എന്തുപയോഗമെന്നു് ഗ്രഹിക്കുമ്പോഴാണു് നമുക്കു് നഷ്ടപ്പെട്ടതെന്തെന്നു് മനസ്സിലാകുന്നതു്. അപ്പോൾ നമുക്കു് നഷ്ടപ്പെട്ടതു്, മരണമെന്നസംജ്ഞയ്ക്കു നിദാനമായതു്, ജീവനാശമാണല്ലോ. ഇതു് ഒരു പുതിയ നിഗമനമൊന്നുമല്ല. ജീവൻ എന്ന ശക്തി നിലനിന്നിടത്തോളം ജീവിതം നിലനിന്നു. ജീവൻ വേർപെട്ടു; ജീവിതവും അവസാനിച്ചു. ഈ

V. K. KESAVAN,
VILAYATHU,
KANJAVELY. P. O.
PERINAD, QUILON.

ജീവൻ എന്താണെന്നു് നാം ഗ്രഹിക്കണം. സത്ത, പരമാത്മാവു്, പരബ്രഹ്മം എന്നെല്ലാമുള്ള മഹൽതത്വത്തെപ്പററി മുൻവ്യവഹാരങ്ങളിൽനിന്നു് നമുക്കു് നല്ലയറിവുകൾ ലഭിച്ചിട്ടുണ്ടല്ലോ. പരമാത്മാവു് തന്നെയാണു് ജീവൻ. ജീവാത്മാവും പരമാത്മാവും ഒന്നെന്ന ബോധമാണു് യഥാർത്ഥ ആത്മബോധം. ഇതു് വ്യക്തമായി ധരിക്കണം. രണ്ടും രണ്ടെന്നു് ധരിക്കുന്നതു് അജ്ഞതകൊണ്ടുമാത്രം

## അദ്ധ്യാത്മരാമായണത്തിലെ ആത്മനിരൂപണം

സാധാരണ അധികം ആളുകളുടെയും അറിവിൽ പെട്ടിട്ടുള്ള ഒരു തത്വശാസ്ത്രമാണല്ലോ രാമായണത്തിലെ ലക്ഷ്മണോപദേശം. കുറേക്കൂടി ബോദ്ധ്യത്തിനുവേണ്ടി ആ ഭാഗം ഉദ്ധരിക്കുന്നതാണു്.

ആത്മാവാകുന്നതെന്തന്നുണ്ടോ ? കേളതുമെങ്കിൽ

.....................................................

ഞാനിതെന്നറിവിനു സാധനമാകയാലേ
സർവ്വത്രപരിപൂർണ്ണനാത്മാവുചിദാനന്ദൻ
സർവ്വസത്വാന്തർഗ്ഗതനപരിച്ഛേദ്യനല്ലോ
ജ്ഞാനംകൊണ്ടെന്നെവഴിപോലെകണ്ടറിഞ്ഞീടാം
ജ്ഞാനമാകുന്നതെന്നെകാട്ടുന്നവസ്തുവല്ലോ
ജ്ഞാനമുണ്ടാകുന്നതുവിജ്ഞാനംകൊണ്ടുതന്നെ

.........................................

V. K. KESAVAN,
VILAYATHU,
KANJAVELY, P.O.
PERINAD, QUILON



..................................................

ജീവാത്മാവെന്നും പരമാത്മാവെന്നതുമോർക്കിൽ
കേവലംപര്യായശബ്ദങ്ങളെന്നറിഞ്ഞാലും
ഭേദമേതുമേയില്ല രണ്ടുമൊന്നത്രേതൃന്നം
ഭേദമുണ്ടെന്നുപറയുന്നതജ്ഞൻമാരല്ലോ

..................................................

ആത്മാവല്ലാതെയുള്ള ദേഹാദിവസ്തുക്കളി-
ലാത്മാവെന്നുള്ളബോധം യാതൊന്നുജഗത്രയേ
മായയാകുന്നതതുനിർണ്ണയമതിനാലേ
കായസംബന്ധമാകും സംസാരംഭവിക്കുന്നു
മായാകല്പിതം പരമാത്മനീവിശ്വമെടോ
മായകൊണ്ടല്ലോവിശ്വമുണ്ടെന്നുതോന്നിക്കുന്നു.

ഈ വിധത്തിൽ പരമാത്മാവുതന്നെയാണുജഡത്തിൽ നിന്നും അകന്നതെന്ന് നമുക്കു മനസ്സിലാകുമല്ലോ. ഒന്നു കൂടി നാമാലോചിച്ചാൽ പരമാത്മാവെവിടെ അകന്നു? എങ്ങുംതിങ്ങി എല്ലാററിനുംമീതേ എല്ലാമായിനില്ക്കുന്ന പരമാത്മാവ് എവിടെ മറഞ്ഞു? എങ്ങും മറഞ്ഞില്ല. പഞ്ചഭൂതസംഘാതമാണ് ശരീരം. പഞ്ചഭൂതങ്ങളുടെ സംഘടനതെററിയപ്പോൾ ശരീരം ഉടഞ്ഞു. അതിൽ പ്രത്യേകമായി നാം ദർശിച്ചിരുന്ന ശക്തി നമ്മുടെ ഇന്ദ്രിയങ്ങൾക്കുവിഷയമാകാതെ പോകുന്നു. എങ്ങും മറയുന്നില്ല

ഇതാ കുറെ മൺപാത്രങ്ങൾ. എല്ലാററിനും അടപ്പുണ്ട്. അവയിലെല്ലാം പ്രത്യേകം ആകാശം നിലനില്ക്കുന്നുണ്ട്. അടപ്പുതുറന്നുനോക്കിയാൽ പാത്രത്തിന്റെ

ആവരണംകൊണ്ടു് അതിൽ തങ്ങുന്നആകാശം പ്രത്യേക തയിൽ നില്ക്കുന്നതായി തോന്നും. ആ പാത്രങ്ങളിൽ ഒന്നോ ഏതാനുമോ ഉടയട്ടെ. അതിൽ തങ്ങിനിന്നു എന്നു നമുക്കുതോന്നിയ ആകാശം എങ്ങും പ്രത്യേകത യായി കാണുന്നില്ല. മൺപാത്രങ്ങളിലെ ആകാശം മഹാകാശമായിരുന്നു. പ്രത്യേകത നമ്മുടെ തോന്നൽ മാത്രമാണു്. ഘടാകാശം മഹാകാശത്തിൽ ലയിച്ചു എന്നുപറയുന്നതും ശരിയല്ല. അങ്ങിനെ ആകാശത്തിനു് അവസ്ഥാഭേദമില്ല. ആകാശം എപ്പോഴും സർവ്വത്രത്തിങ്ങി വിടവെന്യേ നില്ക്കുന്നതാണെന്നുള്ളതാണു് പരമാൎത്ഥം. പരമാത്മാവിൻെറ നിത്യത, അഭംഗുരത ഇവ തെളി യിക്കുന്ന ഒരുദാഹരണമാണു് മേൽവിവരിച്ചതു്. ശരീര ത്തിൽ തങ്ങിനിന്ന ആത്മശക്തി പ്രകാശിക്കുന്നതു് നമുക്കു് ഇന്ദ്രിയഗോചരമായി, ശക്തിസ്ഫുരണങ്ങൾ നമ്മൾ ദർശിക്കുന്നു. അതിൻെറ വിവിധ ഫലങ്ങൾ നമ്മളനുഭവിക്കുന്നു. അതാൎക്കും അനുഭവമാണല്ലോ. എന്നാൽ ഉടഞ്ഞശരീരത്തിൽ തങ്ങിനിന്ന ശക്തിവി ശേഷം എങ്ങിനെ നഷ്ടപ്പെട്ടും ? ശരീരമേ ഉടഞ്ഞുള്ളൂ. ശക്തിവിശേഷം നഷ്ടപ്പെടുന്നില്ല. അതിന്റെ ജ്വലനവും തേജസ്സും അങ്ങനെതന്നെ ക്രിയാത്മകമായി നില്ക്കുക തന്നെചെയ്യുന്നു. ശരീരസ്ഥിതനാകുന്നതിനുമുമ്പുംപിമ്പും ആ ശക്തിവിശേഷം ജ്വലിച്ചുകൊണ്ടുനിന്നു. ശരീരം ഉടഞ്ഞതിനുശേഷവും അതു് ജ്വലിച്ചുകൊണ്ടുനിൽക്കും. ഈ സംഗതികളുടെ തെളിവിനായി ശ്രീനാരായണഗുരു അനേകം നിർവ്വചനങ്ങൾ നമുക്കു് നല്കുന്നുണ്ടു്. അതി ലൊന്നു് ഇവിടെ പകൎത്തുന്നു.

# ഗുരുദേവൻ നല്കുന്ന ഗദ്യപ്രാർത്ഥന

"കാണപ്പെടുന്നതൊക്കെയും സ്ഥൂലം"
സൂക്ഷ്മം, കാരണം എന്നീ മൂന്നു രൂപങ്ങളോടുകൂടിയതും പരമാത്മാവിൽനിന്നുമുണ്ടായി അതിൽത്തന്നെ ലയിക്കുന്നതുമാകുന്നു. അതിനാൽ പരമാത്മാവല്ലാതെ വേറൊന്നുമില്ല. സകല പാപങ്ങളേയും നശിപ്പിക്കുന്ന, വരുത്തുകളയുന്ന, പരമാത്മാവിന്റെ യാതൊരുസ്വരൂപം എന്റെ ബുദ്ധിയെ തെളിച്ച് നല്ലവഴിയേ കൊണ്ടുപോകുമോ, ധ്യാനിക്കേണ്ടതായ പരമാത്മാവിന്റെ ആ ദിവ്യരൂപത്തെ ഞാൻ ധ്യാനിക്കുന്നു. അല്ലയോ പരമാത്മാവേ! ഇപ്രകാരം ഇടവിടാതെ എനിക്കങ്ങയെ ധ്യാനിക്കുന്നതിനും, അങ്ങയുടെ പരമാനന്ദം ലഭിക്കുന്നതിനും അങ്ങയുടെയനുഗ്രഹം എന്നിലുണ്ടാകണമേ! അല്ലയോ ദൈവമേ! കണ്ണുകൊണ്ടുകാണുന്നതൊന്നും നിത്യമല്ല. ശരീരവും നീർക്കുമിളപോലെ നിലയററതാകുന്നു. എല്ലാം സ്വപ്നതുല്യമെന്നല്ലാതെ ഒന്നും പറയുവാനില്ല. നാം ശരീരമല്ല; അറിവാകുന്നു. ശരീരമുണ്ടാകുന്നതിനു മുമ്പിലും അറിവാകുന്ന നാം ഉണ്ടായിരുന്നു. ഇനി ഇതൊക്കെയും ഇല്ലാതെപോയാലും നാം ഇപ്രകാരം പ്രകാശിച്ചുകൊണ്ടു തന്നെയിരിക്കും. ജനനം, മരണം, ദാരിദ്ര്യം, രോഗം, ഭയം ഇതൊന്നും നമ്മെ തീണ്ടുകയില്ല. ഇപ്രകാരം ഉപദേശിക്കപ്പെടുന്ന തിരുവാക്കുകളേയും, ഈ തിരുവാക്കുകളുടെ ഉപദേഷ്ടാവായ പരാത്മാവിനേയും ഞാൻ ഊണിലും ഉറക്കത്തിലും ഇടവിടാതെ എല്ലായ്പ്പോഴും ചിന്തിക്കുമാറാകണമേ! നീ എന്റെ സകല പാപങ്ങളേയും കവന്നെ

ടുത്തുകൊണ്ടു് എനിക്കു നിന്റെ പരമാനന്ദം നല്കണമേ! എന്റെ ലോകവാസം കഷ്ടപ്പാടുകൂടാതെ കഴിഞ്ഞുകൂടുന്നതിനും ഒടുവിൽ നിന്റെ പരമപദം പ്രാപിക്കുന്നതിനും നിന്റെയനുഗ്രഹം എന്നിലുണ്ടാകണമേ!"

മരണവും മരണാനന്തരജീവിതവും എന്ന പ്രശ്നമാണല്ലോ ഇപ്പോൾ പര്യാലോചിക്കുന്നതു്. ഈ സംഗതിയെപ്പററി സുചിന്തിതമായി ചില അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ വിചാരിക്കുന്നു. എന്റെ അറിവും, ബുദ്ധിയും, മനനവും ഈ വിവരണത്തിനു് സഹായകമാകുന്നു. ചിലതൊക്കെ തെററായേക്കാം. എന്നാലും ഈമാർഗ്ഗത്തിൽ സ്വതന്ത്രചിന്തയുണ്ടായിരിക്കണമെന്നുള്ള തത്വം എനിക്കു് പ്രേരണനല്കുന്നു. തെററുവന്നേക്കാം. തെററു് വരാമെന്നുള്ളതു് തീർച്ചയാണല്ലോ.

നാംധരിക്കുന്ന അവസ്ഥാഭേദം അല്ലെങ്കിൽ മരണം ജീവിതത്തിന്റെ അവസാനമല്ല. ജീവിതമെന്നു പറയുമ്പോൾ തന്നെ ജീവനോടുകൂടിയിരിക്കുന്ന അവസ്ഥ എന്നാണല്ലോ അർത്ഥമാക്കുന്നതു്. ജീവവൻ—ജീവാത്മാവു്—പരത്മാവു് നിത്യമായഒന്നാണന്നുള്ള വസ്തുത സർവ്വസമ്മതമാണല്ലോ. അപ്പോൾ നിത്യമായ ശക്തി നിത്യമായിതെന്ന നില്ക്കുന്നു. ചേതനകൾ നിറഞ്ഞ ജഗത്തിൽ ആ ശക്തി രൂപഭേദമായി പ്രകാശിക്കുകതന്നെ ചെയ്യുന്നു. ആ അവസ്ഥയെ പ്രേതമെന്നു് ചില പണ്ഡിതന്മാർ പറഞ്ഞുവരുന്നതു് ശരിയാണൊ എന്നു് പര്യാലോചിക്കേണ്ടതാണു്. ഒന്നോർത്താൽ ശരീരവും അങ്ങിനെ നശിക്കുന്നില്ല. പഞ്ചഭൂതസംഘാതമായ ജഡം

പഞ്ചഭൂതങ്ങളിൽ ലയിച്ച് വീണ്ടും പൊന്തിവരുവാനുള്ള വസ്തുവായി പരിണമിക്കുകയാണ് ചെയ്യുന്നതു്. അതിനും ഒരു ശക്തിവിശേഷം താങ്ങായി ഉണ്ട്.

ജീർണ്ണവസ്ത്രം മാററി പുതിയതു് ധരിക്കുന്നതുപോലെ കേട്ടവരുന്ന ദേഹത്തെവിട്ട് ദേഹത്തിൽ ചൈതന്യമായി പ്രകാശിച്ചിരുന്ന പരമാത്മാവു് അതെ ദേഹി മറെറാരു ശരീരത്തെ പ്രാപിക്കുന്നുഎന്ന് പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുള്ളതു് ശ്രദ്ധാർഹമാണല്ലോ. അപ്പോൾ പരമാത്മവിനെ വിഭജിക്കുക പ്രത്യേകംപ്രത്യേകം അറകളിൽ ഒതുക്കുക എന്നക്രമമാണ് സ്വീകിച്ചുകാണുന്നതു്. ഇതെങ്ങിനെ ശരിയാകും? പരമാത്മാവു് അഖണ്ഡമാണല്ലോ. പ്രപഞ്ചത്തിലുള്ള സംഖ്യാതീതമായ ജീവജാലങ്ങളുടെ ഉദയവും സ്ഥിതിയും കാണുമ്പോൾ അതിനു ഹേതു എങ്ങിനെയെന്ന് നാം അമ്പരന്നുപോകും. ഇവിടെ സാധാരണക്കാരുടെ ബുദ്ധിയും ചേതനയുംചലിക്കാതെപോകുന്നു. ഗുരു 'ചിൽപ്രഭാവം' എന്ന് ഈ മഹിമാവിനെ വർണ്ണിക്കുന്നു. ഈ സ്ഥാനത്തു് ശ്രീനാരായണ ഗുരു പല നിർവ്വചനങ്ങളും നല്കുന്നുണ്ട്.

ആത്മോപദേശശതകം 78–ാം പദ്യം.

> മരണവുമില്ല, പുറപ്പുമില്ല, വാഴ്വും,
> നരസുരരാദിയുമില്ല; നാമരൂപം
> മരുവിലമന്ന മരീചിനീരുപോൽ നി–
> ല്ലൊരുപൊരുളാം, പൊരുളല്ലിതോത്തിടേണം.

നമ്മുടെ ദൃഷ്ടിയിൽ ചിലതു് സംഭവിക്കുന്നു. അതിന് മരണമെന്നും ജനനമെന്നും ജീവിതമെന്നും നാംപറ

യുന്നു. ജീവിതം ഉള്ളതുതന്നെയാണ്. മരണവും ജനനവും കല്പിതങ്ങളുമാകുന്നു. ഇതാ ഒരു നദി പ്രവഹിച്ചുകൊണ്ടേയിരിക്കുന്നു. പക്ഷേ നാം ആ നദിയെ സ്ഥിരമായി മുന്നിൽ കാണുന്നു എന്ന് ധരിക്കുന്നു. ജലത്തിന്റെ ഉത്ഭവവും ഒഴുക്കും പതനവും ഒരു ചംക്രമണമാണ്. അതുപോലെ പ്രപഞ്ച പ്രതിഭാസത്തിന്റെ ഒരു ചംക്രമണം എന്നല്ലാതെ ജനനവും മരണവും ഇല്ല. നാം പലേ പേരുകൾ സങ്കല്പിച്ചുവരുന്ന നരൻ, സുരൻ, ദേവൻ ഇതൊക്കെ പേരുകളിൽമാത്രം നിലനില്ക്കുന്നു. അവ ഇല്ലാത്തവയാണ്. ഇതാ ഒരു മരുഭൂമിയിൽ വെയിൽ തട്ടുന്നിടത്ത് സ്ഥിരമായി വെള്ളമുണ്ടെന്ന് തോന്നുന്നു, ആവിധം തെററായതോന്നൽ മാത്രമാണ് ഈ അനുഭവങ്ങൾ, എന്നാൽ ആത്മാവിനുമാററമില്ല, സർവ്വവും ആത്മപ്രഭാവം. ഇതാ മറെറാരു നിർദ്ദേശം.

പദ്യം 57. അലയരുമാഴിയിലുണ്ടനന്തമായാ-
കല;യിതുകല്യ;യനാദികാര്യമാകും
സലിലരസാദിശരീരമേന്തിനാനാ-
വുലകുരുവായുരുവായി നിന്നിടുന്നു.

സമുദ്രത്തിൽ നാനാതരത്തിൽ തിരകൾ, ഓളങ്ങൾ, ചുഴികൾ, കുമിളകൾ, പത ഇവ അനവരതം ദൃശ്യമാകുന്നു. ഇവയും ജലവും ഒട്ടും ഭിന്നമല്ല. കാററിന്റെ പ്രവർത്തനംകൊണ്ട് ജലത്തിലുണ്ടാകുന്ന പ്രകാരഭേദങ്ങളാണ് "തിര, നുര, ചുഴിയെന്നീ രൂപഭേദങ്ങൾ" ഈ രൂപഭേദങ്ങൾ ഉണ്ടാകുന്നു; മറയുന്നു. അതുപോലെ ശരീരങ്ങൾ ഉത്ഭവിക്കുന്നു; മറയുന്നു. ഇവ്വ് അനാദി

കാര്യമാണ്, ആദ്യന്തവിഹീനമായകാര്യമാകുന്ന ആദിയും അന്തവുമില്ലാത്ത ഈ പ്രക്രിയ ആദ്യന്തവിഹീനമായ ബ്രഹ്മത്തിന്റെ പ്രതിഫലനം തന്നെ. അതുകൊണ്ടത്രേ ഇതിനെ ചിൽപ്രഭാവം എന്ന് വിശേഷിപ്പിക്കുന്നത്.

പദ്യം 79. ജനിസമയം സ്ഥിതിയില്ല; ജന്മിയന്യ-
ക്ഷണമതിലില്ലിതിരിപ്പതെപ്രകാരം?
ഹനനവുമിങ്ങനെതന്നെ;യാകയാലെ
ജനനവുമില്ലിതു ചിത്പ്രഭാവമെല്ലാം.

ജനിച്ചതു് എപ്പോഴെന്നു് പറയുവാൻ സാധിക്കുമോ? സാദ്ധ്യമല്ല. നാം കാണുന്ന പുറപ്പ് യഥാൎത്ഥമായ ജനനമല്ലല്ലോ. ജനിച്ച സമയം ഏതെന്നു് ആക്കും നിശ്ചയിക്കാവതല്ല. നമ്മുടെ കൺമുമ്പിൽ ജനിച്ചതായി കാണുന്ന ഒന്നിനുംതന്നെ ഒരു സ്ഥിരം സ്ഥിതി ഉണ്ടോ? ഇല്ല. നിമിഷംപ്രതി മാറിക്കൊണ്ടിരിക്കുന്നു. കുഞ്ഞു് പിറന്നു് ഉടനെ ഞരങ്ങി അടുത്തനിമിഷം കരഞ്ഞു് കൈകാൽ കുടഞ്ഞു് സ്ഥിതിഭേദം വരുന്നു. ആ സ്ഥിതിഭേദം തുടരുന്നു. ഒരു ചംക്രമണം വിരാമമില്ലാത്ത പ്രവാഹം ആണ്. ഇടക്കു് ജഡം വിടുന്നു. അതുകൊണ്ടു് ജീവനു് അവസാനം വന്നില്ല. അതു് പഴയപടി തുടരുന്നുണ്ടു്. നാം കാണുന്നില്ല എന്നേയുള്ളു. അവിടെയും വരുന്ന സ്ഥിതിഭേദം നമ്മുടെ ദൃഷ്ടിക്കു് വിഷയമാകുന്നില്ല. ഇതു് ബോദ്ധ്യപ്പെട്ടാൽ ജനനവും ഇല്ല മരണവും ഇല്ല എന്നു് മനസ്സിലാകും. പിന്നെ ഈ മഹിമാവിനെ എങ്ങിനെ വില ഇരുത്താം. അത്രേ ചിൽപ്രഭാവം എന്നു് പുരാവിത്തുകൾ പറയുന്നു.

V. K. KESAVAN,
VILAYATHU,
KANJAVELY, P. O.
PERINAD, QUILON.

പഞ്ചഭൂതങ്ങൾ, ജലം, വായു, അഗ്നി, മണ്ണ്, ആകാശം ഇവ ജഡസ്വരൂപങ്ങളെന്നാണ് വ്യവഹാരം. ജഡവസ്തുക്കളെന്നാൽ ചൈതന്യരഹിതം, ചൈതന്യമില്ലാത്തതു് എന്ന അർത്ഥത്തിലാണോ ജഡം എന്നു പറയുന്നതു് എന്നു സംശയമാണ്. പഞ്ചഭൂതങ്ങളിൽ അടങ്ങുന്ന ചൈതന്യശക്തി അത്രെ ജീവജാലങ്ങളെ നിലനിർത്തുന്നതു്. അല്ലെങ്കിൽ ചൈതന്യമാണു് ജീവജാലങ്ങൾ. മണ്ണിന്റെ ശക്തിയാണല്ലോ ഉല്പത്തിക്കടിസ്ഥാനം. അതു് നമുക്കു് നിമിഷംപ്രതി അനുഭവം ആണു്. നിമിഷവും വായുവില്ലാതെ സാദ്ധ്യമല്ല. സകലതിനും അഗ്നിയുടെ ചൂടുവേണം. ആകാശം ഇതിനെ ഒക്കെയും താങ്ങുന്നു. ജലം സകലതിനെയും പോഷിപ്പിക്കുന്നു, ഈ വിധമുള്ള പോഷകശക്തി അതായതു് ചൈതന്യം പഞ്ചഭൂതങ്ങളിൽ അന്തർലീനമാണു്. ഈ സന്ദർഭത്തിൽ ചിന്തകൾ, ദർശനങ്ങൾ ഇവകളുടെ ഗതിക്കു് മാററം വരുന്നു. ഇതാ ശ്രീനാരായണഗുരു പ്രപഞ്ചത്തിലുള്ള രണ്ടു് മുഖ്യമായ പിരിവു് നിർണ്ണയിച്ചു കാണിക്കുന്നു. രണ്ടേരണ്ടു് വസ്തുമാത്രം. അവിടുന്നു് രചിച്ചതും ഈയിടെയുണ്ടായ ധർമ്മസംഘത്തിന്റെ പ്രസിദ്ധീകരണംവഴി അറിവിൽപ്പെട്ടതുമായ ഗദ്യപ്രബന്ധത്തിൽനിന്നു്—"അണു മുതൽ ആനവരെ ഉള്ളവയൊക്കെ ഇളകിനടക്കുന്നതും പുല്ലുമുതൽ ഭൂരുഹപര്യന്തം നിലയിൽ നിൽക്കുന്നതും ആകുന്നു. ഇവ ഒക്കെയും സൂത്രത്തിൽ കോർത്തിട്ടിരിക്കുന്ന മണികൾപോലെ എല്ലാവകയും അടങ്ങിക്കിടക്കുന്നു" ഈ തത്വം തന്നെ ആത്മോപദേശശതകത്തിലെ 2-ാംപദ്യത്തിൽ ഊന്നി പ്രസ്താ

വിച്ച് നമുക്ക് ജ്ഞാനോപദേശം നൾകുന്നുണ്ടല്ലോ.

കരണവുമിന്ദ്രിയവും കളേബരംതൊ-
ട്ടറിയുമനേകജഗത്തുമോക്കിലെല്ലാം
പരവെളിതന്നിലുയന്നഭാനുമാൻതൻ-
തിരുവുരുവാണുതിരഞ്ഞുതേറിടേണം.

അതേ, എല്ലാം ബ്രഹ്മത്തിന്റെ തിരുവുടൽ തന്നെ. ഒന്നുംതന്നെ ചൈതന്യരഹിതമല്ല. അത് തിരഞ്ഞു തേറിടേണം = ഇതു ചിന്തിച്ചുമനസ്സിലാക്കണം. ഇതാണു ജ്ഞാനോപദേശം. പദ്യത്തിന്റെ വ്യാഖ്യാനം പ്രാരംഭ ഭാഗത്തുണ്ട്. ശതകം 88-ാം പദ്യം ശ്രദ്ധിക്കുക.

സകലവുമുള്ളതുതന്നെ; തത്വചിന്താ-
ഗ്രഹനിതു സർവ്വവുമേകമായ് ഗ്രഹിക്കും;
അകമുഖമായറിയാസ്സിൽ മായയാം വൻ-
പക പലതും ഭ്രമമേകിടുന്നു പാരം.

സകലതും ഉള്ളതാണ്, ഉള്ളവ ഉറപ്പിച്ചുതന്നെപറയുന്നു. അതേ, ഒന്നുംതന്നെ ഉണ്ടായവയല്ല. എല്ലാം ഉള്ളവയാകുന്നു. നിത്യമായി ഉള്ളവ, തത്വബോധമുള്ളവന്. തത്വം = പരമാത്ഥം അറിഞ്ഞവന് ഇവഏകം. അതേ, ഒരേ ഒരു വസ്തു എന്നുഗ്രഹിക്കാം. ഈ പ്രബന്ധത്തിന്റെ പ്രാരംഭത്തിൽ, ജീവജാലങ്ങൾ ഉണ്ടായവയല്ല, ഉള്ളവയാണെന്ന് ഈതത്വത്തെയാശ്രയിച്ച് പ്രസ്താവിച്ചിട്ടുള്ളതാണ്. ഗുരുദേവന്റെ ചിന്താമണ്ഡലത്തിന്റെ വ്യാപ്തി ഇവിടെ ദശിക്കാം. എല്ലാദശനങ്ങളേയും അതിക്രമിച്ച്, ചച്ചചെയ്തുമാററിമാററി, ഒടുവിൽ പറയുന്നു, സകലതും ഉള്ളതുതന്നെ. അതെ, ഏകമായ ഒന്ന്. ഇതിനെ ആന്ത

രികമായ ബോധത്തോടുകൂടി മനസ്സിലാക്കാത്തപക്ഷം മായാശക്തി പലവിധ അനുഭവങ്ങളിൽകൂടി നമ്മെ ഭ്രമിപ്പിക്കുന്നതാണെന്ന് ഗുരു താക്കീതു് നൽകുന്നു. മരണവും മരണാനന്തരജീവിതവും എന്ന വ്യവഹാരം ഇവിടെ അവസാനിപ്പിക്കുന്നു.

## 7. എന്താണ് മായ

മായയെക്കുറിച്ച് കുറെക്കൂടി വ്യാപകമായ ഒരു ചർച്ച ജീവിതവിമർശനത്തിൽ വരേണ്ടതുതന്നെയാണ്. സർവ്വവും ഏകമാകുന്ന സ്ഥിതിക്ക് മായയും അതിൽ നിന്ന് ഭിന്നമല്ലല്ലോ. ദൈവദശകത്തിൽ ഗുരു ഇങ്ങനെ നിർദ്ദേശിക്കുന്നു.

നീയല്ലോ മായയും മായാ-
വിയും മായാവിനോദനും
നീയല്ലോ മായയെനീക്കി-
സ്സായൂജ്യം നല്കുമാര്യനും.

അതേ, ചിൽശക്തിയിൽ അടങ്ങിയിരിക്കുന്നതും, ഭ്രമം ജനിപ്പിക്കുന്നതുമായ ഒരുശക്തിയാണ് മായ. വേദാന്തികൾ മായയെക്കുറിച്ച് പലതരം നിർവ്വചനങ്ങൾ നടത്തുന്നുണ്ട്. മായാശക്തി പ്രധാനമായി എട്ടുവിധത്തിൽ അനുഭവപ്പെടുന്നു എന്ന് വേദാന്തഗ്രന്ഥങ്ങളിൽ വിവരിക്കുന്നുണ്ട്.

1) ഒന്നിന്റെ യഥാർത്ഥമായ സ്ഥിതിയെ ആവരണകൗശലത്തിൽ മറച്ചുകളയുന്നതുകൊണ്ട്, മായ

2) വിവേകജ്ഞാനത്തിന്ന പ്രേരണനല്കുന്ന അനുഭവങ്ങൾ ഉണ്ടാക്കുന്നശക്തി അടങ്ങുന്നതുകൊണ്ടു്, വിദ്യ.

3) അതേനാമയം, അവിവേകം ജനിപ്പിക്കുന്ന ശക്തിയായതുകൊണ്ടു്, അവിദ്യ.

4) ഇന്ദ്രിയങ്ങൾക്കു് വിഷയഗ്രഹണശക്തി നല്കി സഹായിക്കുന്നതുകൊണ്ടു്, പര.

5) സ്ഥൂലപ്രപഞ്ചത്തെ ഏതുയും ആകർഷകമാക്കി പ്രകാശിപ്പിക്കുന്നതുകൊണ്ടു്, അപര.

6) ചേതനാശക്തിയെ മറച്ചുകളഞ്ഞു് അന്ധകാരമയമാക്കുന്ന ശക്തി അടങ്ങുന്നതുകൊണ്ടു്, തമസ്സ്.

7) സകല പ്രപഞ്ചപ്രതിഭാസങ്ങളിലും ആകർഷകത്വം കലർത്തുന്നതുകൊണ്ടു്, പ്രധാനം.

8) സത്വം, രജസ്സ്, തമസ്സ് ഇങ്ങനെ ഗുണങ്ങളെ വിവിധരൂപത്തിൽ പരിവർത്തനം ചെയ്യിക്കുന്നതുകൊണ്ടു്, പ്രകൃതി.

ഇങ്ങനെ മായയുടെ അനുഭവ വിശേഷംകൊണ്ടു്, 1, മായ 2, വിദ്യ 3, അവിദ്യ 4, പര 5, അപര 6, തമസ്സ് 7, പ്രകൃതി 8, പ്രധാനം ഇങ്ങനെ ബഹുധാ ഭാനിക്കുന്ന മായയ്ക്കു് വിക്ഷേപം ആവരണം എന്നു് പ്രധാനമായി രണ്ടുശക്തികളുടെ ഉറവിടമെന്നു് വ്യവഹാരമുണ്ടു്. അതിൻെറ സ്വഭാവം മനസ്സിലാക്കിയതിൽ എട്ടായി തരംതിരിച്ച മായയുടെ വിധങ്ങളെ രണ്ടു് പ്രധാനഭാഗമായി നിർണ്ണയിക്കുകയാണെന്നു് മനസ്സിലാകും. രണ്ടുവിഭാഗത്തേയും താഴെ വിവരിക്കാം.

വിക്ഷേപം:— സ്ഥൂലസൂക്ഷ്മസ്വഭാവത്തോട്ടുകൂടി ആക
ർഷകമാംവിധം ജഗത്തു് പ്രത്യക്ഷപ്പെടുത്തുന്ന മായയുടെ
ശക്തിയെ വിക്ഷേപം എന്നു് സങ്കല്പിക്കുന്നു. അതിരു
കടന്നു് ആകർഷകത്വമുണ്ടാക്കുക, അതുവഴി തെററിനു്
കാരണമാകുക. അതുകൊണ്ടു് അവിദ്യയെന്നും വിക്ഷേ
പത്തിനു് മറെറാരുപേരുണ്ടു്.

ആവരണം:— എല്ലാവിധ സൂക്ഷ്മജ്ഞാനവും നല്കുന്ന
തിനും മായ സഹായിക്കുന്നുണ്ടു്. തെറെറന്തു്, ശരി
യെന്തു് എന്നു ധരിപ്പിക്കുന്നതിനുമായ സന്ദർഭമുണ്ടാക്കു
ന്നുണ്ടു്. "വ്യഥപോലറിവേകിടുന്നസൽഗുരുവും മർത്ത്യനു
വേറെ ഇല്ലതാൻ." സകലവ്യഥയ്ക്കും കാരണം മായ
യുടെ പ്രേരണയാണു്. നാനാതരത്തിലുള്ള ദുഃഖങ്ങൾക്കു
കാരണമാക്കി ഒടുവിൽ ബോധമുദിക്കുന്നതിനു് സഹായി
ക്കുന്ന മായയുടെ ശക്തിയെ ആവരണം എന്നും വിദ്യ
എന്നും പറയുന്നു. ഏതിനും ഭ്രമം ജനിപ്പിച്ചു് മോഹ
ങ്ങൾക്കധീനമാക്കുന്ന ശക്തി എന്ന ഒരു നിർവ്വചനം നല്കി
മായാശക്തിയെ കുറേക്കൂടി വിവരിക്കാം.

## മോഹം രണ്ടുവിധം

ആവശ്യമായ മോഹം, അമിതമായ മോഹം.
രണ്ടിനും സഹായകമായി മായ നിലനില്ക്കുന്നു. മിത
മായ മോഹം പ്രാണിസഞ്ചയങ്ങൾക്കു് ജീവിതസുഖം
നല്കുന്നു; ആത്മസംതൃപ്തി നല്കുന്നു. എന്നാൽ അമിത
മായ മോഹത്തിലാണു് മായയുടെ രൂക്ഷതമുഴവൻ പ്രകാ

[library stamp]



ശിക്കുന്നതു്. ലോകസുഖഭോഗങ്ങൾ ഒന്നും തികയാതെയുള്ള പരക്കംപാച്ചിൽ; അമിതമോഹം കൃപണത്വം ഉണ്ടാക്കും. അവർ അധോമുഖന്മാരായി യാതൊരുവിധമായ സമത്വബുദ്ധിയും സഹോദരഭാവവും അവരിൽ നിന്നു് തെല്ലുപോലും ഉണ്ടാകുന്നതല്ല. അന്ധകാരമായ മായയുടെ അവിദ്യാമാർഗ്ഗത്തിൽ അവർ പെട്ടുപോകുന്നു. സഹജീവികളെ വെറുക്കുന്നതോടുകൂടി ആത്മവഞ്ചകരാകുന്നു. മായാമോഹിതരായി അവർ വീണ്ടും വീണ്ടും അധഃപതിക്കുന്നു. അവർക്കും മററുള്ളവർക്കും അമിതമോഹികൾ ദോഷം വരുത്തുന്നു. അവർ നടത്തുന്ന കർമ്മങ്ങൾ 'അപജയകർമ്മങ്ങൾ' എന്നാണു് ഗുരുദേവൻ വിശേഷിപ്പിക്കുന്നതു്.

ആസുരം ലോകമൊന്നുണ്ടു
കൂരിരുട്ടാലാവൃതം
മോഹമാന്നാത്മഹന്താക്കൾ
പോകുന്നു മൃതരായതിൽ.

ഈശാവാസ്യോപനിഷത്തിലെ ഒരു ഭാഗമാണു് മേൽ ഉദ്ധരിച്ചതു്. ഗുരുദേവൻ ഭാഷാന്തരം ചെയ്തു് ആർക്കും ഗ്രഹിക്കാവുന്നവിധം നമുക്കു് നല്കുന്നു. അമിതമോഹം നിമിത്തമുണ്ടാകുന്ന 'കൂരിരുട്ടാൽ' ആവൃതമായ ആസുരം ലോകം ഇവിടെത്തന്നെയുള്ള ഒരു അധോലോകമാണു്. ഋഷിമാരുടെ വാക്കുകളിൽ മാറ്റവുക്കുറവുണ്ടെന്നുതോന്നും. ലോകോദ്ധാരണതല്പരർ, ആ താല്പര്യത്തിൻെറ പേരിൽ മൂർച്ചയേറിയ വാക്കുകൾതന്നെ ഉപയോഗിക്കും. അവർക്കു് ലോകസംഗ്രഹലക്ഷ്യമാണുള്ളതു്. ഹിതവും അഹിതവും

V. K. KESAVAN,
VILAYATHU,
KANJAVELY, P. O.
PERINAD, QUILON.

അവരുടെ മാർഗ്ഗത്തിൽ നോട്ടമില്ല. നാം അറിഞ്ഞു് അനുഷ്ഠിച്ചു് ആത്മസുഖം സമ്പാദിച്ചുകൊള്ളേണ്ടതു് നമ്മുടെ കടമയാണു്. രണ്ടു്, ഇനി ഒരുകൂട്ടം അമിത മോഹികൾ. അവക്കു് മനുഷ്യരെ തന്നെ തിരിച്ചറിയുവാൻ കഴിയുന്നില്ല. സ്വാർത്ഥത മാത്രമാണു് അവരെ അതിനു പ്രേരിപ്പിക്കുന്നതു്. സ്വന്തംസുഖംമാത്രം ലക്ഷ്യമാക്കി സഹോദരങ്ങളെ അവർ അവഹേളിക്കുന്നു; നിന്ദിച്ചു് അകററുന്നു. ദണ്ഡനമാർഗ്ഗം ഉപയോഗിച്ചു് ലോകവിഭവങ്ങളുടെ അവകാശികളെ അവർ ദൂരെപായിക്കുന്നു. അമിതമായ മായാമോഹമാണു് അതിനു് പ്രേരണ നല്കുന്നതു്. ഇത്ര അഗാധമായ മായാമോഹത്തിൽപ്പെട്ടവരിൽ ഒരു കൂട്ടർ അവർ ബ്രഹ്മജ്ഞാനികളാണെന്നു് അഭിമാനിക്കുന്ന സാധുക്കൾ, ദുർബ്ബലർ അതിനെ അനുസരിച്ചു് ചവിട്ടുന്ന കാലിൽ കുമ്പിടുന്നു. അവരെ വാഴ്ത്തുന്നു. എന്തെങ്കിലും ചെറിയ അനുകൂലത്തിനായിരിക്കും അവരെ കുമ്പിടുന്നതിനു് നമ്മെ പ്രേരിപ്പിക്കുന്നതു്. ബ്രഹ്മജ്ഞാനാഭിമാനികൾക്കു് തെല്ലും കുലുക്കം കാണുകയില്ല. അവരുടെ പിടി മുറുക്കിത്തന്നെ വച്ചുകൊള്ളും. ഈവിധ അധോലോകത്തിലടിഞ്ഞു് തലമുറ തലമുറയായി കുന്നുകൂടിയ അജ്ഞതയകററുന്നതിനാണു് ആചാര്യന്മാർ നാനാമാർഗ്ഗത്തിൽ മനുഷ്യസമൂഹത്തെ നേരായമാർഗ്ഗത്തിലേയ്ക്കു് ഉപദേശിക്കുന്നതു്. ദണ്ഡിക്കുന്നവരെ ശക്തിയായി തടുക്കുകയും ദണ്ഡനം സഹിക്കുന്നവരെ കാരുണ്യപൂർവ്വം രക്ഷിക്കുകയും ചെയ്യുകയാണു് ലോകസംഗ്രഹം ലക്ഷ്യമാക്കിയിട്ടുള്ളവരുടെ പരിശ്രമം. രണ്ടുകൂട്ടരിലും പെട്ടു് പിണഞ്ഞുപോയ മായയെ അവർ

തുറന്നുകാണിച്ചുകൊടുക്കുന്ന നമ്മുടെ പുരാതനഗ്രന്ഥങ്ങൾ, സാഹിത്യങ്ങൾ, വിഗ്രഹങ്ങൾ, പ്രതിഷ്ഠകൾ, അവതാരങ്ങൾ ഇവയുടെയെല്ലാം സൃഷ്ടി, വർഗ്ഗമേധാവിത്വത്തെ പിടിച്ചുനിറുത്തുന്നതിനുള്ള കരുക്കളാണെന്നുള്ളതു് പ്രത്യക്ഷമാണു്. ദശാവതാരങ്ങൾ ശ്രദ്ധിക്കുക. അവക്കെല്ലാം പൂണുനൂൽ കാണിക്കുന്നുണ്ടു്. അതിന്റെ വാസ്തവം പൂണുനൂൽ രക്ഷാകവചമാക്കിയ ഒരു സമൂഹത്തിന്റെ സൃഷ്ടിയാണു് ഇവ എന്നാകുന്നു. ആര്യന്മാരിൽ ഒരുവിഭാഗം ആളുകൾ പൂണുനൂൽ ധരിച്ചതിനു് ശേഷമാണു് ദശാവതാരങ്ങളുടെ ഉത്ഭവം. മത്സ്യത്തിനും കൂർമ്മത്തിനും, വരാഹത്തിനും, നരസിംഹത്തിനുമെല്ലാം പൂണുനൂൽ സ്ഥിരമായി ഉണ്ടു്. വാമനൻ ബ്രാഹ്മണനാണല്ലോ. പിന്നെയുള്ളവരുടെ കഥ പറയാനുമില്ല ഇയ്യിടെ ഏതോ ഒരു തത്വജ്ഞാനി എഴുതിയ പാട്ടിൽ "അദ്വൈതത്തിനുപൂണുനൂലണിയിക്കും ആര്യമതക്കാർ" എന്നു് പ്രയോഗിച്ചിരിക്കുന്നു. വർഗ്ഗമേധാവികളായ സ്വാർത്ഥമതികളുടെ സൃഷ്ടിയാണിവയെല്ലാം എന്നറിയുവാൻ വലിയ ബുദ്ധിസാമർത്ഥ്യമൊന്നും വേണ്ട. സാധുക്കളെ ബുദ്ധിപൂർവ്വമായി ചൂഷണം ചെയ്യുന്ന മേധാവികൾ എല്ലാ വർഗ്ഗത്തിലും ദേശത്തിലും ഉണ്ടായിരുന്നു. ഉണ്ടു്. ഈ മേധാവികൾ കൗശലപൂർവ്വം ഒരു സംഘടനയും സ്ഥാപിച്ചിരുന്നു. ശ്രീനാരായണയുഗത്തിൽ അതു് ഒട്ടൊക്കെ പൊളിഞ്ഞു. ബാക്കി പൊളിഞ്ഞുകൊണ്ടേയിരിക്കുന്നു. അന്ധമായി ത്രിവിധ രത്നങ്ങളെ വണങ്ങുന്ന അടിമത്വത്തിൽനിന്നു് നാം മോചിതരാകുവാൻ നോക്കിയാൽ മതി; ജീവിതം ഒട്ടൊക്കെ സുരക്ഷി

തമാകും.

ഭഗവൽ കഥകളിലടക്കി, അടപ്പിട്ടുസൂക്ഷിച്ചിട്ടുള്ള വൻ കള്ളങ്ങളുടെ കഥകൾ എത്ര ഭീമമായ ജനമർദ്ദനത്തെയാണു് വിളംബരംചെയ്യുന്നതു്. നാം അവ കണ്ണും അടച്ചു് പാനംചെയ്യുകയാണു് ചെയ്യുന്നതു്. 'നൃഗമോക്ഷം' എന്നൊരു വിചിത്രകഥ ഭാഗവതഗ്രന്ഥത്തിലുണ്ടു്. ഒരു രാജാവു്, പാവം ബ്രാഹ്മണരുടെ പിടിയിൽ പെട്ടുപോയി. അദ്ദേഹം ബ്രാഹ്മണപ്രീതിക്കു് എത്രയോ ആയിരം ഗോക്കളെ, അവയ്ക്കു് പൊൻ ആഭരണങ്ങൾ അണിയിച്ചു് ദാനംചെയ്തു. കൊമ്പിലും കുളമ്പിലും പൊന്നിൻതകിടുകെട്ടിയാണു് പശുദാനംനല്കുക. ആവിധത്തിൽ ഒരു വങ്കനുകൊടുത്ത പശുവിന്റെ ആഭരണങ്ങളെടുത്തിട്ടു് അതിനെ രാജാവിനു് വീണ്ടും വിററു. രാജാവിനു് ചതിവുപററി.... ബ്രാഹ്മണനു ചതിക്കാം; അവർക്കതിനു് ലൈസൻസുണ്ടു്. രാജാവു് ചതിവിൽ വാങ്ങിയ പശുവിനെ മററൊരു ബ്രാഹ്മണനു പൊന്നണിയിച്ചു് കൊടുത്തു. ദാനംചെയ്ത പശുവിനെ വീണ്ടും വാങ്ങി ബ്രാഹ്മണനുകൊടുത്തു എന്ന മഹാ അപരാധം രാജാവിൻെറ മേൽ ആരോപിച്ചു. ഘോരതരമായ ആരോപണം; രാജാവു് ഞെട്ടിപ്പോയി. അദ്ദേഹം പെട്ട പാടു്! എന്തുമാത്രം ദയനീയമായി അദ്ദേഹം ദയയ്ക്കപേക്ഷിച്ചു. ബ്രാഹ്മണർ വിട്ടില്ല. ബ്രാഹ്മണശക്തിയുടെ പാരമ്യം ഉയർത്തുന്നതിനു് ഈ സന്ദർഭം നല്ലതുപോലെ അവർ ഉപയോഗിച്ചു. രാജാവിനെ ശപിക്കുകതന്നെ അവർ ചെയ്തു; "ഓന്തായിത്തീരട്ടെ" എന്നു്. വളരെ യുഗങ്ങൾ ആ രാജാവു് ഓന്തായി പട്ടുകുഴിയിൽ

കിടന്നു എന്നും, ശ്രീകൃഷ്ണാവതാരകാലത്തു് ആ രാജാവിനു് തൻെറ സ്ഥിതി വീണ്ടുകിട്ടുവാൻ അനുഗ്രഹിച്ചു അങ്ങിനെ അതു് തിരിച്ചുകിട്ടി എന്നുമാണു് കഥ.

വാസ്തവമാണു്; വർഗ്ഗനിന്ദയ്ക്കും, അവമതിക്കും, മറ്റനത്തിനും ഇരയായ ജനസമൂഹത്തെ രക്ഷിച്ചതു് ശ്രീകൃഷ്ണഭഗവാൻ ആയിരുന്നു. അദ്ദേഹത്തിൻെറ അമിതമായ ശക്തി അതിനു് വിനിയോഗിച്ചു. സാധുജനസമൂഹത്തെ, ചൂഷിതരെ, മറ്റിതരെ രക്ഷിക്കുന്നതിനു് ഏതെല്ലാം വിധം ബുദ്ധിപരമായ നീക്കം ശ്രീകൃഷ്ണനിൽനിന്നും ഉണ്ടായിട്ടുണ്ടെന്നു് കഥകൾ നമ്മെ മനസ്സിലാക്കുന്നുണ്ടല്ലോ. സാധുക്കളായ കൃഷീവലന്മാരും ഗോസംരക്ഷകരുമായവരുടെയിടയിൽ അദ്ദേഹം വളൎന്നു. അവരെ രക്ഷിക്കുന്നതിനു് അവൎക്കു ശക്തി നല്കി, അവരെ സംഘടിപ്പിച്ചു്, ആ വഴിക്കു് ലോകോദ്ധാരണം നടത്തിയതാണു് ശ്രീകൃഷ്ണചരിത്രം. അവതാരസ്രഷ്ടാക്കൾ ശ്രീകൃഷ്ണനേയും തട്ടിയെടുത്തു് ദശാവതാരങ്ങളിൽ ഒന്നാക്കിയിട്ടുണ്ടു്. അദ്ദേഹത്തിനു് പൂണുനൂലിട്ടോ എന്തോ അറിഞ്ഞുകൂടാ. പ്രതിമാ നിർമ്മാതാക്കൾ ആരും തന്നെ ആ സാഹസത്തിനു് ഒരുങ്ങിയിട്ടില്ല എന്നാണു് തോന്നുന്നതു്. ക്ഷേത്രത്തിലെ കഥ അറിഞ്ഞുകൂടാ. കുമാരനാശാൻ അത്യന്തം സ്വാരസ്യമായി ഒന്നുപറഞ്ഞു.

വൎണ്ണാഭിമാനികളാകുമാൎയ്യൎക്കുതൻ
വൎണ്ണ്യനാം സൗന്ദൎയ്യമൂൎത്തിയാകും
അൎണ്ണോജനാഭനായകനെന്തുവാനഞ്ജന-
വൎണ്ണനായ്—നാമറിഞ്ഞീല—പോട്ടേ

അതെ, അഞ്ജനാവർണ്ണൻ, കറുകറുപ്പൻ എങ്ങിനെ ചാതുർവർണ്ണ്യന്മാരായ അഭിമാനികൾക്കു വർണ്ണ്യനായി ? അതു് അത്ഭുതംതന്നെ. അതു് മറെറാന്നുമല്ല; സാധു ജനങ്ങളുടെ ആരാധനാ മൂർത്തിയായിരുന്ന ശ്രീകൃഷ്ണൻ. അദ്ദേഹത്തെ സ്വന്തമാക്കി വലിയ ആലയങ്ങളിലടച്ചു് ആകർഷകമാക്കിയാൽ സാധുക്കളുടെ വിയർപ്പുകൾ സ്വാർത്ഥമതികൾക്കു് നിർലോഭം പാനം ചെയ്യുവാൻ അതു് എളുപ്പമാർഗ്ഗമാകും എന്നു് ഒരേഒരു ചിന്തമാത്രം. മായാമോഹിതരേ, ഇവിടെ നരകം സൃഷ്ടിക്കുന്നതു് മതിയാക്കുക; ജീവിതം സുഖകരമാക്കുവാൻ സഹായിക്കുക !

## 9. ഈ ലോകമെന്തു്?

എവിടെ നില്ക്കുന്നു ? ഈ ലോകം ബ്രഹ്മലോകം; ഇതു് ബ്രഹ്മലോകത്തു നില്ക്കുന്നു. വളരെ എളുപ്പത്തിൽ ഉത്തരം പറയാവുന്ന പ്രശ്നമാണിവ. നാം കടന്നു പോന്നിട്ടുള്ള മാർഗ്ഗങ്ങളിൽ ഈ പ്രശ്നത്തിനു് സമാധാനം ലഭിക്കാവുന്നവിധം വിവരണങ്ങൾ സുവ്യക്തമായി അടങ്ങുന്നുണ്ടു്. എന്നാലും നാം ആശ്രയിച്ച ക്രമമനുസരിച്ചു് ഈ പ്രശ്നത്തിനു് സമാധാനം നൽകുന്നു.

"ഈശാവാസ്യം ഇദം സർവ്വം ഈജഗത്തു് ഈശ്വരന്റെ ആവാസഗേഹം മേൽ ഉദ്ധരിച്ച സംസ്കൃത ഭാഷയിലുള്ള ഈശാവാസ്യോപനിഷത്തിലെ പ്രഥമ ഭാഗത്തിനു് ഗുരുദേവൻ നല്കിയ വിവർത്തനം:- ഈശൻ ജഗത്തിലെല്ലാം ആവസിക്കുന്നു. ഈശ്വരന്റെ ആവാസ ഗേഹമായ ഈ ജഗത്തു് ബ്രഹ്മലോകമാണെന്നും,

ഇതു് ബ്രഹ്മലോകത്തുതന്നെ സ്ഥിതിചെയ്യുന്നവെന്നും ഉള്ള നിഗമനം പൂർണ്ണമായും ശരിയാണല്ലോ. മഹർഷിമാരുടെ കല്പനയനുസരിച്ചുള്ള ഈ നിഗമനത്തിനു് ഋഷിവാക്കുകൾതന്നെ പ്രമാണം. ഇതാ വാചാലനും അതേസമയം വാഗ്മിയും ചിന്തകനുമായ കുമാരനാശാൻ പറയുന്നു.

ലോകം നിത്യചലം വൃഥാമൃതിഭയം
　　തോന്നുന്ന മാററങ്ങളിൽ
പാകത്തിൽ പൊരുളൊന്നുതന്നെ, പലതാ-
　　മദ്ദേശകാലങ്ങളിൽ,
ഏകവ്യാകുല വിശ്വചക്രപടലം
　　"ധർമ്മാ"ക്ഷദണ്ഡത്തിൽ നി-
ന്നാകല്പം ചുഴലുന്നു, തത്ഗതി തട്ടു-
　　പ്പാനില്ല കയ്യാക്കുമെ.

ജഗത്തു് നിത്യമായ ഒരു പ്രവാഹമാണു്. ഇടയ്ക്കിടയ്ക്കു് സംഭവിക്കുന്ന മാററങ്ങൾകണ്ടു് ഭയപ്പെട്ടു് അതിനെ മരണം എന്നുംമററും നാം സങ്കല്പിക്കുന്നു. മരണത്തിനുള്ള സാധാരണ വ്യാഖ്യാനം "ഇങ്ങിനി വരാതെയുള്ള പോക്കു്" എന്നാണല്ലോ. ആ ധാരണ തെററാണു്. നിന്നതും മാറി അല്ലെങ്കിൽ മറഞ്ഞു എന്നുതോന്നുന്നതും ഭിന്നമായ കാര്യങ്ങളല്ല. അങ്ങിനെ ഇങ്ങിനി വരാത്തവണ്ണമുള്ള മാററമേയല്ല ഇതു്. വാസ്തവത്തിൽ മാററമേയില്ല. ദേശകാലഭേദങ്ങൾ മൂലമുള്ള തോന്നലുകൾ ആണു് അതുകൾ. അതു് വാസ്തവമല്ല. ദേശഭേദവും കാലഭേദവും സങ്കല്പം മാത്രമാകുന്നു. ഒരേയൊരു ഘടനയിൽപെട്ട ഈ വിശ്വചക്രസമൂഹം ധർമ്മമാകുന്ന അച്ചു

ത്തണ്ടിൽപെട്ടു് അങ്ങിനെ തിരിയുന്നു. ആ ഗതിയെ ആർക്കും മാററുവാനോ മറിക്കുവാനോ സാദ്ധ്യമല്ല. ഏകദേശം ഇങ്ങനെയാണു് പദ്യത്തിൻെറയത്ഥം. വിശ്വചക്രപടലം ആകല്പം തിരിയുന്നു എന്നുക്കൂടി മഹാകവി പറയുന്നു. അതു് വാചാലമായ പ്രയോഗമാണെന്നേ പറയുവാൻ സാധിക്കുന്നുള്ളൂ. എവിടെ കല്പാന്തകാലം? അങ്ങിനെയൊന്നുണ്ടോ? ഇടയ്ക്കിടയ്ക്കു് ഭൂമിക്കു് കല്പാന്തങ്ങൾ വരാറുണ്ടു്. അതു് ജഗത്തിനു് വരണമെന്നില്ല. പ്രസ്തുത സംഗതിയിൽ ഗുരുദേവൻ ഇങ്ങനെ നിർദ്ദേശിക്കുന്നു.

ആത്മോപദേശ ശതകം 56-ാം പദ്യം.

കടലിലെഴും തിരപോലെ കായമോരോ-
ന്നുടനുടനേറിയുയന്നമന്നിടുന്നു;
മുടിവിതിനെങ്ങിതുഹന്ത! മൂലസംവിത്-
കടലിലജസ്രവുമുള്ള കർമ്മമത്രേ!

മൂലസംവിത് കടലിൽ തിരമാലപോലെ ഓരോന്നു് തുടരെത്തുടരെ ഉണ്ടാകുന്നു, ഉയരുന്നു, അമരുന്നു, മുടിവു് ഇതിനെങ്ങു്? ഇതിനവസാനം എവിടെ? സംവിത് കടലിൽ അജസ്രവും = എന്നുമുള്ള കാര്യമാണു് — പ്രക്രിയയാണു്; ഇതിനവസാനമില്ല എന്നാണു് ഗുരുദേവൻ നിർദ്ദേശിക്കുന്നതു്. കല്പാന്തം ഒന്നും സംവിത്കടലിനെ ബാധിക്കുന്നതല്ല. സംവിത്കടൽ = സംവിത്തയാകുന്ന കടൽ സംവിത് ചിത് = അറിവു് പരമാത്മാവു് പരബ്രഹ്മം എന്നുവർണ്ണിച്ചു് നാം ഗ്രഹിക്കുന്നതു്. അപ്പോൾ ഈ ജഗത്തു് ബ്രഹ്മലോകം. ബ്രഹ്മലോകത്തു് ഇതു് സ്ഥിതിചെയ്യുന്നു.

## 10. ഈ ജഗത്തിന് ആദ്യവസാനമുണ്ടോ?

"ആദ്യന്തവിഹീനം" എന്ന ഒററവാക്യത്തിൽ അതിന് ഉത്തരം പറയാം. ആദിയും അന്തവും ഇല്ല. ഈ ജഗത്തിന് എല്ലാവിധ വിവരണങ്ങളെക്കാളും യോജിക്കുന്ന ഒരു വിശദീകരണം 'ആദ്യന്തവിഹീനം' എന്നുള്ളതാണ്. അങ്ങനെയുള്ള ജഗത്തിൽ ഉൾപ്പെട്ട ജീവരാശികളും നാശമില്ലാത്തവതന്നെ. സ്ഥിരമായി ഉള്ളവ; എന്നും ഉള്ളവ.

ആരും തോഴി;യുലകിൽ മറയു-
 ന്നില്ല; മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജടിലം
 ദേഹിതൻ ദേഹബന്ധം;
പോരും ഖേദം; പ്രിയസഖി, ചിരം
 വാഴ്ക മാഴ്കാതെ; വീണ്ടും
ചേരും നാം കേൾ;—വിരതഗതിയാ-
 യില്ല സംസാരചക്രം.

എന്ന് മഹാകവി, ലീല എന്ന ജീവിതവിമർശനഗ്രന്ഥത്തിന്റെ അന്ത്യത്തിൽ പറയുന്നു. പറയാത്ത കുററമില്ല. നമ്മൾ കണ്ടില്ല; കണ്ടാലും ആഴത്തിൽ ചിന്തിക്കാറില്ല. പഞ്ചഭൂതസഞ്ചിതമായ ഈ ശരീരം വെടിഞ്ഞു എന്നല്ലാതെ ആരും അങ്ങനെ മറയുകയോ മാഞ്ഞുപോകുകയോ ചെയ്യുന്നില്ല. അവസാനമില്ലാത്ത ഈ പ്രപഞ്ചചക്രത്തിന്റെ തിരിച്ചിലിൽ നാം വീണ്ടും ഒത്തുകൂടുമെന്ന് ഖണ്ഡിതമായിത്തന്നെ ആശാൻ പറയുന്നുണ്ട്. പോരും

ഖേദം എന്നുക്രൂടി പറയുന്ന വിരഹഖേദത്തിൽപെട്ട് ആരും വിഷമിക്കരുതു്. ധൈര്യം എടുക്കണം= എന്ന തന്നെ പറയുന്നു. കുറെ ക്ഷമയും സഹനവും അത്യാവശ്യമാണു്.

ആകാശങ്ങളെയണ്ഡരാശികളൊട്ടും
ഭക്ഷിക്കുമാകാശമാ-
യി കാണുന്ന സഹസ്രരശ്മിയെയിരു-
ട്ടാക്കും പ്രഭാസാരമായ്,
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും
ദുഃഖീകരിക്കുന്നതാ-
മേകാന്താദ്വയശാന്തിഭൂവിനു നമ-
സ്കാരം, നമസ്കാരമേ!

VIVEKANANDA LIBRARY (P)
Founded By
VILAYATHU KRISHNAN ASAN IN 1898
VILAYATHU,
KANJAVELI (P.O.) QUILON;
KERALA INDIA.

V. K. KESAVAN,
VILAYATHU,
KANJAVELY, P. O.
PERINAD, QUILON.

# ഉപസംഹാരം

ഇതുവരെ ഉണ്ടായിട്ടുള്ള ഋഷിപ്രോക്തങ്ങൾ മുഴുവൻ ഗ്രഹിച്ച് അവയെ തപഃശക്തികൊണ്ട് മനനം ചെയ്തു അനുഭവത്തിൽ വരുത്തി ശക്തിയാർജ്ജിച്ചുണ്ടായ കഴിവിന്റെ ഫലമായി രചിച്ചിട്ടുള്ള ഒരു വേദാന്തശാസ്ത്രമാണു ശ്രീനാരായണഗുരുവിന്റെ ആത്മോപദേശശതകം എന്ന് എല്ലാ പണ്ഡിതന്മാരും ഏകകണ്ഠമായി സമ്മതിച്ചിട്ടുണ്ട്. ആ ഗ്രന്ഥത്തിൽ, ആമൂലാഗ്രം ജീവജാലങ്ങൾക്ക് സ്വാസ്ഥ്യം ഭവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിറഞ്ഞിരിക്കുന്നു. അവയിൽനിന്ന് ചിരകാലം കൊണ്ട് ഞാൻ ഗ്രഹിച്ചിട്ടുള്ള അറിവിനെ അടിസ്ഥാനപ്പെടുത്തി ഈ ഗ്രന്ഥം രചിച്ചിട്ടുള്ളതാണെന്ന് പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടല്ലോ.

"ശാസ്ത്രം ഗ്രഹിച്ചതുകൊണ്ടു മതിയല്ല
ശാസ്ത്രോക്തം ആചരിക്കാതെ ഫലം വരാ."

ശാസ്ത്രോക്തം അനുസരിച്ച് ജീവിതം നയിച്ച മഹാത്മാവിന്റെ ജീവിതസരിണികൾ ഏറെക്കുറെ അടുത്തറിഞ്ഞ എനിക്ക് പല പാഠങ്ങളും ഉൾക്കൊള്ളുവാൻ സാധിച്ചിട്ടുണ്ട്. ആ വക അറിവുകൾ ഏറെക്കുറെ ഈ ഗ്രന്ഥത്തിൽ വന്നിട്ടുണ്ട്.

ഗുരുവിന്റെ തത്വചിന്തകളെ ഞാൻ വിവരിച്ചതു് അർഹമായവിധം ആണോ എന്തോ. അതിൽ എനിക്ക്

വലുതായ ഉൽകണ്ഠയുണ്ട്. ഏതായാലും ഇതൊരു പുതിയ മാർഗ്ഗമാണെന്നും, കൂടുതൽ കഴിവുള്ളവർ ഈ മാർഗ്ഗത്തിൽ കടന്നാൽ വളരെ ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുമെന്നും ഞാനാശിക്കുന്നു.

ബ്രഹ്മം അഖണ്ഡമാണ്; നിരവയവമാണ്; അപരിച്ഛേദ്യമത്രേ. ഇങ്ങനെ ഏകം, അവയവരഹിതം, വേർപാടില്ലാത്തതു് ഈവിധത്തിൽ ബ്രഹ്മത്തിൻെറ "ഏകാന്താദ്വയശക്തിഭ്രുവിനെ" വിവരിച്ചുകാണുന്നു. സർവ്വവും ഏകം എന്നു് ഗുരുദേവൻ നിർണ്ണായകമായി നിർദ്ദേശിക്കുന്നു. എന്നാൽ വിവിധങ്ങളായ പ്രതിഭാസങ്ങളോടുകൂടി ഈ ജഗത്തു് നമ്മുടെ കൺമുമ്പിൽ കാണുന്നു; വിവിധതരം അനുഭവങ്ങൾ നമുക്കുണ്ടാകുന്നു. സർവ്വവും വിവിധത്വം നിറഞ്ഞതു്; ഇതു് ഇല്ലാത്തതാണ്; തോന്നൽ മാത്രമാണ് എന്നു പറയുന്നതാണോ ശരി, "മായാകല്പിതം വിശ്വമെടോ. മായകൊണ്ടല്ലോ വിശ്വമുണ്ടെന്നു തോന്നിക്കുന്നു." എന്നു് ശ്രീരാമൻ ലക്ഷ്മണനോടു പറയുന്നതായി ഒരു സംവാദം വിവരിച്ചിട്ടുണ്ടല്ലോ. വിശ്വമില്ലെന്നു പറയുന്നതാണ് മായാപ്രയോഗം എന്നു നമുക്കു് തോന്നിപ്പോകുന്നു.

ജഗത്തു് ഇല്ലാത്തതാണെന്നു് എന്തിനു പറയുന്നു. ജഗത്തു് ഉള്ളതാണ്. അവയിലെ ബഹുകോടി ജീവജാലങ്ങൾ സത്യമാണ്. അവയ്ക്കു് സ്വസ്തി ഭവിക്കണമെന്നതാണ് ആവശ്യം. അതിനുള്ള മാർഗ്ഗാന്വേഷികൾ മായയുടെ പുറകേ പോയി കാടുകയറുകയാണ്. ഗുരു

ദേവൻ പറയാറുണ്ട്, "സർവ്വവും മിഥ്യ; ചോറ് സത്യം" എന്ന്; സഹജമായ ഫലിതരൂപത്തിൽതന്നെ. എല്ലാ വേദാന്തികളും വിശക്കുമ്പോൾ എല്ലാം മറക്കാറുണ്ട്. അതേ, ഈ മിഥ്യാവാദം കൈവിട്ട് സത്യമായ ചോറിനും സുഖജീവിതത്തിനുമുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് അതിനെ പ്രായോഗികമാക്കുകയാണ് മനുഷ്യർക്ക് ചെയ്യാൻ കഴിയാവുന്ന ഉന്നതകാര്യം.

ഈശൻ ജഗത്തിലെല്ലാം
ആവസിപ്പതുകൊണ്ടു നീ
ചരിക്ക മുക്തനായ്
ആശിക്കരുതാരുടെയും ധനം
അല്ലെങ്കിലന്ത്യംവരെയും
കർമ്മം ചെയ്തിങ്ങസംഗനായ്
ഇരിക്കുക ഇതല്ലാതില്ലൊന്നും
നരനു ചെയ്തിടാൻ.

അന്യന്റെ മുതൽ ആഗ്രഹിക്കരുത്. കർമ്മനിരതനാകണം. പക്ഷേ കർമ്മഫലം മററുള്ളവർക്കുകൂടി ഉപയോഗപ്രദമാകുവാൻ ശ്രദ്ധിക്കണം. കഴിയുന്നതു നിസ്സംഗനായിരിക്കണം. അമിതമോഹം വരരുത്. ഇങ്ങനെയല്ലാതെ ശ്രേഷ്ഠമായ ജീവിതത്തിന് ഒന്നും വേണ്ടതില്ല. എന്നാണല്ലോ ആപ്തവാക്യ്.

ഇന്നത്തെ കർമ്മം നാളത്തെ അനുഭവം. അതാരും ഉപദേശിക്കാതെ നമുക്കറിയാം. കർമ്മം നന്നായിരുന്നാൽ ഫലവും നന്നായിരിക്കും. കർമ്മങ്ങളിൽ തെററുവരും. അങ്ങിനെയാണ് ഫലത്തിൽ ദോഷം സംഭവിക്കുന്നത്.

നമ്മുടെ ഇഹലോകവാസം സുഖമായിരിക്കണം; അതായിരിക്കുമല്ലോ ഏവരുടെയും ചിന്ത. സുഖമായ ജീവിതം നാം ആഗ്രഹിക്കുന്നു; അതേ ആഗ്രഹം എല്ലാവക്കും ഉണ്ടായിരിക്കുമല്ലോ. ഏവക്കും ഒരുപോലെ ജീവിതം സുഖപ്രദമാകുന്നതിനുള്ള ശ്രദ്ധ എല്ലാവരിലും നിലനില്ക്കുന്നുവെങ്കിൽ എന്നല്ലാതെ എന്തുപറയുവാൻ സാധിക്കും?

നാം അധികംപേരും മരണാനന്തര ജീവിതത്തെ പററി ഉല്ക്കണ്ഠയുള്ളവരാണ്. ആ ഉൽകണ്ഠ നമ്മുടെ പ്രവൃത്തി ശരിയാണെങ്കിൽ ആവശ്യമുള്ളതല്ല. മരണാനന്തരജീവിതവും സ്വസ്ഥതയ്ക്കുള്ളതാവണമെന്നാഗ്രഹിക്കാവുന്നതും ആഗ്രഹിക്കേണ്ടതുമാകുന്നു. ഇന്ന് അന്തിവരെ ചെയ്ത കർമ്മങ്ങളനുസരിച്ചുള്ള ഫലം നാളെ അനുഭവപ്പെടുന്നു. അങ്ങനെ ആയുസ്സ് അന്തിയും പകലുമായി കഴിയുന്നു. ഒരു സന്ധിയിൽ നാം ദീർഘനിദ്രയിലാണ്ടുപോകുന്നു. ഗാഢനിദ്രയിൽ നാം ഒന്നുമറിയുന്നില്ലല്ലോ. എന്നാലും ഉണരുമ്പോൾ നാം ചെയ്ത കർമ്മങ്ങളുടെ ഫലങ്ങളും ഗുണങ്ങളും മുമ്പിൽ നിരക്കുന്നു, അവ അനുഭവപ്പെടുന്നു. ദീർഘനിദ്രയുടെ അപ്പുറവും ഇതേ തരത്തിൽ അനുഭവമായിരിക്കുമെന്ന് വിചാരിച്ചുകൂടായോ. അങ്ങനെ വിശ്വസിക്കുന്നതാണല്ലോ നല്ലത്. ഒരു ഭയവും വേണ്ട; സല്ക്കർമ്മികൾ എന്തിനുഭയപ്പെടണം? ദുഷ്കർമ്മികൾ ഭയപ്പെട്ടേ മതിയാകൂ. കർമ്മഫലം എങ്ങും പോവുകയില്ല. അതു് കർമ്മത്തിന്റെ സ്വഭാവമാണ്.

## അവസ്ഥാഭേദങ്ങൾ

മർത്ത്യജീവിതം നാലവസ്ഥയോടുകൂടിയതാണ്. ജാഗ്രത്, സ്വപ്നം, സുഷുപ്തി, തുര്യം. ആദ്യത്തെ മൂന്ന് അവസ്ഥ സർവ്വസാധാരണം; തുര്യം അസാധാരണമായതും. ജാഗ്രദാവസ്ഥയിലാണ് മനുഷ്യനെ മനുഷ്യനാക്കുന്നതു്. ജാഗ്രദാവസ്ഥയിൽ നാം ജാഗ്രതയായിരിക്കണം. ആയുസ്സിൽ പകുതിമാത്രമേ ജാഗ്രതയ്ക്കിടമായി കിട്ടുന്നുള്ളൂ. സ്വപ്നാവസ്ഥ, ഒരുതരം വിശ്രമാവസ്ഥ. ചിതറിയ ചിന്തകളും ചിന്നിച്ചിതറിയ അനുഭവങ്ങളുമായി സ്വപ്നാവസ്ഥ കടന്നുപോകുന്നു. കുറെ ആയുസ്സ് സ്വപ്നകാലമായി പോകുന്നുണ്ട്.

ഗാഢനിദ്രയിൽ നമ്മുടെ സകല അവയവങ്ങളും ചൈതന്യരഹിതമാകുന്നു. അവയൊന്നും നമുക്കുള്ളവയല്ല. അവകൊണ്ട് ഒരുപയോഗവുമില്ല. എന്നാൽ നമ്മിലിരിക്കുന്ന ചൈതന്യം; അതേ, ശക്തിവിശേഷം അഭംഗുരം നിലനില്ക്കുന്നു. എന്താണനുഭവം? സുഖം. ഗാഢനിദ്രകഴിഞ്ഞാൽ നാം സുഖമായി ഏതാനും മണിക്കൂർ കഴിഞ്ഞു എന്നുള്ള അനുഭവം വ്യക്തപ്പെടുന്നു. എന്താണ് ദീർഘനിദ്രയും അതേ മരണവും ഗാഢനിദ്രയുമായുള്ള അന്തരം? ഒരേയൊരനുഭവമായിരിക്കും. ജഡം നിശ്ചേഷ്ടമാകുന്നു; ആത്മാവ്, ചൈതന്യം അതേവിധം നിലനില്ക്കുന്നു. അതിനെപ്പററി എന്താണ് നമുക്ക് ഭയപ്പാടിനുകാര്യം; ചിന്തിച്ചുനോക്കൂ. നിത്യവും ഗാഢനിദ്രയിൽ നമുക്കുണ്ടാകുന്ന അനുഭവം തന്നെ

യാണ് ദീർഘനിദ്ര; അതേ, മരണശേഷവും സംഭവിക്കുന്നതു്.

എന്നാൽ ഒന്നു മനസ്സിലാക്കണം; കർമ്മവാസനകൾ ആത്മചൈതന്യത്തിൽ സംക്രമിക്കുന്നുണ്ട്. ആ വാസനാസമുച്ചയം വീണ്ടും പൊന്തിവന്ന് ഓരോ വിധത്തിൽ പഞ്ചഭൂതങ്ങളുടെ സംഘടനയോടുകൂടി പ്രത്യക്ഷപ്പെടുന്നുണ്ടെന്ന് പുരാവിത്തുകൾ ഉൽഘോഷിക്കുന്നു. വാസ്തവം എന്നുതന്നെയിരിക്കട്ടെ; എന്തിനു നിഷേധിക്കണം? കർമ്മവാസനകൾ നമ്മെ പിൻതുടരുമെന്നുതന്നെയിരിക്കട്ടെ. എന്താണതിൽ പരിഭ്രമത്തിനും ചിന്തക്കും കാരണം? കർമ്മം നന്നായിരിക്കുവാൻ ശ്രദ്ധിക്കുക നമ്മുടെ ലക്ഷ്യമായിരിക്കണം. അതേ നമുക്കു് ചെയ്യുവാൻ കഴിയുന്നുള്ളൂ. പുനർജ്ജന്മകാര്യങ്ങളെപ്പററി ശ്രീനാരായണഗുരു ഇങ്ങനെ പറയുന്നു.

ശിവശതകം 94-ാം പദ്യം.

ജനകനുമമ്മയുമാത്മസഖിപ്രിയ-
ജനവുമടുത്തയൽവാസികളും വിനാ
ജനനമെടുത്തു പിരിഞ്ഞിടുമെപ്പൊഴും
തനിയെയിരിപ്പതിന്നേ തരമായ്‌വരൂ

നാം വസിച്ചിട്ടു്ത്തു് അസ്തമിച്ചിട്ടു് പുതിയ ജനനമെടുത്തു് പിരിഞ്ഞുപോകും. ജനകനും അമ്മയും അയൽവാസികളും പ്രിയജനം പോലും അകന്നു പോകും. എന്നും തനിയെ ഇരിപ്പതിന്നേ സാദ്ധ്യമാകൂ....വീണ്ടും കൂട്ടുകാർ കൂടും, വീണ്ടും വിട്ടുപോകും. എന്നുമെന്നും

തന്നിയെ ഇരിക്കുന്നതിന്നേ സാധിക്കുകയുള്ളൂ എന്നു് വിവരിക്കുന്നു.

എല്ലാവസ്തുതകളും വിവരിക്കുന്നു എന്നല്ലാതെ സ്വപക്ഷസ്ഥാപനവ്യഗ്രതയൊന്നുമില്ല.

## തുര്യാവസ്ഥ

സർവ്വസുഖദായകമായ അവസ്ഥ

ആത്മാവു് അതേ, ജീവൻ ജഡബന്ധങ്ങളാകെ വിട്ടു് അതിൻെറ സഹജമായ ആനന്ദപ്രാപ്തിയിൽ എത്തുന്ന അവസ്ഥ. തുര്യാവസ്ഥയിൽ എത്രസമയം കഴിയാമോ അത്രയും നമുക്കുണ്ടാകുന്ന അനുഭവം ആനന്ദാനുഭവമാണു്. എത്രസമയം തുടരാമോ മുഴുവൻ സമയവും ഒരേയൊരനുഭവമായിരിക്കും. അതു് അസാദ്ധ്യസംഗതിതന്നെയാണു്. ചിരപരിചയംകൊണ്ടു് ധാരധാരയായി നേടിയെടുക്കേണ്ട ഒരു ധ്യാനാവസ്ഥയാണു് അതു്. അല്പസമയമൊക്കെ ആക്കും ധ്യാനാവസ്ഥയിൽ കഴിയാൻ സാധിക്കും. ജഡബന്ധങ്ങൾ വിട്ടുള്ള ധ്യാനസ്ഥിതിയിൽ നമുക്കുദൃശ്യമാകുന്ന ആനന്ദപ്രാപ്തി ആത്മാവിൻെറ നിത്യതയെയാണു് ബോദ്ധ്യപ്പെടുത്തുന്നതു്. പൂർണ്ണമായും ജഡബന്ധം വിട്ടാൽ, അതേ, മരണാനന്തരം ഇതേ അനുഭവം തന്നെയായിരിക്കും ഉണ്ടാവുക; അതു് തീർച്ചയാണല്ലോ തുര്യാവസ്ഥയുടെ സ്ഥിതിവിവരം ഗുരു ഇങ്ങനെ നിർദ്ദേശിക്കുന്നു.

ആത്മോപദേശശതകം പദ്യം 7.

ഉണരരുതിന്നി,യുറങ്ങിടാതിരുന്നീ–
ടണമറിവായ് ഇതിനിന്നയോഗ്യനെന്നാൽ
പ്രണവമുണർന്നു പിറപ്പൊഴിഞ്ഞു വാഴും–
മുനിജനസേവയിൽ മൂർത്തി നിന്നിടേണം

കുളിച്ചു ശുദ്ധമായി ഏകാന്തമായ സ്ഥലത്ത് പത്മാസനത്തിൽ ഇരിക്കുക, ധ്യാനസ്ഥിതനായി മനസ്സിനെ ഏകാഗ്രപ്പെടുത്തുക; ആ സ്ഥിതിയിൽനിന്നും മനസ്സിനെ മററുവ്യാപാരങ്ങളിലേയ്ക്ക് വിടരുത്; എന്നാൽ ഉറങ്ങിടാതിരുന്നിടേണം—ഉറക്കത്തിൽ പെട്ടുപോകയുമരുത്; അറിവോടുകൂടി മനസ്സിനെ നേർനിലയ്ക്കു നിറുത്തണം. ഇതത്രെ തുര്യാവസ്ഥ. ഈ അവസ്ഥയിൽ കഴിയുന്നതിന് അയോഗ്യനെങ്കിൽ, ശക്തിയില്ലെങ്കിൽ പൂർണ്ണമായും സംസാരബന്ധവിമുക്തരായി ബ്രഹ്മഭാവം പൂണ്ട മുനിജനങ്ങളെ സേവിച്ച് നിർവ്വൃതി സമ്പാദിക്കേണ്ടതാണ്. ഈ ഉപദേശത്തിന് ഇവിടെ ഏകദേശം ഒരു അർത്ഥം വിവരിച്ചു എന്നേയുള്ളു

ബഹുവിധ അവസ്ഥാവിശേഷങ്ങളാൽ ബന്ധിതനായി ജീവിതഭാരം വഹിക്കുന്ന മനുഷ്യൻ ആ നിലയിലും ഉത്തമമായ ജീവിതം നയിക്കുന്നപക്ഷം അവന് സർവ്വദുഃഖനിവൃത്തി കൈവരും എന്ന് ഗുരു ഉപദേശിക്കുന്നു. ഉത്തമമായ ജീവിതം എങ്ങനെയെന്ന് ഗുരു പലവിധത്തിലും നിർദ്ദേശിച്ചിട്ടുണ്ടല്ലോ.

പദ്യം 9. ഇരുപുറവും വരുമാറ,വസ്ഥയെ പ്പൂ–
ത്തൊരു കൊടിവന്നു പറന്നുയർന്നുമേവും–

തരുവിനടിക്കു തപസ്സുചെയ്തുവാഴും
നരനു വരാ നരകം നിനച്ചിടേണം.

മനുഷ്യജീവിതഗതിയിൽ കുമാരനാശാനുള്ള സുനിശ്ചിതമായ അഭിപ്രായം 'പ്രരോദന'കാവ്യത്തിൻെറ അന്ത്യത്തിൽ ഉള്ള 146-ാം പദ്യത്തിൽ വിളംബരം ചെയ്യുന്നുണ്ടു്.

ദേഹാംശങ്ങളിലീയിരുട്ടുമൊളിയും
  നാനാപ്രഭേദത്തൊടാ-
ന്നാഹാ! ശാശ്വതധർമ്മശക്തി ഭുവന-
  പ്പന്താട്ടമാടുന്നു നീ
സ്നേഹാരാധകനെത്തലോടിയമൃതം
  നല്കുന്നു നീ, പിന്നെ നി-
ർമ്മോഹാസംഗമഖണ്ഡവിശ്രമസുഖം
  തേടുന്നു താനേയവൻ

പദാർത്ഥം:— ഇരുട്ടുമൊളിയും = അന്ധകാരം, പ്രകാശം; മരണം, ജനനം; ദുഃഖം, സുഖം; ദാരിദ്ര്യം, സുഭിക്ഷത; ഇത്യാദി ദ്വന്ദ്വങ്ങൾ. കർമ്മശക്തി = ധർമ്മരൂപിണിയായ അഖണ്ഡ മഹാശക്തി, സ്നേഹാരാധകനെ = അഹിംസാനിഷ്ഠനായി സ്നേഹത്തിന്റെ പരമകാഷ്ഠയിൽ കൈവല്യത്തെദർശിക്കുന്ന പരമധാർമ്മികനെ അമൃതം = ക്ഷീരരൂപമായ മോക്ഷാനന്ദം നിർമ്മോഹാസംഗം = അഹന്താമമതാഭേദജനകമായ അജ്ഞാനത്തിന്റെ കലർപ്പില്ലാത്തതു് അഖണ്ഡ വിശ്രമസുഖം = അവിച്ഛിന്ന പരമാനന്ദാനുഭൂതി അവൻ = സ്നേഹാരാധകൻ

ഇതിൻെറ സാരം:— ഹാ; ധർമ്മത്തിൽ അധിഷ്ഠിത വും ശാശ്വതവുമായ ശക്തിവിശേഷമേ! നീ ജീവിത ഗതിയിൽ ഇരുട്ടും പ്രകാശവും വിവിധതരത്തിൽ= ജനനം, മരണം; സുഖം, ദുഃഖം; ദാരിദ്ര്യം, സുഭിക്ഷത മുതലായ ദ്വന്ദ്വങ്ങളെ ആവാഹിച്ച നടത്തുന്ന ലീലാ നടനം അത്യത്ഭുതമായിരിക്കുന്നു. എന്നാൽ അതേ സമയം സർവ്വത്തേയും തന്നോടു സമം സ്നേഹിക്കുന്ന വനെ കൃപാപൂർവ്വം തടവി അവന് നിത്യസുഖം നല്കി അനുഗ്രഹിക്കുന്നുണ്ട്. അവനോ അതേ മാർഗ്ഗത്തിൽ സകല മോഹങ്ങളിൽ നിന്നും മുക്തനായി നിത്യമായ ആനന്ദത്തെ സ്വയം കണ്ടെത്തി അതനുഭവിക്കുന്നു.

പദ്യത്തിൻെറ പദാൎത്ഥവിവരണം ഗ്രന്ഥത്തിന്റെ ടിപ്പണി ഭാഗത്തു് കാണുന്നവിധം ചേൎത്തിരിക്കുന്നു. എന്നാൽ വ്യാഖ്യാനം സ്വതന്ത്രമായി എഴുതിയിട്ടുള്ള താണു്.

ഈവക സംഗതികളെ ചരിത്രപരമായി അവ ലോകനംചെയ്യാം—

അഷ്ടാദശപുരാണത്താൽ
വ്യാസൻ ചൊന്നതു രണ്ടുതാൻ
പരോപകാരമേ പുണ്യം
പാപംതാൻ പരപീഡനം

വേദവ്യാസമുനി പതിനെട്ടു് പുരാണഗ്രന്ഥങ്ങളിലായി പ്രതിപാദിച്ചിട്ടുള്ള സംഗതികളുടെ ലക്ഷ്യം ഒരേയൊരു തത്വം പ്രകാശിപ്പിക്കുന്നതിനായിരുന്നു. അന്യരെ ഉപ

ദ്രവിക്കുന്നതു് പാപമാണ്. സഹജീവികളെ സഹാ യിക്കുന്നതത്രെ പുണ്യകർമ്മം എന്ന്. ഭാരതത്തിന്റെ അറിയപ്പെടുന്ന ആദികാലത്തു് പരപീഡനത്തിന്റെ സംഭവങ്ങളായിരിക്കും അവയിൽ മുഖ്യം. ആ ദുരവസ്ഥ കണ്ടു് മനമുരുകി വ്യാസമുനി ആ ആപ്തവാക്യത്തിനു മുഖത കല്പിച്ചു എന്നുവേണം കരുതുവാൻ. ആര്യന്മാർ ഭാരതത്തിൽ കടന്നിട്ടു് പതിനായിരം വർഷം കഴിഞ്ഞിരിക്കും. ആര്യദ്രാവിഡ സംഘട്ടനമാണ് ഇവിടത്തെ രക്തരൂക്ഷിതമായ ആദ്യത്തെ അദ്ധ്യായം. വാല്മീകിമുനി രാമായണ ഗ്രന്ഥത്തിൽ അതു് വ്യക്തമായിത്തന്നെ പറഞ്ഞു; ഒരു സാധുജന്തുവിനെ മനോവേദനയുണ്ടാകുന്നവിധം വധിച്ചതിന് ആ വനചരനെ മുനി, "നിന്റെ തടി നഷ്ടപ്പെട്ടുപോകട്ടെ" എന്നു് ശപിച്ചു; വനചരൻ ഭസ്മമായി. ഛന്ദസ്സ്വരൂപത്തിലുണ്ടായ ആ ശാപവാക്യമാണ് നമ്മുടെ ആദ്യത്തെ കവിത. എന്തെന്തു് പ്രാധാന്യമർഹിക്കുന്ന ഒരു സംഭവം; എന്തുമാത്രം ഉത്തേജനം നൽകാവുന്ന ഒരു മുൻവിധി; അതിനെ വർണ്ണിച്ചുള്ള സാഹിത്യങ്ങൾ എത്രയെത്ര? എന്നാൽ എന്തായിരുന്നു അന്നത്തെ ജനതയുടെ പ്രവൃത്തി?

വർണ്ണഭേദം; നരഹത്യ, ജന്തുഹിംസ, ജന്തുക്കളെ കഴുത്തറത്തുള്ള യാഗാദിഹോമങ്ങൾ ഇവയിൽ ഭീകരമായ ഒട്ടേറെ കാലങ്ങൾ നമ്മുടെ പൂർവ്വികർ നയിച്ചു. കാലം അങ്ങനെ വളരെ കടന്നുപോയി. ജാതിവ്യത്യാസം, ഹിംസ, മദ്യപാനം, തികച്ചും അസന്മാർഗ്ഗിക നടപടി ഇവയാൽ ലോകം ദുഷിച്ചു.

## ബുദ്ധൻെറ കാലം

ആത്മനാശകരവും സഹജീവികൾക്ക് അഗാധ വേദനാജനകവുമായുള്ള ആ ദുഷ്കാലത്തിന് ബുദ്ധമുനി ഒരു വിരാമമിട്ടു. 2500 വർഷങ്ങൾക്കമുമ്പ്; മനുഷ്യരെല്ലാം സമന്മാരാണ്, ജാതിഭേദം ദൈവവിരുദ്ധം, മദ്യപാനം പാടില്ല, വ്യഭിചരിക്കരുത്, സുഖജീവിതമാണ് നമ്മുടെ ലക്ഷ്യം, അതിന് സന്മാർഗ്ഗത്തിൽ നാം ജീവിക്കണം എന്ന് ബുദ്ധമുനി ഉപദേശിച്ചു.

എത്തിനിന്നു ഭാരതത്തിലൊരു
പത്തു ശതാബ്ദമശ്ശാന്തി

ആയിരം കൊല്ലം ഭാരതത്തിൽ ആ ശാന്തി നിലനിന്നു. രാജാക്കന്മാരുടെ ശക്തിയും ധനവും അതിനു നിർല്ലോഭം സഹായം നല്കി. ബർമ്മ, ചൈന, സിലോൺ മുതലായ രാജ്യങ്ങളിലും ഈ സദ്ധർമ്മം വ്യാപിച്ചു നിലനിന്നു. എന്നാൽ കാലാന്തരത്തിൽ ആവക ധർമ്മങ്ങളോട്ടും പ്രധാനമായി ജാതിപരമായ ഐക്യത്തിന് പ്രതികൂലിയായ ബ്രാഹ്മണമതം ബുദ്ധമതത്തെ എതിർത്തു തറപററിച്ചു.

ബുദ്ധഭിക്ഷുക്കളെ വധിക്കുക, ബുദ്ധഭിക്ഷുണികളെ ഉപദ്രവിച്ച് അവരെ ക്ഷതയോനികളാക്കുക ഇവ എതിർ പക്ഷക്കാരുടെ ഒരു ക്രൂര വിനോദമായിരുന്നു. ബുദ്ധവിഹാരങ്ങളിൽ കയ്യേറി കൈവശപ്പെടുത്തി ബുദ്ധവിഗ്രഹങ്ങളെ തല്ലിത്തകർത്ത്, കരിങ്കൽ പ്രതിമകളെ

വലിയ ജലാശയങ്ങളിൽ ആഴ്ത്തി, വിഹാരങ്ങൾ ബ്രാഹ്മണമതക്കാരുടെ ഹിതം പോലെയുള്ള ക്ഷേത്രങ്ങളാക്കി, അതിന്നു് പരിവർത്തനം വരുത്തി അങ്ങനെ നാനാമാർഗ്ഗങ്ങളിൽ ബ്രാഹ്മണമതം ബുദ്ധമതത്തിന്റെ പുറത്തു് ക്രൂരതാണ്ഡവം നടത്തി..

സർദാർ ശ്രീ. കെ. എം. പണിക്കർ ചൈനാസന്ദർശനം എന്ന ഒരു പുസ്തകം പ്രസിദ്ധം ചെയ്തിട്ടുണ്ടു്. ചൈനയിലെ സുപ്രസിദ്ധമായ ബുദ്ധമതസ്ഥാപനങ്ങൾ എല്ലാം അദ്ദേഹം സന്ദർശിച്ച കാര്യങ്ങൾ ആകർഷകമായി പ്രതിപാദിച്ചിട്ടുണ്ടു് അവിടെ ഏററവും പ്രമുഖമായ ഒരു വിഹാരത്തിൻെറ അങ്കണത്തിൽ ബുദ്ധഭഗവാൻ നിർവ്വാണം പ്രാപിച്ച നിലയിലുള്ള ഒരു പ്രതിമ കണ്ടു. അതിൽത്തന്നെ ബുദ്ധഭിക്ഷുക്കൾ ദുഃഖാർത്തരായി ഇരിക്കുന്നവിധം പ്രതിമകൾ ഉണ്ടു്. അടുത്തുതന്നെ ബ്രാഹ്മണർ ആനന്ദനൃത്തം നടത്തുന്നതായുമുള്ള പ്രതിമകളും പണിക്കർ കണ്ടു. ഈ സംഗതി ഏററവും ഹൃദയസ്പൃക്കായി ഗ്രന്ഥകാരൻ വിവരിച്ചിട്ടുണ്ടു്. ബുദ്ധാദർശങ്ങളിൽ ബ്രാഹ്മണപക്ഷക്കാർക്കു് ഏററവും പ്രതികൂലമായ സംഗതി ഒന്നേയുള്ളു. ബ്രഹ്മണർ ഹിംസാതല്പരരല്ല; മത്സ്യമാംസം അധികംപേരും കഴിക്കുകയില്ല; അവർ അങ്ങനെ മദ്യപാനികളുമല്ല; അസാന്മാർഗ്ഗികനടപടിയിലും ബ്രാഹ്മണർ ഒട്ടൊക്കെ പുറകിലാണു്. പിന്നെ എന്താണു് ഇത്ര രൂക്ഷമായ എതിർപ്പിന്നുകാരണം? മനുഷ്യരെല്ലാം ഒന്നാണു് ജാതിഭേദം ദൈവവിരുദ്ധമാണെന്നുള്ള ബുദ്ധാദർശം. ആ ഒരേയൊരു കാര്യത്തിലാണു്

ശക്തിയായ പ്രതികൂലം. സഹോദരങ്ങളെ വെറുത്ത് അകററി അകലത്താക്കി, ദുർമേധാവിത്വം നില നിത്തണം; ഒടുങ്ങാത്ത ദുരീർഷ്യ, അത്രമാത്രം.

## വിദേശീയരുടെ ആക്രമണം

ബ്രാഹ്മണർക്കും ബ്രാഹ്മണസൃഷ്ടിയായ ജാതികൾക്കും അങ്ങനെ ദീർഘകാലം സ്വൈരമായി രക്ഷപ്പെടാൻ സാധിച്ചില്ല. മദ്ധ്യേഷ്യയിൽനിന്ന് മുസ്ലീംപ്രവാഹമുണ്ടായി. ബേബർ മുതൽ ഔറംഗസീബ് വരെയും കുറെക്കൂടി ഇങ്ങോട്ട് ഒട്ടുവളരെക്കാലം മുഗൾചക്രവത്തിമാർ ജാതിഹിന്ദുക്കളെ അടിച്ച് അടിമകളാക്കി ഭരണം നടത്തി. നമ്മുടെ കേരളത്തേയും മുകിലനും ടിപ്പുവും ആക്രമിക്കുകയും ഇസ്ലാംമതം ഇവിടേയ്ക്ക് പ്രവഹിക്കുകയുംചെയ്തു. മുസ്ലീംപ്രവാഹംകൊണ്ടുണ്ടായ ഗുണദോഷചിന്തനം ഇവിടെ അപ്രകൃതമാണ്. ജാതിഹിന്ദുക്കളുടെ ദുഷ്ടപ്രവൃത്തിക്ക് മാരകമായ പ്രതിഫലം ഓരോ ഘട്ടങ്ങളിലും ലഭിച്ചിരുന്നുവെന്ന് ചരിത്രം പ്രസ്താവിക്കുന്നുണ്ട്.

## വിദേശീയരുടെ അടിമകൾ

ഇസ്ലാംമതാനുയായികളെ തുടന്ന് പോർട്ടുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ഒടുവിൽ ഇംഗ്ലീഷുകാർ. പത്തുനാനൂറുവഷം അടിമത്തം പേറി, അന്ധതകളിൽ, അനൈകമത്യത്തിൽ, ദരിദ്രതയിൽ ആണ്ടു് സവ്വവും അങ്ങനെ തകന്ന ഇന്ത്യൻ ജനസമൂഹത്തെ ഗാന്ധിജി,

അർദ്ധനഗ്നനായ ഫക്കീർ ഒരുവിധം ഉദ്ധരിച്ചു. നാം അടിമത്തത്തിൽനിന്നും ഒട്ടു കരകയറി. ഇംഗ്ലീഷുകാർ നമ്മെക്കാറം മനുഷ്യത്വമുള്ളവരായതുകൊണ്ടു് അവർ ഇവിടം വിട്ടുപോയി. നമ്മളിൽ കുടികൊണ്ടിരുന്ന ഫാസിസ്റ്റു് ചിന്താഗതി വീണ്ടും ഒരുക്കൂട്ടി രക്തച്ചൊരിച്ചിലിനും സാധുജനദ്രോഹത്തിനും വഞ്ചനയ്ക്കും ഉള്ള മാർഗ്ഗത്തിൽ മുന്നേറി. അവരുടെ ലക്ഷ്യം ഒടുവിൽ ഗുരുവിൻെറ ചുളിഞ്ഞു ശുഷ്കിച്ച ഭൗതികശരീരത്തിൻെറ നേരേ തോക്കുചൂണ്ടുന്നതിൽ അവസാനിച്ചു. ഗാന്ധിജിയെ അവർ വെടിവെച്ചുകൊന്നു. പിന്നെ നമുക്കു് എങ്ങനെ സുഖജീവിതം കൈവരും?

## സമൂലപരിവർത്തനത്തിൻെറ ഫലം

ആകെ സമൂലമായ ഒരു പരിവർത്തനം ആവശ്യമാണു്. ഒരുനവലോകസൃഷ്ടിക്കുള്ള എല്ലാ അന്തരീക്ഷവും ഒത്തുവരുന്നു. അതു് സംഭവിക്കുകതന്നെ ചെയ്യും. ജീവിതം 'വിരതഗതി'യായില്ല. ആവർത്തനം അതിന്റെ സ്വഭാവമാണു്.

സ്പഷ്ടം നീലാവങ്ങുനീങ്ങി ദിനകരനുദയം-
ചെയ്തു ചന്ദ്രൻ മറഞ്ഞു.
തട്ടിത്തട്ടിപ്പെരുക്കിപ്പെരുവെളിയതിലാ-
ക്കീടുവാൻ പിന്നെയാട്ടെ
കഷ്ടം ദീനം പിടിച്ചോ മദിരയതു കുടി-
ച്ചോ കിടക്കുന്ന ലോക-

ക്ഷത്തിഷ്ഠോത്തിഷ്ഠശീഘ്രം നദിയിൽ മുഴുകുവാൻ
കാലമായ് വന്നിതിപ്പോൾ.

ശ്രീനാരായണഗുരു

ഇതിലെ മദിര, കുപ്രസിദ്ധമായ "ജാതിമദിര" യാണെന്നും, ദീനം പിടിച്ചതു് അവശജനവിഭാഗമാണെന്നും കൂടി വ്യക്തപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ഏതായാലും ലോകക്ക് ഒരുപോലെ ശ്രേഷ്ഠജീവിതമാകുന്ന നദിയിൽ മുങ്ങുവാൻ സന്ദർഭം വന്നിരിക്കുന്നു. എഴുന്നേല്ക്കുക എഴുന്നേല്ക്കുക എന്നാവർത്തിക്കുന്നു. സൂര്യൻ ഉദിച്ചു; ഇരുൾ മറഞ്ഞു. ഉന്തിത്തള്ളി പെരുവഴിയാധാരമാക്കുന്ന ജാതി ഇനി മതിയാക്കൂ എന്നു് ഉൽബോധിപ്പിക്കുന്നു.

നമാമി നാരായണ പാദപങ്കജം.
കരോമിനാരായണ പൂജനം സദാ
വദാമിനാരായണ നാമനിർമ്മലം
സ്മരാമി നാരായണ തത്വമവ്യയം
ഓം പൂർണ്ണമദഃപൂർണ്ണമിദം
പൂർണ്ണാൽ പൂർണ്ണം ഉദച്യതേ
പൂർണ്ണ സ്യ പൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ
ഓം ശാന്തിഃ ശാന്തിഃ

# അനുബന്ധം

ഗുരുദേവൻെറ പ്രൗഢങ്ങളായ ചില ഗദ്യപ്രബന്ധങ്ങൾ ശ്രീനാരായണധർമ്മസംഘത്തിൻെറ പ്രസിദ്ധീകരണം വഴി പുറത്തുവന്നതായി മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. പ്രപഞ്ചസ്ഥിതികളെപ്പററി അവഗാഢമായ അറിവു് സമ്പാദിക്കുവാൻ ആ പ്രബന്ധങ്ങൾ ഉപകരിക്കുന്നതാകുന്നു. മനനത്തിനും ഭജനത്തിനുമായി കോലത്തുകര ക്ഷേത്രസന്നിധിയിൽവച്ചു് ഭക്തന്മാർക്കായി എഴുതിക്കൊടുത്ത ഗദ്യപ്രബന്ധം മുമ്പു് ഉദ്ധരിച്ചിട്ടുണ്ടു്. ആത്മവിലാസം എന്ന പേരിലും ദൈവചിന്തനം എന്ന പേരിലും ഉള്ള ഗദ്യപ്രബന്ധങ്ങൾ അടിയിൽ ചേർക്കുന്നു.

## 1. ആത്മവിലാസം

ഓം ഇതൊക്കെയും നമ്മുടെ മുമ്പിൽ കണ്ണാടിയിൽ കാണുന്ന നിഴൽപോലെ തന്നെയിരിക്കുന്നു. അത്ഭുതം! എല്ലാററിനേയുംകാണുന്ന കണ്ണിനെ കണ്ണു് കാണുന്നില്ല. കണ്ണിൻെറ മുമ്പിൽ കയ്യിലൊരു കണ്ണാടിയെടുത്തു പിടിക്കുമ്പോൾ കണ്ണു് ആ കണ്ണാടിയിൽ നിഴലിക്കുന്നു. അപ്പോൾ കണ്ണു് കണ്ണാടിയേയും നിഴലിനേയും കാണുന്നു. നിഴൽ ജഡമാകുന്നു. അതിനു് കണ്ണിനെ കാണുന്നതിനു് ശക്തിയില്ല. കണ്ണിനു് കണ്ണിനെ എതിരിട്ടു

നോക്കുന്നതിനു കഴിയുന്നില്ല. ഇങ്ങനെ കണ്ണും കണ്ണിന്റെ നിഴലും, കണ്ണിൽ കാണാതെയിരിക്കുമ്പോൾ, അവിടെ കണ്ണിനെ കാണുന്നതു് നാമാകുന്നു; ഇതുപോലെ ഈ കണ്ണിനെ കാണുന്ന നമ്മെ നാം കാണുന്നില്ല. നമ്മുടെ മുമ്പിൽ ഒരു കണ്ണാടിയെ സങ്കല്പിക്കുമ്പോൾ നാം ആ കണ്ണാടിയിൽ നിഴലിക്കുന്നു. അപ്പോൾ ആ നിഴലിനു് നമ്മെ കാണുന്നതിനു് ശക്തിയില്ല. നിഴൽ ജഡമാകുന്നു. നമുക്കു് നമ്മെ എതിരിട്ടുനോക്കുന്നതിനു് കഴിയുന്നില്ല. നാം നമ്മിൽ കല്പിതമായിരിക്കുന്ന കണ്ണാടിയേയും ആ കണ്ണാടിയുടെ ഉള്ളിൽനില്ക്കുന്ന നിഴലിനേയും തന്നെ കാണുന്നുള്ളൂ. അപ്പോൾ നമ്മെ കാണുന്നതു് നമ്മുടെ മുകളിൽ നില്ക്കുന്ന ദൈവമാകുന്നു. ചുരുക്കം, കല്പിതമായിരിക്കുന്ന കണ്ണാടി, അതിനുള്ളിൽ നില്ക്കുന്ന നമ്മുടെ നിഴൽ, കണ്ണു്, കയ്യിലിരിക്കുന്ന കണ്ണാടി, ആ കണ്ണാടിയുടെ ഉള്ളിൽ നില്ക്കുന്ന കണ്ണിന്റെ നിഴൽ, ഇതു് അഞ്ചും നമ്മുടെ കീഴടങ്ങിനില്ക്കുന്നു. ഇതിനെ കാണുന്ന കണ്ണു് നാമാകുന്നു—കണ്ണു് കണ്ണിൻെറ നിഴലിനേയും കണ്ണാടിയേയും തന്നെ കാണുന്നുള്ളൂ. നാം, നമ്മുടെ നിഴൽ, കണ്ണാടി, കണ്ണു്, കണ്ണിന്റെ നിഴൽ, കയ്യിലിരിക്കുന്ന കണ്ണാടി—ഇതാറും ദൈവത്തിൻെറ കീഴടങ്ങിനില്ക്കുന്നു. ഇതിനെ കാണുന്ന കണ്ണു് ദൈവമാകുന്നു. ഓ! ഇതു് ഒരു വലിയ ആശ്ചര്യമാകുന്നു! നാമെന്നല്ല; നമ്മാൽ കാണപ്പെടുന്നതൊക്കെയും ഇങ്ങനെ നിഴലിക്കുന്നതിനു് ദൈവം ഇടംകൊടുത്തിരിക്കുന്നു. ഇതുകൂടാതെ ഇതിനെയൊക്കെയും ദൈവം തന്നെ കാണുകയും ചെയ്യുന്നു. അപ്പോൾ ദൈവം ഒരു ദിവ്യമായ കണ്ണാടിയും

കണ്ണുമായിരിക്കുന്നു. ഓ ഇതാ ഒരു ദിവ്യമായിരിക്കുന്ന കണ്ണാടിയിൽ ഒരു പുതിയ മലയെക്കാണുന്നു. അപ്പുറം ഇതാ ഒരു പടം കാണുന്നു. ഇതു് നാം പണ്ടു് കണ്ടിട്ടുള്ളതാണെന്നുതന്നെ തോന്നുന്നു. ഓ! ഇതാ മരുന്നുമാമലയും കന്യാകുമാരിയും മധുരയും കാശിയും ചിദംബരവും നമ്മുടെ ഉള്ളിൽ അടുത്തടുത്തു കാണുന്നു. ഓ ഇതു് എത്രയോ ദൂരത്തിലിരിക്കുന്നു. നാം ഇവിടെ നില്ക്കുന്നു. ഓ ഇതാ ഒരു ആന ഓടിക്കുന്നു. നാം പേടിച്ചു് മലയുടെ മുകളിലേറുന്നു. ഇവിടെയിരിക്കുന്ന യോഗീശ്വരനോടു് നാം ഉപദേശം കേട്ടു് യോഗാഗ്നിയിൽ ദഹിക്കുന്നു. ഓ ഇതാ ഇങ്ങനെ കിനാവു് കണ്ടുകൊണ്ടു് ഉണൎന്നു് നിഷ്കമ്പമായിരുന്നു നെടുമൂച്ചുവിടുന്നു. ചിത്രം! ഇതാ നാം മയങ്ങി എഴുന്നിരുന്നുകൊണ്ടു് ഒന്നുമറിയാതെ സുഖമായുറങ്ങി—എന്നിങ്ങനെ നമ്മുടെ മുൻപിൽ നില്ക്കുന്ന പെരുവെളിയിൽ ഒരു അജ്ഞാനത്തേയും അഹങ്കാരത്തേയും വെറുതെ കല്പിച്ചു് വ്യവഹരിക്കുന്നു. ഓ! ഇതാ! കിളിവാതിലിൽക്കൂടി വരുന്ന സൂര്യകിരണത്തിൽ കിടന്നുമറിയുന്ന ധൂളിപോലെ അണ്ഡകോടികൾ മറിയുന്നു. ഓ! ഇതാ! ഇതൊക്കെയും നമ്മിലടങ്ങി നാം നമ്മുടെ മുകളിൽ നില്ക്കുന്ന ദിവ്യമായ കണ്ണാടിയിൽ മറയുന്നു. ഈ കണ്ണാടി നമ്മുടെ ദൈവമാകുന്നു. ഓ! ഇതാ പിന്നെയും കാനലിൽനിന്നു് വെള്ളം പൊങ്ങിവരുന്നതുപോലെ ഇതൊക്കെയും ദൈവത്തിൽ നിന്നു് പൊങ്ങിവരുന്നു. എന്നാൽ ദൈവാംശമായ നമ്മുടെ ഉള്ളിൽ ഇതിനെയൊക്കെയും വെളിപ്പെടുത്തിയിരിക്കുന്നു എന്നു് താല്പര്യം.

ഓ! ഇതാ! ഇതൊക്കെയും നമ്മോടുകൂടി ദൈവം തൻെറ ദിവ്യമായിരിക്കുന്ന വ്യാപക ദർപ്പണത്തിൽ എടുത്തുവിരിച്ച് വിസ്താരമുള്ള കണ്ണുകൊണ്ട് നോക്കുന്നു. പിന്നെയും കണ്ണിലടങ്ങുന്നു മറുപടിയും കണ്ണിൽനിന്ന് വെളിപ്പെടുത്തുന്നു. ഇതു് ദൈവത്തിനു് ഒരു കളിയാകുന്നു. ഇതു് ദൈവാംശമാകുന്നു. അല്ല—ദൈവം അംശമില്ലാത്തതാകുന്നു. ഇതുകൊണ്ട് ദൈവാംശമെന്നു പറഞ്ഞുകൂടാ. പിന്നെ വല്ല പരമാണുവിൽ നിന്നു് പരിണമിച്ചതോ? എന്നാൽ അതുമല്ല. എന്തുകൊണ്ടെന്നാൽ പരമാണുക്കൾ ദൈവത്തിൽ വിവത്തങ്ങളാകുന്നു. വിവത്തമെന്നാൽ ഇവിടെ നിഴലാകുന്നു; നിഴലിനു് വേറൊന്നായി മാറുന്നതിനു കഴിയുന്നില്ല. മറ്റൊന്നിനും ദൈവത്തിലിരിക്കുന്നതിനു് ദൈവ മാഹാത്മ്യം ഇടംകൊടുക്കുന്നില്ല. അതുകൊണ്ട് ഇതിനെ വേറൊന്നിന്റെ അംശമെന്നും പറഞ്ഞുകൂടാ. അപ്പോൾ ഈ കാണപ്പെടുന്നതൊക്കെയും അനിവ്വചനീയമാകുന്നു. ഇതൊക്കെയും അഞ്ജനക്കാരന്റെ മഷിയിൽ തെളിയുന്ന ദേവതപോലെയിരിക്കുന്നു. ഇതിൻെറ ബിംബം ദൈവത്തിലിരിക്കുന്നു. ഇതു് നിഴലാകുന്നു. ഇപ്പോൾ ഈ കാണപ്പെടുന്നതും ദൈവവും നാമും ആയിരിക്കുന്ന ഇതൊക്കെയും ദൈവത്തിലടങ്ങുമ്പോൾ ദൈവം തന്നെയായിരിക്കുന്നു. ഇതു് ദൈവത്തിൻെറ വ്യാപകതയെ കെടുക്കുന്നില്ല. നിഴലിനു് യാതൊന്നിൻെറ വ്യാപകതയെ ഭേദിക്കുന്നതിനു കഴിയുന്നില്ല; എന്നുതന്നെയല്ല, നിഴലിനെ യാതൊരു വ്യാപകതയും കളയുന്നില്ല. ഓ ഇതാ ഇതൊക്കെയും മനോവേഗമുള്ള ഒരു ഘടീയന്ത്രം പോലെ ആദ്യന്തമി

ല്ലാതെ കറങ്ങുന്നു. വിസ്മയം; നാം നമ്മുടെ കണ്ണിനെ കാണുന്നു. നമ്മെ ദൈവം കാണുന്നു. നാം നമ്മുടെ ശ്രുതിയെ ശ്രവിക്കുന്നു. ദൈവം നമ്മെ ശ്രവിക്കുന്നു. നാം ത്വക്കിനെ സ്പർശിക്കുന്നു. നമ്മളെ ദൈവം സ്പർശിക്കുന്നു. നാം നമ്മുടെ നാവിനെ രസിക്കുന്നു. നമ്മെ ദൈവം രസിക്കുന്നു. നാം നമ്മുടെ മൂക്കിനെ മണക്കുന്നു; നമ്മെ ദൈവം മണക്കുന്നു. നാം വാക്കിനെ തള്ളിവിടുന്നു—നമ്മെ വാക്ക് തള്ളിവിടുന്നില്ല; ദൈവം തള്ളിവിടുന്നു. നാം കയ്യെ ആ ദാനം ചെയ്യിക്കുന്നു. നമ്മെ കയ്യ് ആ ദാനം ചെയ്യിക്കുന്നില്ല. ദൈവം ആ ദാനം ചെയ്യിക്കുന്നു. നാം കാലിനെ നടത്തുന്നു, നമ്മെ കാല് നടത്തുന്നില്ല. ദൈവം നടത്തുന്നു. നാം ദൈവത്തെ നടത്തുന്നില്ല. നാം ഗുദത്തെ വിസർജ്ജനം ചെയ്യിക്കുന്നു. നമ്മെ ഗുദം വിസർജ്ജനം ചെയ്യിക്കുന്നില്ല. ദൈവം വിസർജ്ജനം ചെയ്യിക്കുന്നു. നാം ദൈവത്തെ വിസർജ്ജനം ചെയ്യിക്കുന്നില്ല. നാം ഉപസ്ഥത്തെ ആനന്ദിപ്പിക്കുന്നു. നമ്മെ ഉപസ്ഥം ആനന്ദിപ്പിക്കുന്നില്ല. ദൈവം ആനന്ദിപ്പിക്കുന്നു. നാം ദൈവത്തെ ആനന്ദിപ്പിക്കുന്നില്ല. ദാ ഇതാ ദൈവത്തിൽ പുരുഷലക്ഷണം കാണുന്നു. ദൈവം കണ്ണില്ലാതെ കാണുകയും ചെവിയില്ലാതെ കേൾക്കുകയും ത്വക്കില്ലാതെ സ്പർശിക്കുകയും മൂക്കില്ലാതെ മണക്കുകയും നാവില്ലാതെ രുചിക്കുകയും ചെയ്യുന്ന ഒരു ചിത് പുരുഷനാകുന്നു. നാം ദൈവത്തിന്റെ പ്രതിപുരുഷനാകുന്നു. നമ്മുടെ ശരീരം ജഡമാകുന്നു. പഴുത്തിരിക്കുന്ന അയോഗോളം തേജോമയമായിരിക്കുന്നതുപോലെ നാം കണ്ണുതുറന്നു നോക്കുമ്പോൾ നമ്മുടെ

ശരീരം തേജോമയമായിരിക്കുന്നു. ഓ! ഇതാ! ഇപ്പോൾ കാണപ്പെടുന്നതൊക്കെയും ഇതുപോലെ തേജോമയമായിരിക്കുന്നു. ഓ! നമ്മുടെ ദൈവം ജ്യോതിർമയമായിരിക്കുന്ന ഒരു ദിവ്യസമുദ്രമാകുന്നു. ഇതൊക്കെയും ആ നിസ്തരംഗസമുദ്രത്തിൻെറ തരംഗമാകുന്നു. ഓ ഇതൊക്കെയും കാനലിൽ നിന്നു് കവിയുന്ന വെള്ളമാകുന്നു. ദൈവം കാനലാകുന്നു. ഓ! നാം ഇതുവരേയും ബഹിർമ്മുഖനായിരിക്കുന്നു. ഇനി അന്തർമ്മുഖത്തോടുകൂടിയവനായിത്തീരുന്നു. ആ! ഇവിടം എത്രയോ ദിവ്യമായിരിക്കുന്നു. നാം ഇതുവരേയും നിന്നിരുന്നതു് ഒരു ദിവ്യമായിരിക്കുന്ന കണ്ണാടിയിലാകുന്നു. ഇതുതന്നെയാണു് നമ്മുടെ ദൈവം. ഇതിനെ നാം മുൻപിൽ കണ്ടിരുന്നില്ല. ഇപ്പോൾ നമുക്കിവിടം യാതൊരു മറവും കാണുന്നില്ല. നാമും ദൈവവും ഒന്നായിരിക്കുന്നു. ഇനി നമുക്കു് വ്യവഹരിക്കുന്നതിനു് പാടില്ലാ. ഓ! ഇതാ നാം ദൈവത്തിനോടു് ഒന്നായിപ്പോകുന്നു.

## ദൈവചിന്തനം

ഈ ഭൂലോകത്തിൽ ബഹുവിധം ജീവകോടികൾ വസിക്കുന്നതുപോലെ ഗന്ധം; ശീതം, ഉഷ്ണം എന്നീ ഗുണങ്ങളോടുകൂടിയ വായുലോകത്തിലും അനന്തജീവകോടികളിരിക്കുന്നു. ഇതിൻെറ തത്വം ചില കല്ലേറു് മുതലായ പ്രവൃത്തികളെക്കൊണ്ടും അതു ചില മാന്ത്രികന്മാരാൽ നിവർത്തിക്കപ്പെടുന്നതുകൊണ്ടും ദേവതാഗ്രസ്തന്മാരാൽ ചെയ്യപ്പെടുന്ന ചില അത്ഭുത കാര്യങ്ങളെ

ക്കൊണ്ടും സാമാന്യേന വെളിവാകുന്നു. അതുമല്ല, അന്തരചാരികളുണ്ടെന്നും അവർ ചില ഭക്തന്മാരുടെ മുമ്പിൽ പ്രത്യക്ഷമായി വന്ന് അവക്ക് വേണ്ടും വരങ്ങളെല്ലാം കൊടുത്തിരിക്കുന്നു എന്നും, ഇന്നും അവരെ ഉപാസിക്കുന്ന ഭക്തന്മാൎക്ക് അങ്ങനെ തന്നെ സംഭവിക്കും എന്നും ദേവതാസിദ്ധിയുള്ള ആളുകളിപ്പോഴും അനേകം ഇരിക്കുന്നുവെന്നും മററും മിക്കവാറും ലോകസമ്മതമാകുന്നു. അതുകൊണ്ട് ഇഹലോകവാസികളെപ്പോലെ പരലോകവാസികളുമുണ്ടെന്നുള്ളത് നിൎവ്വിവാദമാകുന്നു. അവക്ക് വായുവെപ്പോലെ വേഗമുള്ളതുകൊണ്ടും അദൃഷ്ടരൂപികളായിരുന്നുകൊണ്ട് അതികഠിന പ്രവൃത്തികളെ ചെയ്കകൊണ്ടും ഇവരിലുവച്ച് ചിലർ അടുക്കുമ്പോൾ ഉഷ്ണവും ചിലരുടെ സാന്നിദ്ധ്യത്തിൽ ശീതവും ചിലക്ക് സുഗന്ധവും ചിലക്ക് ദുർഗന്ധവും മററും ഇങ്ങനെയുള്ള സകലസംഗതികളെക്കൊണ്ടുമാണ് ഇവരെ വായുലോകവാസികളെന്ന് ചുരുക്കമായി പ്രസ്താവിച്ചിരിക്കുന്നത്. ഇതുകളെല്ലാം ഇവിടെയിപ്പോൾ വിസ്തരിക്കുന്നില്ല. ഈ വായുലോകവാസികളിൽ ചിലക്ക് പാലിലും ചിലക്ക് നെയ്യിലും ചിലക്ക് തേനിലും ചിലക്ക് പായസത്തിലും ചിലക്ക് പഴവൎഗ്ഗങ്ങളിലും ചിലക്ക് പലഹാരങ്ങളിലും ചിലർക്ക് കന്ദ വർഗ്ഗങ്ങളിലും പ്രീതിയുണ്ട്. ചിലരുടെ പ്രീതി പരിമള ദ്രവ്യത്തിൽ, ചിലരുടെ പ്രീതി മന്ത്രത്തിൽ, ചിലക്ക് തന്ത്രത്തിൽ, ചിലക്ക് യന്ത്രത്തിൽ, ചിലക്ക് നൃത്തത്തിൽ, ചിലക്ക് വാദ്യത്തിൽ, ചിലക്ക് ഗാനത്തിൽ, ചിലക്ക് സകലത്തിലും പ്രീതിയുണ്ട്. ചിലർ മാംസം ഭക്ഷിക്കുന്നവർ,

ചിലർ രക്തം കുടിക്കുന്നവർ, ചിലർ മദ്യപാനികൾ, ചിലർ പ്രേതം ഭക്ഷിക്കുന്നവർ, ചിലർ പിള്ളതിന്നികൾ, ചിലർ ഗർഭം കലക്കുന്നവർ, ചിലർ ശുക്ലഭോജികൾ, ചിലർ കാമികൾ, ചിലർ ഭോഗികൾ, ചിലർ കൃശന്മാർ, ചിലർസ്ഥൂലന്മാർ, ചിലരുടെനിറം വെളുപ്പ്, ചിലരുടെ നിറം കറുപ്പ്, ചിലക്ക് മഞ്ഞൾ വർണ്ണം, ചിലർ ചിത്രവർണ്ണന്മാർ, ചിലർ ഹ്രസ്വന്മാർ, ചിലർ ദീർഘന്മാർ, ചിലർ കാള വാഹനമുള്ളവർ, ചിലർ മയിൽ വാഹനമുള്ളവർ, ചിലർ ഗരുഡന്മേലേറി നടക്കുന്നവർ, ചിലരുടെ വാഹനം കുതിര, ചിലർ പക്ഷിമുഖമുള്ളവർ, ചിലർ അശ്വമുഖന്മാർ, ചിലർ സർപ്പത്തിൻെറ മുഖം പോലെയുള്ളവർ, ചിലർ അശുദ്ധാഭ്രവാസികൾ, ചിലർ ശുദ്ധാഭ്രവാസികൾ, ചിലർ ശുക്ലാംബരധാരികൾ, ചിലർ പീതാംബരധാരികൾ, ചിലർ നീലാംബരികൾ, ചിലർ ജീർണ്ണവസ്ത്രമുള്ളവർ, ചിലർ കൌപീനധാരികൾ, ചിലർ ദിഗംബരന്മാർ, ചിലർ ജടിലന്മാർ, ചിലർ മുണ്ഡികൾ, ചിലർ ശാന്തന്മാർ, ചിലർ ക്രൂരന്മാർ, ചിലർ ശിഷ്ടന്മാർ, ചിലർ ദുഷ്ടന്മാർ, ചിലർസംഹാരശക്തിയുള്ളവർ, ചിലർസൃഷ്ടിക്കുന്നവർ, ചിലർ രക്ഷിക്കുന്നവർ, ചിലർ ദംഷ്ട്രയുള്ളവർ, ചിലർ ഭയങ്കരരൂപികൾ, ചിലർ സൌന്ദര്യമുള്ളവർ, ചിലർ ബലികൊള്ളുന്നവർ, ചിലർ തർപ്പണപ്രീതിയുള്ളവർ, ചിലർ ഹോമത്തിൽ പ്രീതിയുള്ളവർ, ചിലർ അമൃതം ഭക്ഷിക്കുന്നവർ, ചിലർ പരമാണുപ്രായേണ പരകായത്തിൽ പ്രവേശിക്കുന്നവർ, ചിലർ പർവ്വതം പോലെ ഇരിക്കുന്നതിന്ന് ശക്തിയുള്ളവർ, ചിലർ അങ്ങനെ മല

പോലെ ഇരുന്നാലും പൂ പോലെ ഭാരമില്ലാത്തവർ, ചിലർ പൂ പോലെയിരുന്നാലും പർവ്വതം പോലെ ഭാരമുള്ളവർ, ചിലർ സകലൎക്കും ആധിപത്യംവഹിക്കുന്നവർ ചിലർ സകലപദാൎത്ഥങ്ങളും വശീകരിക്കുന്നവർ, ചിലർ സകലദിക്കിലും നിൎവ്വിഘ്നം സഞ്ചരിക്കുന്നവർ. ഒരു സമയം പലദിക്കിലും കാണുന്നവർ, ചിലർ ഈ എല്ലാ സിദ്ധികളുമുള്ളവർ, ചിലർ ഏകദേശം ചില സിദ്ധികളുള്ളവർ, ഇതുകൂടാതെയും ഇതുപോലെ അനേകം സിദ്ധിഭേദങ്ങളോടും വൎണ്ണവിശേഷങ്ങളോടും ആഹാര വിശേഷങ്ങൾ, ആകൃതിവിശേഷം വാഹനവിശേഷം ഇതുകളോടുകൂടിയിരിക്കുന്ന ശുദ്ധദൈവങ്ങളും അശുദ്ധ ദുഷ്ടഭൂതപ്രേതയക്ഷരാക്ഷസപൈശാച ജാതികളും ഇരിക്കുന്നു. ഇവർ സർവ്വപ്രാണികളുടെ ഹൃദയത്തിലും പ്രവേശിച്ച് ബുദ്ധിയെ ശുദ്ധിവരുത്തുന്നതിനും ഭ്രമിപ്പിച്ചു മാലിന്യപ്പെടുത്തി കെടുക്കുന്നതിനും നന്നാക്കുന്നതിനും സർവ്വ സമ്പത്തുകളെയും കൊടുക്കുന്നതിനും എടുക്കുന്നതിനും രക്ഷിക്കുന്നതിനും ശിക്ഷിക്കുന്നതിനുംമററുമുള്ള പ്രവൃത്തികൾക്കൊക്കെയും ശക്തിയുള്ളവരായുമിരിക്കുന്നു. അതുകൊണ്ട് നാം ഇവരെ ഇഷ്ടോപചാരങ്ങളോടും ക്രമിഭജിച്ചു് പ്രസാദിപ്പിക്കേണ്ടതു് നമ്മുടെ കൎത്തവ്യ കൎമ്മം തന്നെയെങ്കിലും ചില യക്ഷരാക്ഷസഭൂതപ്രേതാദികളായ ദുഷ്ടജന്തുക്കളെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി ആടുമാടു കോഴികളെ അറുത്തു് അവക്ക് പാപബലി കൊടുത്തു് ആ ദുഷ്ടഭൂതങ്ങളെ മനസ്സിൽ ആവാഹിച്ചു് ഭ്രമിച്ചു് തുള്ളി വെറിവാടി ചുററും നില്ക്കുന്ന പാവങ്ങളെക്കൂടെ ഭ്രമിപ്പിച്ചു് പ്രസാദംകൊടുത്തു് ഈ ദുഷ്പ്രവൃത്തിയിൽ

വശപ്പെട്ടത്തി നടത്തിക്കൊണ്ടുപോകുന്നതു് എന്തൊരു ബുദ്ധിമാന്ദ്യമാണു് ? കഷ്ടം! ഈ ദ്രോഹികൾക്കു് ആ ദുഷ്ടജന്തുക്കളുടെ അനുഗ്രഹം കൊണ്ടിവിടെ സിദ്ധിക്കുന്ന ഫലം ദുർവ്യാധി, ദുഷ്കീർത്തി, ദുർമൃതി മുതലായ ഉപദ്രവങ്ങൾതന്നെ. ഇപ്രകാരമില്ലാതെ ഈവിധമുള്ള ദുഷ്പ്രവൃത്തികളെ ചെയ്യുന്ന ചില പാപികൾ ഇവിടെ സുഖജീവികളായിരിക്കുന്നു എങ്കിലും അവരും മരിച്ചു് അവരുടെ ഉപാസനാമൂർത്തികളാകുന്ന ദുഷ്ടപ്രാണികൾ വസിക്കുന്ന നരകലോകത്തുചെന്നു് ആ ഭയങ്കരന്മാരുടെ ദാസപ്രവൃത്തികളെ ചെയ്തു് അവരുടെ ഭുക്തോച്ഛിഷ്ടങ്ങളായ അസ്ഥി, കുടൽ, തോൽ തുടങ്ങിയുള്ള അമേദ്ധ്യങ്ങളെ ഭക്ഷിച്ചു് രക്തം കൊഴുക്കുമ്പോൾ അവർ പിടിച്ചു കടിച്ചു പച്ചതിന്നു കാഷ്ഠിച്ചുകളയുന്നു. ഹാ! കഷ്ടം! ഈ പാപികളുടെ ആവി പിന്നെ തലകുത്തി ഭൂമിയിൽ വീണു് പുല്ലു കുരുത്തുപോകുന്നു. അല്ലെങ്കിൽ പാപയോനികളിൽ പിറന്നു് പരിതാപിച്ചു് മരിക്കുന്നു. ഇപ്രകാരം ഇവൎക്കു് ഇഹപരങ്ങളിലും നിത്യോപദ്രവഫലമല്ലാതെ സുഖത്തിന്റെ ലവലേശം പോലും ഒരുനാളും ഉണ്ടാകുന്നതല്ല. ഈവിധമുള്ള ഘോരകൎമ്മങ്ങളെ മനഃപൂർവ്വമായിതന്നെ ആ ദുഷ്ടഭൂതങ്ങളുടെ ഉപദ്രവം നേരിടുമെന്നു് വിചാരിച്ചു് ഭയപ്പെട്ടു് ചെയ്യുന്നുവെങ്കിൽ ആ ദുർദ്ദേവതകളുടെ ഉപദ്രവം നമ്മിൽ നേരിടാതിരിക്കുന്നതിനു് വേറെ ഉപായമുണ്ടു്. എങ്ങനെയെന്നാൽ ഈ ദുഷ്ടജന്തുക്കളെക്കാളും വളരെ ശക്തിയുള്ളവരായ ശുദ്ധദൈവങ്ങൾ അനേകമിരിക്കുന്നല്ലോ? അവരെ സേവിച്ചു് സന്തോഷിപ്പിച്ചാൽ ഈ ഉപദ്രവം നമ്മിൽ ദരി

ക്കലും നേരിടുന്നതല്ല. അതുകൊണ്ടു് നാം യാതൊരു പ്രാണികൾക്കും ഉപദ്രവം വരാത്ത വിധത്തിലുള്ള പ്രവൃത്തികൾ ചെയ്തു് സന്മാർഗ്ഗികളായി ശുദ്ധോപചാരങ്ങളോടുകൂടി ശുദ്ധ ദൈവങ്ങളെ ഭജിച്ചു് പ്രസാദിപ്പിക്കണം. അപ്പോൾ ഇവരുടെ അനുഗ്രഹംകൊണ്ടു് നമുക്കു് ഹൃദയ പ്രസാദമുണ്ടായി ഐഹികഭോഗങ്ങൾ സകലവും ന്യായമായി അനുഭവിച്ചു് തൃപ്തിവന്നു് ഭോഗങ്ങളിൽ വൈരാഗ്യമുണ്ടായി ബ്രഹ്മജ്ഞാനികളാകുന്നതിനും സംഗതി വരുന്നു. ഒരു പക്ഷം തജ്ജന്മനി കർമ്മശേഷത്താൽ ഇതിനു് സംഗതി വരാതെപോയാലും ആയുരന്ത്യത്തിൽ നമ്മുടെ ഉപാസനാമൂർത്തികളായ ശുദ്ധദൈവങ്ങൾ വസിക്കുന്ന ദിവ്യസ്ഥലത്തു് ചെന്നു് അവരോടുകൂടി അങ്ങുള്ള ദിവ്യഭോഗങ്ങളെ ഭുജിച്ചു് നിവൃത്തന്മാരായി ഭൂമിയിൽ വന്നു് പുണ്യയോനികളിൽ പിറന്നു് ഉത്തമഗുണങ്ങളോടുകൂടി വളൎന്നു് സകല ഭോഗങ്ങളിലും വിരക്തി സംഭവിച്ചു് ബ്രഹ്മജ്ഞാനികളായി സുഖിച്ചിരുന്നു് പരമപദം പ്രാപിക്കുന്നതിലേക്കു് യാതൊരു സംശയവുമില്ല. ഹാ! ഹാ! ചിത്രം! ചിത്രം! കയ്യിലിരിക്കുന്ന കല്പകവൃക്ഷക്കനിയെ ഭക്ഷിക്കാതെ കളഞ്ഞു് കാഞ്ഞിരക്കനിയെ തേടി ഭക്ഷിച്ചു് വിഷംകൊണ്ടു് മരിക്കുന്നു. കഷ്ടം! കഷ്ടം! ഇതിരിക്കട്ടെ! ഇതുകൂടാതെ ചില ഉദരംഭരികൾ സകല പ്രാണികളേയും ദൈവം നമ്മുടെ ഉപയോഗത്തിനായി കൊണ്ടുതന്നെ സൃഷ്ടിച്ചിരിക്കുന്നു, നാം അതുകളെ കൊന്നു ഭക്ഷിക്കുന്നതുകൊണ്ടു് യാതൊരു പാതകവും വരാനില്ലെന്നിങ്ങനെ ആരവാരം ചെയ്തുംകൊണ്ടു് വായില്ലാ പ്രാണികളെ വധിച്ചു് ഉപജീവിക്കുന്നു. കഷ്ടം!

ഇപ്രകാരം മനുഷ്യരുടെ ഉപയോഗത്തിനായിക്കൊണ്ടു തന്നെ സർവ്വ പ്രാണികളേയും ദൈവം സൃഷ്ടിച്ചിരിക്കുന്നുവെങ്കിൽ അതുകൾ അന്യോന്യം പിടിച്ചു ഭക്ഷിക്കുന്നതിനും മനുഷ്യർ ചിലപ്പോൾ അതുകളാൽ അപഹരിക്കപ്പെട്ടുപോകുന്നതിനും സംഗതി വരുമായിരുന്നോ? ഇല്ല. പുത്രനു് തള്ളയുടെ സ്തന്യത്തെ ഉപയോഗിക്കുന്നതിനല്ലാതെ മാതൃനിഗ്രഹംചെയ്തു് മാംസത്തെ ഉപയോഗിക്കണമെന്നു് ദൈവസങ്കല്പം സംഭവിക്കുമോ? അതു് ഒരിക്കലും വരുന്നതല്ല. ഇതുപോലെ ദൈവം മനുഷ്യരുടെ ഉപയോഗത്തിനായിക്കൊണ്ടുതന്നെ പ്രാണികളെ സൃഷ്ടിച്ചിരിക്കുന്നുവെന്നുള്ള വ്യവഹാരം അതുകളുടെ ക്ഷീരാദികളിലായിരുന്നുവെങ്കിൽ എത്രയോ ന്യായമായിരിക്കുമായിരുന്നു. അപ്പോൾ അചര പദാർത്ഥങ്ങളായ ധാന്യാദികളൊക്കെയും മനുഷ്യരുടെ ഉപയോഗത്തിനായിക്കൊണ്ടുതന്നെ ദൈവം സൃഷ്ടിച്ചിരിക്കുന്നുവെന്നും ക്ഷീരാദികളുടെ ഉപയോഗത്തെ ഉദ്ദേശിച്ചിട്ടല്ലാതെ പശ്വാദികളെ സൃഷ്ടിച്ചിട്ടുള്ളതല്ലെന്നും സ്പഷ്ടമാകുന്നു. അതുമല്ല, പ്രാണികളെ ഭക്ഷിക്കുന്നതിലത്രേ മനുഷ്യത്വം സിദ്ധിക്കുന്നുള്ളുവെങ്കിൽ വ്യാഘ്ര്യാദികളായ ക്രൂരജന്തുക്കളിലല്ലയോ അതിമാനുഷ്യത്വം സിദ്ധിക്കേണ്ടതു്. ഇങ്ങനെവരുമ്പോൾ ചില ജീവകാരുണ്യമുള്ള ആളുകൾതന്നെ മൃഗങ്ങളായിരിക്കുന്നു എന്നല്ലയോ വന്നുകൂടുന്നതു്. കൊള്ളാം! ഈ അസംഗതികൾ ദൈവത്തിൽ സ്ഥാപിച്ചു് പറയുന്നതിനേക്കാളും വലുതായ ഒരു ദൈവദൂഷണം വല്ലതുമുണ്ടോ? ഈ ദ്രോഹികളുടെ പക്ഷത്തിൽ പരലോകവും പരലോകവാസികളുമുണ്ടെന്നുതന്നെ; എങ്കി

ല്യം അ വ്യവഹാരംകൊണ്ടു് യാതൊരു പ്രയോജനവു മില്ല. എന്തെന്നാൽ ദൈവം ഒന്നേയുള്ളൂ. അവൻ അരൂപിയായും സർവ്വത്ര വ്യാപിയായും ഇരിക്കുന്നതുകൊണ്ടു് നാം അവനെ ഭജിക്കുന്നതിനും അവനാൽ നിയമിക്കപ്പെടുന്ന ശിക്ഷാരക്ഷകളെ അനുഭവിക്കുന്നതിനും അന്യത്ര കൃതവാസം വേണമെന്നില്ല. അങ്ങനെ വേണമെങ്കിൽ ശിക്ഷാ രക്ഷകളെ അനുഭവിപ്പിക്കുന്നതിനു് അവനാൽ നിയമിക്കപ്പെട്ടിട്ടുള്ള ചില ആളുകളും അവിടെയുണ്ടായിരിക്കണം. അപ്പോൾ ഇഷ്ടോപചാരങ്ങളോടുകൂടെ അവരെ ഭജിച്ചു് അവരുടെ പ്രീതിയെ സമ്പാദിക്കേണ്ടതും ആവശ്യകമായി വരുന്നു. ഇതൊന്നും ആലോചിക്കാതെ ദൈവത്താൽ നിയമിക്കപ്പെട്ടിട്ടുള്ള ശിക്ഷാരക്ഷകളെ അനുഭവിപ്പിക്കുന്നതിനു് സ്വർഗ്ഗനരകങ്ങളുണ്ടെന്നു് വൃഥൈവ വ്യവഹരിച്ചുകൊണ്ടു് ദുഷ്പ്രവൃത്തികളെ ചെയ്യുന്ന ഈ പാപികളും മരിച്ചു് നരകത്തിൽവീണു് അവിടെയുള്ള നാരകികളുടെ ഓഹരി കൊടുക്കാതെ ആത്മാർത്ഥം പ്രാണികളെ വധിച്ചു് ഭക്ഷിച്ചതുകൊണ്ടു് അവരും ക്രുദ്ധന്മാരായി പിടിച്ചു താഡിച്ചു കടിച്ചു് പച്ചതിന്നു കാഷ്ഠിച്ചു കളയുമ്പോൾ അവരുടെ ആവിയും മേൽപ്രകാരംതന്നെ ഭൂമിയിൽവീണു് പുല്ലു കുരുത്തുപോകുന്നു. പിന്നെ ചിലർ ദേവനേതു്; ദേവിയേതു് എന്നിങ്ങനെ ഉദ്ഘോഷിച്ചുംകൊണ്ടു് ജീവകാരുണ്യമില്ലാതെയുള്ള പ്രവൃത്തികളെ ചെയ്തു് കാലം കഴിച്ചു വരുന്നു. അവരും മരിച്ചു് മേൽപ്രകാരം നരകത്തിൽ വീണു് അങ്ങുള്ള സർവ്വോപദ്രവഫലവും ഭുജിച്ചു് അധോമുഖന്മാരായി ഭൂമിയിൽവീണു് തൃണജലൂകാദി പാപ

യോനികളിൽ പിറന്ന് തപിച്ചു മരിക്കുന്നു. പിന്നെ ചിലർ സർവ്വപ്രപഞ്ചവും പരമാണുക്കളുടെ സംയോഗം കൊണ്ട് സംഭവിച്ചതല്ലാതെ ഇതിന് വേറെ ഒരു കാരണവുമില്ല എന്നിങ്ങനെയുള്ള അഹമ്മതികളേയും കൈക്കൊണ്ട് ദുർവ്യാപാരികളായി തന്നാൽ നിയമിക്കപ്പെട്ട പരമാവധിയായ സാദ്ധ്യപരമാണു വ്യൂഹം സാധന ബുദ്ധിവൃത്തിയുടെ വ്യാപകധർമ്മത്തിൽ ലയിച്ച് സാദ്ധ്യസാധന നിർമ്മുക്തരായി ആ ശുദ്ധശൂന്യത്തിൽ മോഹിച്ചുകിടക്കുന്നതിനുപോലും സംഗതി വരാതെ അവരും വ്യഥൈവ മരിച്ച് നരകത്തിൽ വീണ് ദുഃഖിച്ച് നരകശേഷം ഭൂമിയിൽ വീണ് കൃമികീടങ്ങളായിപ്പോകുന്നു. ഈ സംഗതികളെല്ലാം പ്രഥമദൃഷ്ടിയിൽതന്നെ നിസ്സാരമെന്നുവിചാരിച്ച് തള്ളിക്കളയാതെ സകല സമയികളും യുക്തിന്യായങ്ങളോടുകൂടി ആലോചിച്ചുനോക്കുന്നു എങ്കിൽ ഇതു് നാം ഉജ്ജീവിപ്പാനുള്ളതിൽ ഒരു നല്ല വഴിയാകുന്നു.

## ദൈവചിന്തനം (2)

ജയ ജയ സ്വാമിൻ, ഹാ! ഇതൊരു മഹാവിചിത്രം തന്നെ! നിരിന്ധനജ്യോതിസ്സായിരിക്കുന്ന നിന്തിരുവടിയിൽ ഒരു മരീചികാപ്രവാഹം പോലെ പ്രഥമദൃഷ്ട്യാ ദൃഷ്ടമായിരിക്കുന്ന സകല പ്രപഞ്ചവും ആലോചിക്കുമ്പോൾ ഗഗനാരവിന്ദത്തിൻെറ സ്ഥിതിപോലെതന്നെ ഇരിക്കുന്നു. അവ്യക്തജഡദുഃഖരൂപമായിരിക്കുന്ന ഇതു് നിന്തിരുവടിയാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതുമല്ല. സ്വയ

മേവജാതമായതുമല്ല. നിന്തിരുവടിയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയെങ്കിൽ നിന്തിരുവടിക്കു് കരണകൎത്തൃദോഷമുണ്ടെന്നു പറയേണ്ടിവരും. നിന്തിരുവടി കരണകൎത്തൃദോഷമില്ലാത്ത നിർവ്യാപാരിയല്ലേ? അതുകൊണ്ടു് അതൊരിക്കലും യുക്തമല്ല. ശുദ്ധജഡത്തിനു് സ്വയമേവ ജാതമാകുന്നതിനു് നിവൃത്തിയില്ല. ഇപ്രകാരം അനിർവ്വചനീയമായിരിക്കുന്ന ഈ പ്രപഞ്ചവും സച്ചിദാനന്ദഘനമായ നിന്തിരുവടിയും കൂടി തമഃപ്രകാശങ്ങൾപോലെ സഹവാസം ചെയ്തുകൊണ്ടിരിക്കുന്നതു തന്നെ ഒരത്യത്ഭുതം. ഞങ്ങളുടെ ത്രികരണങ്ങളും പ്രവൃത്തികളും എല്ലാം തേജോരൂപമായ നിന്തിരുവടിയുടെ നേരെ തമോമയമായ കൎപ്പൂരധൂളിയുടെ അവസ്ഥയെ പ്രാപിച്ചിരിക്കുന്നു. അതുകൊണ്ടിപ്പോൾ നിരഹങ്കാരികളായ ഞങ്ങളും നിന്തിരുവടിയും തമ്മിൽ യാതൊരു ഭേദവുമില്ല. ഭേദരഹിതന്മാരായ നാം ഇരുവരുടേയും മദ്ധ്യവൎത്തിയായ ഭേദവ്യവഹാരവും എങ്ങിനെയോ ചിരഞ്ജീവിയായുമിരിക്കുന്നു. നിന്തിരുവടിയും ഞങ്ങളും പ്രപഞ്ചവും ഈ ത്രിപദാൎത്ഥവും അനാദി നിത്യമായ നിന്തിരുവടി തന്നെ. അപ്പോൾ നിന്തിരുവടിക്കു് അദ്വൈതസിദ്ധിയും ഇല്ല. ഞങ്ങൾക്കു് ബന്ധനിവൃത്തിയുമില്ല. ഇതുകൂടാതെയും നിന്തിരുവടിക്കും ഞങ്ങൾക്കും തമ്മിലുള്ള സേവ്യസേവക ഭാവത്തിനും ഹാനിവരുന്നുവെങ്കിലും നിത്യബദ്ധന്മാരായിരിക്കുന്ന ഞങ്ങൾ നിത്യമുക്തനായ നിന്തിരുവടിയെ സേവിക്കുന്നതു് യുക്തം തന്നെ. നിത്യബദ്ധരുടെ ബന്ധത്തിനു് നിവൃത്തിയില്ല. അതുകൊണ്ടു് അതു് നിഷ്പ്രയോജനമായി

ത്തന്നെ തീരുന്നു. പ്രയോജനമില്ലാത്ത പ്രവൃത്തി ചെയ്യുന്നതു് മൗഢ്യമെന്നത്രേ പറവാൻ പാടുള്ളൂ. ഈ അനാദിയായ ഞങ്ങളുടെ മൗഢ്യവും നിന്തിരുവടിയിൽ തന്നെ അവസാനിക്കുന്നു. ഇങ്ങനേയുള്ള സർവ്വോപകാരിയായ നിന്തിരുവടിക്കായിക്കൊണ്ടു് ഒരു വിധത്തിലും ഒന്നും ഉപകരിക്കുന്നതിന്നു് ഞങ്ങൾക്കു് ഭാഗ്യമില്ലാതെയായല്ലോ! ദൈവമേ, ഈ വ്യസനവും നിന്തിരുവടിയിൽ തന്നെ നിർദ്ധൂളിയായിരിക്കുന്നു. ഇതെല്ലാം പോകട്ടെ! ഏതു പ്രകാരമെങ്കിലും സ്വപ്നത്തിൽ കണ്ട കഥയെ ജാഗ്രത്തിൽ പ്രസംഗിച്ചു് ക്രീഡിക്കുന്നതുപോലെ, രാജസതാമസവൃത്തികളിൽ സ്ഫുരിച്ചു് പടന്നിരിക്കുന്ന ഈ അസത്യജഡബാധയെ അതിസൂക്ഷ്മമായ ശുദ്ധസാത്വിക വ്യാപകവൃത്തി പ്രകാശത്തിൽ ക്രീഡിച്ചൊതുക്കി, ആ നിശ്ചലവൃത്തി മാത്രമായിഅനുഭവിച്ചു് ആ അഖണ്ഡാകാരവൃത്തിയുടെ ഗോളസ്ഥാനത്തിൽ നില്ക്കുന്ന ഞങ്ങൾക്കും നിന്തിരുവടിക്കും തമ്മിൽ സൂര്യപ്രകാശഗോളങ്ങൾക്കുള്ളതുപോലെ യാതൊരു വൈലക്ഷണ്യവും ഇല്ലെന്നുള്ള അനുഭൂതിയെ ദൃഢീകരിച്ചു് ഭോഗഭോക്തൃഭോഗ്യാനുഭൂതി വിട്ടു് ശരീരചേഷ്ടാമാത്രപ്രവൃത്തിയോടുകൂടി യഥേഷ്ടം വിഹരിക്കുന്നതിന്നു് നിന്തിരുവടിയുടെ അനുഗ്രഹം ഉണ്ടാകണം. അതിനായിക്കൊണ്ടു് നമസ്കാരം, നമസ്കാരം, നമസ്കാരം.

ഓം ശാന്തി ശാന്തി

ശാന്തിഃ

V. K.
VILAYATHU,
KANJAVELY, P.O.
THRIKKAD, QUILON.

VIVEKANANDA LIBRARY (P)
Founded By
VILAYATHU KRISHNAN ASAN IN 1898
VILAYATHU,
KANJAVELI (P.O.) QUILON;
KERALA INDIA.

V. K. KESAVAN,
VILAYATHU,
KANJAVELY, P.O.
PERINAD, QUILON.

# 'ജീവിത വിമർശനം'

കോട്ടുക്കോയിക്കൽ വേലായുധൻ.


"തത്വചിന്താപ്രധാനങ്ങളും അനുഭവൈക
വേദ്യങ്ങളുമായ ഗുരുദേവകൃതികളിലെ കാതലായ
ഭാഗങ്ങൾ തെരഞ്ഞെടുത്തു് ജീവിതത്തിലെ രഹ
സ്യമയങ്ങളായ ചോദ്യങ്ങൾക്കു് വ്യക്തമായ
ഉത്തരം കണ്ടുപിടിക്കുവാനുള്ള സാഹസിക ശ്രമ
മാണു് ഗ്രന്ഥകാരൻ ഈ ഗ്രന്ഥത്തിൽ നടത്തിയി
രിക്കുന്നതു്. മരണവും മരണാനന്തര ജീവിതവും
എന്ന ഭാഗം ഇതിനു് ഉത്തമ ദൃഷ്ടാന്തമാണു്.
സാമാന്യ ജനങ്ങൾക്കും മനസ്സിലാകത്തക്ക രീതി
യിലാണു് പ്രതിപാദനം."

പ്രൊഫ: ജി. ബാലകൃഷ്ണൻനായർ.
യൂണിവേഴ്സിറ്റി കോളേജ്,
തിരുവനന്തപുരം.

# ജീവിത വിമർശനം

ശ്രീനാരായണ ഗുരുവിന്റെ
തത്വചിന്താസൂക്തകങ്ങളുടെ വെളിച്ചത്തിൽ.

V. K. KESAVAN,
VILAYATHU,
KANJAVELY. P. O.
PERINAD, QUILON.



VIVEKANANDA LIBRARY (P)
Founded By
VILAYATHU KRISHNAN ASAN IN 1898
VILAYATHU,
KANJAVELI (P.O.) QUILON;
KERALA INDIA.

ഗ്രന്ഥകർത്താവു്:

കോട്ടൂക്കോയിക്കൽ വേലായുധൻ.

Indic Digital Archive Foundation
gpura.org